ജൂൺ2018

Price ₹ 25

ജീവനും വെളിച്ചവും

പ്രകൃതിയെയും മനുഷ്യനെയും
സ്നേഹിക്കാൻ പഠിപ്പിക്കുന്ന സുശക്തവും
സുസ്ഥിരവും പുരോഗമനോന്മുഖവുമായ
ഒരു വിദ്യാഭ്യാസ സമ്പ്രദായമാണ്
ഇന്നിന്റെ ആവശ്യം

ഏഷ്യയിലെ പ്രഥമ രൂപതയായ
കൊല്ലം രൂപതയുടെ നാലാമത് തദ്ദേശീയ
മെത്രാനായി അഭിഷിക്തനാകുന്ന
റവ. ഡോ. പോൾ ആന്റണി മുല്ലശേരിക്ക്
തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ
സ്നേഹനിർഭരമായ
പ്രാർത്ഥനാശംസകൾ ...

ജീവനും വെളിച്ചവും

തിരുവനന്തപുരം
ലത്തീൻ അതിരൂപത
പ്രസിദ്ധീകരണം

2018 ജൂൺ
പുസ്തകം - 42 ലക്കം - 6
വില 25 രൂപ (വാർഷിക വരിസംഖ്യ: 300 രൂപ)

ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, തിരുവനന്തപുരം-695 003.
ഫോൺ: 2724001.
www.latinarchdiocesetrivandrum.org
jeevanumvelichavum@gmail.com

രക്ഷാധികാരി
മോസ്റ്റ് റവ. ഡോ. സൂസപാക്യം
സഹ രക്ഷാധികാരി
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്
മോൺ. യൂജിൻ എച്ച് പെരേര
ഉപദേശക സമിതി
ഫാ. എഡിസൺ വൈ.എം.
ഫാ. ലോറൻസ് കുലാസ്
ഫാ. ഡൈസൺ
ഫാ. ലെനിൻ രാജ്
ഫാ. മൈക്കിൾ തോമസ്
ഫാ. ലെനിൻ ഫെർണാണ്ടസ്
ഫാ. ജോൺ എ.ആർ.
എം. ആർക്കാഞ്ചലോ
പി. ശശിധരൻ
പത്രാധിപർ
ഫാ. തോമസ് ജെ. നെറ്റോ
സഹ പത്രാധിപർ
ഫാ. വിക്ടർ എവരിസ്റ്റസ്
അഗസ്റ്റിൻ കണിപ്പിള്ളി
ഫാ. ദീപക് ആന്റോ
പത്രാധിപ സമിതി
ഡോ. ഐറിസ്
ലോറൻസ് ഫെർണാണ്ടസ്
സി. ലിസ്യൂ വർഗ്ഗീസ് എസ്.വി.സി.
അഡ്വ. എം.എ.ഫ്രാൻസിസ്
ബർണാഡ് മൊറായിസ് ജെ.
ഓഫീസ് നിർവ്വഹണം
സി. ലീല മുഴയിൽ ഡി.എസ്.പി
രൂപകല്പന
സുനിൽകുമാർ

മുഖവിചാരം

പരിസ്ഥിതി ദിനം
പ്രപഞ്ച മർമ്മരങ്ങളുടെ ഓർമ്മപ്പെടുത്തൽ

ഓരോ പരിസ്ഥിതി ദിനവും ഓർമ്മപ്പെടുത്തലാണ്
നാം നടന്ന വഴികളുടെ, നാം വളർന്ന നാടിന്റെ
നമ്മുടെ ചുറ്റുപാടുകളുടെ, നമ്മുടെ ബന്ധങ്ങളുടെ
ഈ പ്രപഞ്ചത്തിന്റെ മർമ്മരങ്ങളുടെ ഓർമ്മപ്പെടുത്തൽ!

കടലും, കാടും ഇടചേർന്ന ഭൂമി
പുഴകളും, കുന്നുകളും ഇടതൂർന്ന ഭൂമി
സർവ്വചരാചരങ്ങളെയും വിരിമാറിലേറ്റുന്ന
പ്രപഞ്ച സൃഷ്ടാവിന്റെ വൈഭവം വിളിച്ചോതുന്നു.

ഭൂമി ദേവിയാണ്, കടൽ അമ്മയാണ്
ഈ ദേവ, മാതൃ സങ്കല്പങ്ങളാകണം
ഭൂമിയെയും, മണ്ണിനെയും മലകളെയും
പുഴകളെയും സമീപിക്കുമ്പോൾ
സ്രഷ്ടങ്ങൾക്കുണ്ടാകേണ്ടത്.

ഈ ആരവങ്ങളുടെ ഓർമ്മപ്പെടുത്തലാണ്
കുരുന്നുകൾ പുത്തനുടുപ്പും, പുത്തൻ ബാഗുക
ളുമേന്തി ഇടവമാസപ്പുലരികളിൽ
തുള്ളിച്ചാടി അംഗനവാടികളിലേക്കും
മോണ്ടിസോറികളിലേക്കും ഓടുമ്പോഴത്തെ
മഴത്തുള്ളികൾ.
മുതിർന്ന മനസ്സുകൾക്ക് അരോചകമെങ്കിലും
കുരുന്നു മനസ്സുകൾ ഓടിക്കളിക്കാനിഷ്ടപ്പെടുന്ന കാലം.

ഭൂമിയുടെ മർമ്മരങ്ങളോട് ചേർന്നുള്ള
കുട്ടിക്കൂട്ടങ്ങളുടെ താളച്ചുവടുകളും
ആർപ്പുവിളികളും ചേതോഹരം
പ്രകൃതിയോടൊത്ത്, ഭൂമിയോടൊത്ത്
മണ്ണിനോടും, ജലകണങ്ങളോടുമൊത്ത്
പുതിയ അദ്ധ്യായനവർഷം കുറിച്ച്
സ്കൂളുകളിലേക്ക് ആദ്യ ചുവടുകൾ വയ്ക്കുന്ന
കുട്ടികൾക്കും, അവരെ സ്വീകരിക്കാനൊരുങ്ങുന്ന
അദ്ധ്യാപകർക്കും, രക്ഷിതാക്കൾക്കും
കലാലയങ്ങൾക്കും കുരുന്നുമനസ്സുകളുടെ
സ്വപ്നങ്ങൾക്ക് ചിറകുവിരിക്കാൻ
ഇടമൊരുക്കാനാകട്ടെ !

- പത്രാധിപർ

പ്രതികരണങ്ങൾ

ഈ ദുരന്തങ്ങൾക്ക് അറുതിയില്ലേ

നമ്മുടെ രാഷ്ട്രം എങ്ങോട്ട്? ലേഖനം നന്നായിരുന്നു. ഇന്ത്യ ക്ഷേമ ക്ഷേത്രമല്ല, ക്ഷാമരാഷ്ട്രമാണ്. കോർപ്പറേറ്റുകൾ പണം കുന്നുകൂട്ടുമ്പോൾ പാവപ്പെട്ടവൻ കൂടുതൽ ദരിദ്രരാകുന്നു. ഇന്ധന വില റോക്കറ്റുപോലെ കുതിച്ചുയരുമ്പോൾ മോദിജി വിമാനത്തിൽ ലോകസഞ്ചാരം നടത്താനുള്ള രാജ്യങ്ങളുടെ പേര് ഭൂപടത്തിൽ നോക്കി എഴുതിക്കൊണ്ടിരിക്കുന്നു! അച്ചാ ദിൻ അല്ല "അയ്യയ്യേ ദിനങ്ങളുടെ വരവാണ്." ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ കുതിക്കുകയല്ല, കിതയ്ക്കുകയാണ്. ദരിദ്രനാരായണന്മാർ പെരുകുമ്പോൾ ഇല്ലാത്ത വളർച്ച പെരുപ്പിച്ചുകാട്ടി ഭരണാധികാരികൾ മേന്മ നടിക്കുന്നു. നോട്ട് നിരോധനവും ജിഎസ്ടിയും വന്നപ്പോൾ ജനത ഓട്ടക്കലങ്ങളായി മാറുകയാണ് ചെയ്തത്. പണം വാരിയെറിഞ്ഞ് തെരഞ്ഞെടുപ്പുകളിൽ വിജയിക്കുകയും കുതിരക്കച്ചവടം നടത്തി ഭരണം പിടിച്ചെടുക്കുകയും ചെയ്യുന്ന മോദി-അമിത്ഷാ കൂട്ടുകെട്ട് രാജ്യത്തിനാപത്താണ്. രാജ്യസഭയിൽക്കൂടി ഭൂരിപക്ഷം നേടിയാൽ മോദി എന്തും ചെയ്യാൻ മടിക്കില്ലെന്ന് ആർക്കാണ് അറിഞ്ഞുകൂടാത്തത്?

- വിയാനാ ജെറാൾഡ്

നമ്മുടെ നാടിനെ ഓർത്ത് ലജ്ജിക്കുക തന്നെ വേണം

'എന്റെ നാടേ ലജ്ജിച്ചു തലതാഴ്ത്തുക' അഗസ്റ്റിൻ കണിപ്പിള്ളി എഴുതിയതുവായിച്ചു. പരിഷ്കൃത ലോകത്തിൽ ഇന്ത്യാ മഹാ രാജ്യത്തു നടക്കുന്ന നാണം കെട്ട സംഭവങ്ങൾ ഓരോ ഭാരതീയന്റെയും ശിരസ് അപമാന ഭാരത്താൽ കുനിയാൻ ഇടയാകുന്നു. രാജ്യം പുരോഗതിയിലേക്ക് കുതിക്കുന്നുവെന്ന് നാഴികയ്ക്ക് നാലുവട്ടം പറയുന്ന ഭരണാധികാരികൾ രാജ്യത്ത് ജനങ്ങളുടെ ജീവനും സ്വത്തിനും അവന്റെ ആത്മാഭിമാനത്തിനും സ്വാതന്ത്ര്യത്തിനും സ്വത്വത്തിനും സംരക്ഷണം നൽകുന്നതിൽ അമ്പേ പരാജയപ്പെട്ടിരിക്കുന്നു. ലോകമെങ്ങും ചുറ്റി വിനോദ സഞ്ചാരം നടത്തുന്ന പ്രധാനമന്ത്രി ഇതൊന്നും അറിയാത്ത മട്ടിൽ മൗനവ്രതത്തിലുമാണ്.

കേരളത്തിലെ സ്ഥിതിയും വ്യത്യസ്തമല്ല. പാടത്തു പണി വരമ്പത്തു കൂലി എന്ന മട്ടിൽ കൊല്ലിനും കൊലയ്ക്കും ഇവിടെ ഒരു പഞ്ഞവുമില്ല. വിദേശ വനിത ലിഗ കോവളത്ത് പീഡനത്തിനിരയായി കൊല്ലപ്പെട്ടത് ഇന്ത്യയിലേക്കുള്ള വിനോദ സഞ്ചാരികളുടെ വരവിനെ ഗണ്യമായി ബാധിക്കുമെന്നതിൽ സംശയമില്ല. ഇതെഴുതിക്കൊണ്ടിരിക്കുമ്പോൾ കുമ്പേരൻ തീയേറ്ററിൽ ബാലികയെ പീഡിപ്പിക്കുന്ന അത്യന്തം ലജ്ജാകരമായ വാർത്തയും പുറത്തുവന്നിരിക്കുന്നു. പോലീസ് സമ്മേളനത്തിൽ ചെങ്കുപ്പായം ധരിച്ചുവന്ന ചുവന്ന പോലീസ് നൽകുന്ന സന്ദേശവും നല്ലതല്ല.

- ജെറാൾഡ് ബി.മിരാൻഡ

നിയമങ്ങൾക്ക് മാനുഷിക മുഖം വേണം

നേർക്കാഴ്ച വായിച്ചു. പരിപാവനമായ നിയമസഭയിൽ ഭരണപ്രതിപക്ഷങ്ങൾ യോജിപ്പോടെ പാസാക്കിയ ബിൽ പരമോന്നത നീതിപീഠം സ്റ്റേ ചെയ്തത് നല്ലകാര്യം. മാനേജ്മെന്റുകളും ഭരണപ്രതിപക്ഷങ്ങളും വെട്ടിലായി. മാനേജ്മെന്റുകൾ വഴി ലഭിച്ചേക്കാവുന്ന പാർട്ടി ഫണ്ടും വേണ്ടപ്പെട്ടവർക്കു ലഭിക്കുന്ന സീറ്റുകളിലുമായിരുന്നു പാർട്ടിക്കാരുടെ കണ്ണ് ! മെരിറ്റില്ല 'മണി'യാണ് എല്ലാവരും ഉറ്റുനോക്കുന്നത്. ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ കാരുണ്യത്തിന്റെ കൈയൊപ്പ് ചാർത്തിയ സഭയുടെ വർത്തമാനകാല മാനുഷികമുഖം സുതാര്യമാണെന്ന് പറയുക അസാധ്യം. അക്കാര്യത്തിൽ ആത്മപരിശോധനയും ആത്മാർത്ഥമായ ഇടപെലും അനിവാര്യം.

- ജാളി ചെമ്പകമംഗലം

കനലെരിയുന്ന കടലോരം

ഓഖിയുടെ ബാക്കിപത്രം വായിച്ചു. തീരദേശത്തെ ഹതഭാഗ്യരായ മത്സ്യത്തൊഴിലാളിയുടെ ജീവിതം എന്നും ദുരിതങ്ങളുടെ സങ്കടക്കടലിലാണ്. കലി തുള്ളിയെത്തുന്ന കാലവർഷം മത്സ്യത്തൊഴിലാളികളുടെ ദുർബലമായ വീടുകളെ നിലംപരിശാക്കുന്നു. സുരക്ഷിതമായ ഭവനങ്ങൾ മത്സ്യത്തൊഴിലാളികളുടെയും ആവശ്യവും അവകാശവുമാണ്. തീരദേശ ഗ്രാമങ്ങളിൽ ഇന്നും അതിരൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. ജനങ്ങൾ തിങ്ങിപ്പാർക്കുന്നതുമൂലം പരിസരങ്ങൾ വൃത്തിഹീനവുമാണ്. ജനങ്ങൾക്ക് അന്തസ്സോടെ ജീവിക്കാനുള്ള സാഹചര്യം സ്വാതന്ത്ര്യം കിട്ടി 70 വർഷം കഴിഞ്ഞിട്ടും ഭരണാധികാരികൾക്ക് ഒരുക്കാൻ കഴിയാത്തത് ഖേദകരം തന്നെ. ഓഖി ദുരന്തത്തിന് ശേഷം ഇനിയും കടലമ്മ ശാന്തമായിട്ടില്ല. അതുപോലെ പ്രക്ഷുബ്ധമാണ് കടലിന്റെ മക്കളുടെ ജീവിതവും. കടലെടുത്ത വീട് നോക്കി കനലെരിയുന്ന മനസ്സോടെ നിൽക്കുന്ന മത്സ്യത്തൊഴിലാളികളുടെ ചിത്രം കേരളത്തെ നൊമ്പരപ്പെടുത്തുന്ന സങ്കടക്കാഴ്ചയാണ്.

- വിജയമ്മ, ജൂബിലി ആശുപത്രി.

താളുകളിൽ

ലേഖനം

6 പൊതുവിദ്യാഭ്യാസ മേഖല കുതിപ്പിലേക്ക്
പ്രൊഫ. സി.രവീന്ദ്രനാഥ്
8 മാതാപിതാക്കൾ അറിയാൻ
ഫാ. എ.ആർ.ജോൺ
12 പരിസ്ഥിതിക്കുവേണ്ടിയുള്ള ചില ഓർമപ്പെടുത്തലുകൾ
നോബർട്ട് പനിപ്പിള്ള
18 ഉത്തരവാദിത്തപൂർണമായ യുവജന അജപാലനം
ഫാ. ലോറൻസ് കുലാസ്
22 ദുരഭിമാനം വരുത്തുന്ന ഭരണപരാജയങ്ങൾ
ആഗസ്റ്റിൻ കണിപ്പിള്ളി
31 ലഹരിവിപത്തിനെതിരെ ജനകീയ മുന്നേറ്റം ഉയരണം
വി.എം.സുധീരൻ

സ്ഥിരം പംക്തികൾ

11 അല്മായ വേദി
17 അജപാലനം
21 കാനോൻ നിയമത്തിൽ
24 വാർത്തകൾ
32 നീർച്ചാലുകൾ
38 വചനജ്വാല
40 ഇളംതുവൽ
42 നേർക്കാഴ്ച
ജെ.സി.

ലേഖനം

പ്രൊഫ. സി. രവീന്ദ്രനാഥ്
ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി

പൊതുവിദ്യാഭ്യാസ മേഖല കുതിപ്പിലേക്ക്

പുതുമകളോടെ പുതിയൊരു അധ്യായനവർഷം കൂടി പിറവികൊള്ളുകയാണ്. മുൻവർഷങ്ങളെ അപേക്ഷിച്ച് കേരളത്തിന്റെ വിദ്യാഭ്യാസമേഖലയിൽ നവീന മാറ്റങ്ങൾ കൊണ്ടുവരാൻ കഴിഞ്ഞുവെന്നതാണ് ഈ വർഷത്തിന്റെ പ്രത്യേകത

കേരളീയ വിദ്യാഭ്യാസ വികാസത്തിൽ പുത്തൻ ഉണർവ്വ് പ്രദാനം ചെയ്ത് മുന്നേറുകയാണ് നവകേരള കർമ്മ പരിപാടിയുടെ ഭാഗമായ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം. കേരളീയ സമൂഹം ഉയർത്തിപ്പിടിക്കുന്ന ജീവിതവീക്ഷണവും ജനാധിപത്യവും മതനിരപേക്ഷതയും അടിത്തറയാക്കിയുള്ള മൂല്യബോധവും ലോക സമൂഹത്തിന് മാതൃകയാണ്. ജാതിമത സാമ്പത്തിക വ്യത്യാസമില്ലാതെയും ലിംഗവ്യത്യാസമില്ലാതെയും പൊതുവിദ്യാലയങ്ങളിൽ ഒന്നിച്ചു ചേർന്ന് പഠിക്കാനവസരം ലഭിച്ചതാണ് മുകളിൽ പറഞ്ഞ മൂല്യബോധം വളരാനുള്ള പശ്ചാത്തലം ഒരുക്കിയത്. നവോത്ഥാന മുന്നേറ്റങ്ങളും അതിന്റെ തുടർച്ചയായി പുരോഗമന പ്രസ്ഥാനങ്ങളും അവകാശബോധം ഉൾക്കരുത്താക്കി മാറ്റിയ സമൂഹത്തിലെ ഇതര വിഭാഗങ്ങളും പകർന്ന ഉണർവ്വാണ് കേരളത്തെ ലോകത്തിന്റെ ശ്രദ്ധാകേന്ദ്രമാക്കിയത്.

കേരളീയ വളർച്ചയുടെയും വികാസത്തിന്റെയും ഭാഗമായി വളർന്ന ദൗർബല്യങ്ങൾ നാം നേടിയ നേട്ടങ്ങളെയെല്ലാം അപ്രസക്തമാക്കുമോ എന്ന ചിന്ത സമൂഹത്തിൽ പ്രബലമായി. 1990 കൾ മുതൽ ലോകത്തിൽ വന്ന, അതും സാമ്പത്തികമായി വന്ന മാറ്റങ്ങൾക്കനുസൃതമായി അവഗണിക്കാൻ പറ്റാത്ത ഒരു വിഭാഗം ജനതയുടെ മനോഭാവത്തിൽ മാറ്റങ്ങൾ പ്രകടമായി. പൊതുസംരംഭങ്ങളെ പല കാരണങ്ങളാൽ അവഗണിക്കുന്ന ഒരു അവസ്ഥ സംജാതമായി. വിദ്യാഭ്യാസ രംഗത്ത് ഗുണമേന്മയായിരുന്നു ഇതിനായി മുന്നോട്ടു വച്ച കാരണം. ഈ ഒരു പ്രശ്നത്തെ അഭിമുഖീകരിക്കണമെങ്കിൽ സുസ്ഥിരവും സുശക്തവും പുരോഗമനോന്മുഖവുമായ വിദ്യാഭ്യാസ സംവിധാനം ആവശ്യമാണ്. വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കത്തിലും വിനിമയത്തിലും ഘടനയിലും ഒക്കെ ഇതിനായി കാലോചിതമായ മാറ്റങ്ങൾ വരുത്തേണ്ടി വരും. ഇങ്ങനെ നടക്കുന്ന എല്ലാ പ്രക്രിയയിലും ജനങ്ങളുടെ അഭിപ്രായം തേടുകയും അവരുടെ വർദ്ധിതമായ പങ്കാളിത്തം ഉറപ്പാക്കുകയും വേണം. പൊതുവിദ്യാലയങ്ങളിൽ എത്തിച്ചേരുന്ന മുഴുവൻ കുട്ടികൾ

ക്കും തുല്യതയുടെ അടിത്തറയിൽ നിന്നുകൊണ്ട് മികച്ച വിദ്യാഭ്യാസം ഉറപ്പാക്കണം. ഇതിനു കഴിയണമെങ്കിൽ പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാൻ കഴിയണം. സമൂഹവും അദ്ധ്യാപകരും ഭരണസവിധാനങ്ങളുമെല്ലാം ഒരുമിച്ച് നിന്നുള്ള കൂട്ടായ ശ്രമമാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം.

ഇതിന്റെ ഭാഗമായി നടക്കുന്ന പ്രവർത്തനങ്ങളെ ചുവടെ പറയുവിധം സംഗ്രഹിക്കാം,

1. ഭൗതിക സൗകര്യ വികസനം : ഘട്ടംഘട്ടമായാണ് ഭൗതിക സൗകര്യ വികസനം ലക്ഷ്യമിടുന്നത്. ഇതിനായി വലിയ തോതിലുള്ള ജനകീയ സഹകരണം പ്രതീക്ഷിക്കുന്നുണ്ട്.

കെട്ടിട നിർമ്മാണം

1) നിയോജകമണ്ഡലത്തിൽ ഒന്ന് എന്ന നിലയിൽ വിദ്യാലയങ്ങളിലെ ഭൗതിക സൗകര്യങ്ങളെ അന്താരാഷ്ട്ര തലത്തിലെത്തിക്കാനായി കിഫ്ബിയുടെ സഹായത്തോടെ സർക്കാർ നല്കുന്ന 5 കോടി രൂപ കെട്ടിടങ്ങൾ നിർമ്മിക്കാനാവശ്യമായ നടപടി ക്രമങ്ങൾ അന്തിമ ഘട്ടത്തിലാണ്.

2) ആയിരത്തിലധികം കുട്ടികൾ പഠിക്കുന്ന 229 സ്കൂളുകൾക്ക് കിഫ്ബി സഹായത്തോടെ 3 കോടി രൂപ നല്കി കെട്ടിടങ്ങൾ നിർമ്മിക്കുന്നു. അവയിൽ 70 എണ്ണത്തിന്റെ നിർമ്മാണത്തിനുള്ള നടപടി ക്രമങ്ങൾ എല്ലാം പൂർത്തിയായി. ഇവയുടെ നിർമ്മാണോദ്ഘാടനവും ഉടനെ നടക്കും.

സാങ്കേതിക വിദ്യാ സൗഹൃദ ക്ലാസ് മുറികൾ

ആധുനിക സാങ്കേതിക വിദ്യകളെ ക്ലാസ് മുറി വിനിമയത്തിന്റെ അവിഭാജ്യ ഭാഗമാക്കുന്നതിന്റെ ഭാഗമായി 8 മുതൽ 12 വരെയുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ 45,000 ക്ലാസ് മുറികളെ ഹൈടെക് ആക്കി മാറ്റുന്ന പ്രവർത്തനം ആരഭിച്ചു. 2018 ജൂൺ മാസത്തോടെ ഇതു പൂർത്തിയാകും. ഇതോടൊപ്പം രക്ഷിതാക്കളുടെയും പൂർവ്വ വിദ്യാർത്ഥികളുടെയും സഹകരണത്തോടെ പ്രൈമറി ക്ലാസുകൾ ഹൈടെക് ആക്കുന്ന പ്രവർത്തനങ്ങളും നടന്നുവരുന്നു. 2018-19 ബജറ്റിൽ മുഴുവൻ പ്രൈമറി സ്കൂളുകളിലും കമ്പ്യൂട്ടർലാബ് നല്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

അക്കാദമിക പ്രവർത്തനങ്ങൾ സമഗ്ര പഠന വിഭവ പോർട്ടൽ

ക്ലാസ് മുറികൾ സാങ്കേതിക വിദ്യാ സൗഹൃദമാക്കുന്നതോടൊപ്പം, ഈ സാദ്ധ്യത പ്രയോജനപ്പെടുത്താനുള്ള വിഭവങ്ങൾ വികസിപ്പിക്കേണ്ടതുണ്ട്. ഇത്തരം വിഭവങ്ങൾ അദ്ധ്യാപകരുടെ സമഗ്ര ആസൂത്രണത്തിന്റെ ഭാഗമാക്കുകയും വേണം. ഇതിനായി വികസിപ്പിക്കുന്ന ഇ-പ്ലാറ്റ്ഫോമാണ് സമഗ്ര വിഭവ പോർട്ടൽ. വിവിധ വിഷയങ്ങളിൽ പ്രാവീണ്യമുള്ള അദ്ധ്യാപകരുടെയും സാങ്കേതിക വിദഗ്ദ്ധരുടെയും സഹായത്തോടെ സമഗ്ര വിഭവ

പോർട്ടലിലേക്ക് വിഭവങ്ങൾ തയ്യാറാക്കി വരുന്നു. 2018-19 അക്കാദമിക വർഷം ഹൈസ്കൂൾ, ഹയർ സെക്കന്ററി ക്ലാസുകൾ ഹൈടെക് ആകുന്നതോടു കൂടി അവയെ പ്രയോജനപ്പെടുത്തി, അതിനായുള്ള വിഭവങ്ങൾ സമഗ്ര പോർട്ടലിൽ ലഭ്യമാക്കും.

ഗുണമേന്മാ വിദ്യാഭ്യാസം

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന പൊതുകാഴ്ചപ്പാട് സാർത്ഥകമാക്കാൻ വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുകയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം. ഇതിലേക്കുള്ള നിരവധി പ്രവർത്തങ്ങൾ 2017-18 അക്കാദമിക വർഷം നടപ്പാക്കിയിട്ടുണ്ട്. കുട്ടികളെ സ്വതന്ത്ര വായനയിലേക്ക് നയിക്കാൻ സഹായകമായ വിധത്തിൽ മലയാള ഭാഷാപഠനത്തിനായി മലയാളത്തിളക്കം, ഇംഗ്ലീഷ് ഭാഷാ പഠനത്തിനായി ഹലോ ഇംഗ്ലീഷ്, ഹിന്ദി ഭാഷാ പഠനത്തിനായി സുരീലി ഹിന്ദി, ഗണിത പഠനം മെച്ചപ്പെടുത്താൻ ഗണിതം വിജയം, പിന്നാക്കം നില്കുന്ന കുട്ടികളെ അഭിമുഖീകരിക്കുന്നതിനായി ശ്രദ്ധ, സെക്കന്ററി തലത്തിൽ നവപ്രഭ, തുടങ്ങിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി. അദ്ധ്യാപകരുടെയും രക്ഷാകർത്താക്കളുടെയും മുൻ കൈയോടെ ഒട്ടനവധി പ്രായോഗിക പദ്ധതികൾ സംസ്ഥാനത്തെമ്പാടും നടന്നിട്ടുണ്ട്.

അക്കാദമിക് മാസ്റ്റർ പ്ലാൻ

വിദ്യാഭ്യാസരംഗത്തെ രണ്ടാം തലമുറ പ്രശ്നങ്ങളാണ് നാം അഭിമുഖീകരിക്കേണ്ടത്. അവ തുല്യതയുടെയും പ്രയോജനത്തിന്റേതുമാണ്. ഇത് അഭിമുഖീകരിക്കണമെങ്കിൽ ഓരോ കുട്ടിയേയും ലക്ഷ്യം വച്ചുകൊണ്ടുള്ള പ്രായോഗിക പദ്ധതികൾ അനിവാര്യമാണ്. അതുകൊണ്ട് ഓരോ കുട്ടിയേയും ലക്ഷ്യം വച്ചുകൊണ്ട് ഓരോ വിദ്യാലയവും തയ്യാറാക്കുന്ന അക്കാദമിക വികസന രേഖയാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ. സമയബന്ധിതമായി കേരളത്തിലെ മുഴുവൻ സ്കൂളുകളും 2018 ഫെബ്രുവരി അവസാനത്തോടെ അക്കാദമിക് മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുകയും പൊതു സമൂഹത്തിനു മുന്നിൽ സമർപ്പിക്കുകയുമുണ്ടായി. പ്രസ്തുത മാസ്റ്റർ പ്ലാൻ പ്രായോഗിക പദ്ധതിയാക്കുന്ന പ്രവർത്തനത്തിലാണ് സ്കൂളുകൾ ഇപ്പോൾ ശ്രദ്ധിക്കുന്നത്.

രക്ഷാകർതൃ വിദ്യാഭ്യാസം

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന് വളരെ വലിയ തോതിലുള്ള ജനപിന്തുണ ലഭിക്കുന്നുണ്ട്. ഇതിന്റെ ആദ്യഘട്ടത്തിൽ നടന്ന വികസന

സെമിനാറുകളിൽ വൻ പങ്കാളിത്തം ഉണ്ടായി. സ്കൂളിന്റെ വികാസത്തിന് വലിയ തോതിലുള്ള സാമ്പത്തിക പിന്തുണ അടക്കമുള്ള വിഭവ പിന്തുണ സമൂഹം നല്കുകയുണ്ടായി. വിദ്യാഭ്യാസത്തിൽ രക്ഷാകർത്താക്കൾക്ക് അർത്ഥപൂർണ്ണമായി ഇടപെടാൻ സഹായിക്കുന്നതിന് വേണ്ടി വിദ്യാഭ്യാസത്തിന്റെ ലക്ഷ്യവും, ഇന്നത്തെ കേരളീയ വിദ്യാഭ്യാസ പ്രതിസന്ധികളും അതു തരണം ചെയ്യാനുള്ള മാർഗങ്ങളുടെ അന്വേഷണം എങ്ങിനെയാകാം എന്നതു സംബന്ധിച്ച് എസ്.സി.ഇ.ആർ.ടി തയ്യാറാക്കിയ കൈപുസ്തകത്തിന്റെ അടിസ്ഥാനത്തിൽ വ്യാപകമായ രക്ഷാകർതൃ സംവാദങ്ങൾ നടക്കുകയുണ്ടായി. എല്ലാ വിദ്യാലയങ്ങളിലും നടന്ന രക്ഷാകർതൃ വിദ്യാഭ്യാസ പരിപാടി ജനകീയ വിദ്യാഭ്യാസ സംവാദ സദസ്സുകളായി മാറുകയുണ്ടായി.

മികവുത്സവങ്ങൾ

കുട്ടികളുടെ മികവുകൾ സമൂഹവുമായി പങ്കുവെക്കാനും, അതുവഴി പൊതുസമൂഹത്തിന് പ്രവർത്തനങ്ങളെ അറിയാനും, കുട്ടികളെ അംഗീകരിക്കാനുമായാണ് ഏപ്രിൽ മാസം മികവുത്സവങ്ങൾ നടത്തിയത്. നടന്ന ഇടങ്ങളിലെല്ലാം ആവേശകരമായ അനുഭവങ്ങളാണ് ഈ പരിപാടി സമ്മാനിച്ചത്. കുട്ടികളുടെ ആത്മവിശ്വാസം ബോദ്ധ്യപ്പെടാനും അവരുടെ അറിവിന്റെയും കഴിവിന്റെയും തലങ്ങളുടെ നേർസാക്ഷികളാകാനും സമൂഹത്തിന് കഴിയണം. പലയിടങ്ങളിലും കുട്ടികളുടെ വീടുകളിൽ കൂട്ടായ സന്ദർശനവും നടന്നു.

എയ്ഡഡ് സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനുള്ള ചലഞ്ച് ഫണ്ട് ഈ വർഷം ആവിഷ്കരിച്ചു. മാനേജർമാർ/സ്കൂൾ സമൂഹം എത്ര തുക ചെലവഴിക്കുന്നുവോ അതിനായുള്ള മാച്ചിംഗ് ഗ്രാന്റ് പരമാവധി ഒരു കോടി രൂപ എന്ന നിലയിൽ സർക്കാരും നല്കുന്ന പദ്ധതിയാണിത്.

201819 വർഷത്തെ ബജറ്റിൽ ഭൗതിക സൗകര്യ വികസനത്തിനും, അക്കാദമിക കാര്യങ്ങൾക്കും, സാങ്കേതിക സൗഹൃദ പഠനാന്തരീക്ഷം ഒരുക്കുന്നതിനും വലിയ തോതിൽ തുക വകയിരുത്തിയിട്ടുണ്ട്. പൊതുവിദ്യാലയങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള സർക്കാരിന്റെ പ്രതിജ്ഞാബദ്ധത ഇതിൽ നിന്നെല്ലാം വ്യക്തമാണ്. ■

മാതാപിതാക്കൾ

മക്കളെ ഭയക്കുന്ന മാതാപിതാക്കളും മാതാപിതാക്കളെ വകവയ്ക്കാത്ത മക്കളും കൂടി വരികയാണ്. 'ഇവരെന്തേ ഇങ്ങനെയായിപ്പോയത്' എന്ന് സമൂഹവും ഏത് വഴിയിലൂടെയാണ് തങ്ങളുടെ മക്കളെ വീണ്ടെടുക്കാമെന്ന് അറിയാതെ പകച്ചുനിൽക്കുന്ന മാതാപിതാക്കളും നമ്മുടെ മുൻപിലുണ്ട്. എന്തുതന്നെയായാലും നാടിന്റെ ഭാവിയും കുടുംബത്തിന്റെ സുരക്ഷിതത്വവും സമാധാനവും കുഞ്ഞുങ്ങളുടെ കൈകളിലാണ്. സഭയുടെ കാര്യത്തിൽ, സഭ പോലും ഈ സത്യം തിരിച്ചറിഞ്ഞു. അതിനാലാണ് ജോൺപോൾ 2-ാം മാർപാപ്പ പറഞ്ഞത് ഇനി സഭയ്ക്ക് ഒരു വഴിയുണ്ടെങ്കിൽ അത് കുടുംബങ്ങളിലൂടെയുള്ള വഴിയാണെന്ന്.

മക്കളെ വളർത്താൻ ബുദ്ധിമുട്ടുന്ന മാതാപിതാക്കൾക്ക് പത്ത് ചിന്തകൾ കുറിക്കുകയാണ്.

1. അവരെ തടയരുത്

കുട്ടികളെ തന്റെ അടുക്കൽ കൊണ്ടുവരാൻ ശ്രമിച്ച മാതാപിതാക്കളെ തടഞ്ഞ ശിഷ്യന്മാരോട് യേശു പറഞ്ഞതാണ്, 'അവരെ തടയരുത്' എന്ന്. ഇന്ന് പള്ളിയും പാതിരിയുമല്ല സ്വന്തം മാതാപിതാക്കൾ തന്നെ മക്കളെ ദൈവത്തിന്റെ അടുക്കൽ വരുന്നതിൽ നിന്നും ദൈവാലയത്തിൽ വരുന്നതിൽ നിന്നും തടസം സൃഷ്ടിക്കുന്നത്. ഓരോ മക്കളിലൂടെ ലോകത്ത് അത്ഭുതങ്ങൾ നടത്താൻ ദൈവം ആഗ്രഹിക്കുന്നു. അതുകൊണ്ടല്ലേ തന്റെ മുൻപിലിരുന്ന കുഞ്ഞിന്റെ കൈയിലെ അഞ്ചപ്പംകൊണ്ട് അയ്യായിരം പേരെ തീറ്റി യേശു അത്ഭുതം നടത്തിയത്. അവിടെ വന്നിക്കേണ്ടത് അവന്റെ വിഭങ്ങളോടെ അവനെ യേശുവിന്റെ മുൻപിൽ എത്തിച്ച യേശുവിന്റെ കണ്ണെത്തും ദൂരത്തിൽ, കൈ അകലത്തിനുള്ളിൽ ഇരുത്തിയ അവന്റെ മാതാപിതാക്കളെയാണ്.

തിരുവചനത്തിൽ 'പതിവു പോലെ' എന്ന വചനത്തിനാലാണ് യേശുവിന്റെ മാതാപിതാക്കൾ യേശുവിനെ വളർത്തിയത്. 'പതിവു

ലേഖനം

ഫാ. എ. ആർ. ജോൺ

**മക്കളെ പോറ്റി വളർത്തിയാൽ മാത്രം പോര.
അവരെ അടുത്തറിയണം.
അവരുടെ വികാരവിചാരങ്ങളറിയണം.
അവരെ നന്മയിലേക്ക്, വിജ്ഞാനത്തിലേക്ക്
കൈപിടിച്ചു നടത്തണം.
ആയതിന് ഇതാ പത്ത് മാർഗങ്ങൾ**

അറിയാൻ

പോലെ ദൈവാലയത്തിൽ പോയി, പതിവുപോലെ 40-ാം നാൾ ഉണ്ണിയെ സമർപ്പിക്കാൻ ദൈവാലയത്തിൽ പോയി, പതിവുപോലെ സിനഗോഗിൽ പോയി, പതിവുപോലെ വായിക്കാൻ എഴുന്നേറ്റു... നല്ല പതിവുകൾ മക്കളെ പഠിപ്പിക്കുന്നതാണ് മാതാപിതാക്കളുടെ പ്രഥമവും പ്രധാനവുമായ കർത്തവ്യം. 'അമൊരിസ് ലത്തീസയിൽ' ഫ്രാൻസിസ് പാപ്പ പറയുന്നു, 'കുടുംബം ഭവനത്തിൽ സമ്മേളിക്കുന്ന സഭയാണ്. മാതാപിതാക്കൾ വിശ്വാസത്തിന്റെ കാര്യത്തിൽ പ്രഥമ അധ്യാപകരാണ്.'

2. അനുഭവങ്ങൾ നൽകുക

മാതാപിതാക്കൾ മക്കൾക്ക് നല്ല മാതൃക നൽകുക എന്ന് നാം പറയാറുണ്ട്. അതിനേക്കാൾ ശ്രേഷ്ഠമാണ്, മാതാപിതാക്കൾ മക്കൾക്ക് നല്ല അനുഭവങ്ങൾ നൽകുക എന്നത്. വിശന്നു വലഞ്ഞ ഒരു വൃദ്ധ വീട്ടിന്റെ വാതിൽ മുട്ടി. നിങ്ങൾക്ക് കുറച്ച് ഭക്ഷണ സാധനങ്ങൾ നൽകാം, കുടിക്കാൻ വെള്ളം കൊടുക്കാം, കുറച്ച് കാശ് കൊടുക്കാം. എന്നാൽ അത് നിങ്ങൾ ചെയ്യാതെ നിങ്ങളുടെ മക്കളെക്കൊണ്ട് ചെയ്യിച്ച് നോക്കൂ. അതവന്/ അവൾക്ക് മറക്കാനാവാത്ത അനുഭവങ്ങളും ജീവിതപാഠവുമാകും. ഒപ്പം പറയണം നീ നൽകുമ്പോൾ ആ അമ്മിച്ചിയുടെ കൈയിൽ തൊട്ടു വേണം നൽകാൻ ഒപ്പം തോളിൽ തട്ടിയും. അവനാനുഭവം മറക്കില്ല, മരിക്കുവോളം. കുടുംബജീവിതം നല്ല അനുഭവങ്ങളുടെ പാഠശാലയാകണം. ഒത്തിരി നൽകുന്ന ഒത്തിരി സ്വീകരിക്കുന്ന സ്ഥലം. അത് സ്നേഹത്തിന്റെയും കരുതലിന്റെയും കാവലിന്റെയും കരുണയുടെയും കലവറയാണ്. അധികമായി സ്നേഹം നൽകുമ്പോഴും അധികമായി സ്നേഹം സ്വീകരിക്കുമ്പോഴും മനസ്സിൽ തോന്നുന്ന ഒരനുഭവമുണ്ട്, 'ദൈവമേ ഞാനീ കുടുംബത്തിൽ ജനിച്ചതാണ് ഏറ്റവും വലിയ ഭാഗ്യം. അത് ഒരനുഭവമാണ്.

3. നവമാധ്യമങ്ങളെ തിരിച്ചറിയുക

മാതാപിതാക്കളേ, തിന്മ കടന്നുവരുന്നത് നന്മയുടെ രൂപത്തിലാണ്. നവമാധ്യമങ്ങളുടെ കാര്യമാണിത്. അനുഗ്രഹമെന്നും സൗകര്യമെന്നും എളുപ്പം തോന്നും. എന്നാൽ പാതിവഴിയിൽ വച്ച് അവബോധം നഷ്ടപ്പെടും പിന്നെ സാമൂഹ്യമാധ്യമങ്ങളുടെ അടിമയായി മക്കൾ. ഇന്ന് കുഞ്ഞുങ്ങളെ സ്വാധീനിക്കുന്നത് മാതാപിതാക്കളോ, അധ്യാപകരോ, വൈദികരോ, മഹത്വ്യക്തികളോ അല്ല, മാധ്യമങ്ങളാണ്. അവരുടെ സ്വഭാവത്തെ, രീതികളെ, പെരുമാറ്റത്തെ, ആഹാരത്തെ, വികാരങ്ങളെ എല്ലാം.... എല്ലാം.... അതിനാൽ തള്ളേണ്ടത് തള്ളാനും കൊള്ളേണ്ടത് കൊള്ളാനും, അതിനെപ്പറ്റിയുള്ള തിരിച്ചറിവ് നൽകാനും മാതാപിതാക്കൾ അതീവ ശ്രദ്ധയും പതിപ്പിക്കണം. ഫ്രാൻസിസ് പാപ്പ പറയുന്നു, അവരുടെ മുറികളിൽ പ്രവേശിക്കുന്നത് ആരൊക്കെ എന്ന് മാതാപിതാക്കൾ അറിഞ്ഞിരിക്കണം' എന്നാണ്. ആളുകളുടെ കാര്യത്തേക്കാൾ അവരുടെ മുറിയിൽ പ്രവേശിക്കുന്ന നവമാധ്യമങ്ങളുടെ കാര്യമാണ് പാപ്പ ഇവിടെ സൂചിപ്പിക്കുന്ന

ത്. സാമൂഹികമാധ്യമങ്ങളുടെ ഉപയോഗത്തിന് അച്ചടക്കവും സമയവും സ്ഥലവും നിശ്ചയിക്കുക. ഇത് എല്ലാവരും കൂടുന്ന സ്ഥലങ്ങളിലിരുന്നു വേണം ഉപയോഗിക്കാൻ. എല്ലാ മാധ്യമ ഉപകരണങ്ങളും കുടുംബത്തിലെ ഏതംഗത്തിനും ഉപയോഗിക്കാമെന്ന പൊതുനിയമവും വേണം.

4. മൂന്ന് ചോദ്യങ്ങൾ

ഫ്രാൻസീസ് പാപ്പ മക്കളെ സംബന്ധിച്ച് മാതാപിതാക്കളോട് മൂന്ന് ചോദ്യങ്ങൾ ചോദിച്ചിരുന്നു. ഈ മൂന്നു ചോദ്യങ്ങൾക്കുള്ള ഉത്തരം മാതാപിതാക്കൾ എവിടെയായിരുന്നാലും തങ്ങളുടെ മക്കളെക്കുറിച്ച് ചോദിക്കണമെന്നും അതിനുള്ള ഉത്തരവും ഉണ്ടാകണമെന്നും പറയുന്നു.

1) നിങ്ങളുടെ മക്കൾ ഇപ്പോൾ എവിടെ?

2) അവർ ആരുടെ കൂടെയാണ്?

3) അവർ എന്തുചെയ്തുകൊണ്ടിരിക്കുന്നു?

പാപ്പയുടെ ഈ മൂന്നുചോദ്യങ്ങൾക്കുമുള്ള ഉത്തരം എപ്പോൾ നിങ്ങൾക്കുണ്ടെങ്കിൽ നിങ്ങളുടെ മക്കൾ സുരക്ഷിതരാണ്. അവർ വളരേണ്ടപോലെ തന്നെയാണ് വളരുന്നത്. അവരായിരിക്കുന്ന സ്ഥലം അവർ ആയിരിക്കുന്നത് സുരക്ഷിതകരങ്ങളിലാണോ, അവർ വ്യാപൃതരായിരിക്കുന്ന പ്രവൃത്തി ഗുണം ചെയ്യുന്നതാണോ?

5. യാഥാർത്ഥ്യബോധത്തോടെ വളർത്തുക:

'അവന്/അവൾക്ക് ഒരു കുറവും ഞാൻ വരുത്തിയിട്ടില്ല' എന്ന് വളരെ അഭിമാനത്തോടെ പറയുന്ന മാതാപിതാക്കളെ ഞാൻ കണ്ടിട്ടുണ്ട്. അതുതന്നെയാണ് വലിയ കുറവ് എന്നതാണ് സത്യം. വിശപ്പില്ലാഞ്ഞിട്ടും ആഹാരം നിർബന്ധിച്ച് കഴിപ്പിക്കുക, വീട്ടിലെ പണികളിൽ ഒന്നിലും ഉൾപ്പെടുത്താതിരിക്കുക, വീട്ടിലെ വിഷമങ്ങൾ, കുറവുകൾ, സാമ്പത്തിക പരാധീനതകൾ അറിയിക്കാതെ വളർത്തുക, മണ്ണിൽ അവർക്കാകുന്നവിധം പണി ചെയ്യാൻ അനുവദിക്കാതിരിക്കുക, അയൽവാസികളുടെ മക്കളുമായി കളിക്കാൻ സമയം ചെലവഴിക്കാൻ അനുവദിക്കാതിരിക്കുക അങ്ങനെ ഒരു നോവും അനുഭവിക്കാനനുവദിക്കാതെ വിശപ്പിന്റെ വിളി എന്തെന്ന് കുഞ്ഞുനാളിൽ അറിയുവാൻ അവസരം നൽകാതെ വളരുന്ന മക്കൾ ഒരു മിഥ്യാലോകം സ്വപ്നം കണ്ട് യാഥാർത്ഥ്യബോധമില്ലാത്തവരായി വളരുന്നു. അവർക്ക് കൃതജ്ഞതയോടെ ജീവിക്കാൻ അവസരം നൽകുന്നില്ല, പങ്കുവയ്ക്കാൻ അവസരമില്ല, സാമൂഹിക പ്രതിബദ്ധത ഇല്ലാത്തവരായി വളരുന്നു, കഷ്ടം.

6. സാന്നിധ്യമാണ് സമ്മാനം

ഞാൻ മരിയൻ എൻജിനീയറിംഗ് കോളേജിന്റെ ചുമതലയുണ്ടായിരുന്ന സമയത്ത് നേരിൽ അനുഭവിച്ച കാര്യമാണിത്, മാതാപിതാക്കൾ അടുത്തില്ല. മക്കൾ ഹോസ്റ്റലിൽ. മക്കളുടെ കൂടെയില്ലാത്തതിന്റെ കുറ്റബോധം മറയ്ക്കാൻ അവർ ചോദിക്കുന്ന എന്തും നൽകും. പണം ആവശ്യത്തിനും അനാവശ്യത്തിനും എടിഎമ്മിൽ നിന്നും എടുക്കാം. ചോദിക്കുന്നതിനുമുൻപുതന്നെ സാധനമായി, പണമായി ഉപകരണങ്ങളായി അതിവേഗം എത്തിക്കും. പക്ഷേ, ആ കുട്ടികളിൽ പലരും ഭാവി നഷ്ടപ്പെട്ടവരായി തീർന്നു എന്നതാണ് സത്യം. കാരണം മാതാപിതാക്കളുടെ സാന്നിധ്യം എന്ന സമ്മാനത്തേക്കാൾ ഒരു സമ്മാനവും ഒരു സൗകര്യവും ഒരു ധനവും ശ്രേഷ്ഠമാകില്ല. കുടുംബമായി കഴിയുക, ഒന്നിച്ച് സമയം പങ്കിടുക, മക്കൾ സുരക്ഷിതരായി വളരും, തീർച്ച.

7. പറയാതെ പഠിപ്പിക്കുക

മാതാപിതാക്കൾ ഈ ആധുനിക ലോകത്ത് പറഞ്ഞാണ് എല്ലാം പഠിപ്പിക്കുന്നത്. അതവരിൽ ഒരു സ്വാധീനവും ചെലുത്താറില്ല. കുട്ടികൾക്ക് ഇപ്പോൾ ഏറെ പഴഞ്ചനായിപ്പോയ ഒരു കാര്യമാണ് ഉപദേശം. എന്നാൽ മക്കൾ മറക്കാത്ത ഒരു കാര്യമുണ്ട്. മാതാപിതാക്കളുടെ ജീവിതം നേരിൽ കണ്ടുപഠിക്കുക എന്നത്. മാതാപിതാക്കളുടെ ജീവിത മാതൃകകൾ മക്കളുടെ ജീവിതത്തിന്റെ സ്വഭാവത്തെ, മനോഭാവത്തെ മാറ്റി മറിക്കാനുള്ള ശക്തിയുണ്ട്. അത് വിശ്വാസത്തിന്റെ കാര്യത്തിൽ, വിശ്വസ്ഥതയുടെ കാര്യത്തിൽ, മൂല്യങ്ങളുടെ കാര്യത്തിൽ, ഉപവിയുടെ കാര്യത്തിൽ അതിനാൽ മറക്കാൻ പറ്റാത്ത, തെറ്റ് ചെയ്യാൻ അനുവദിക്കാത്ത മാതൃകകൾ മാതാപിതാക്കൾ മക്കൾക്ക് നൽകുക. ആഡംബരത്തിന്റെയും ധൂർത്തിന്റെയും കാര്യത്തിലും മാതൃക പ്രധാനമാണ്.

8. തോൽക്കുന്നതാണ് വിജയം എന്ന് പഠിപ്പിക്കുക

ഇന്ന് വിജയം, വിജയം എന്നത് ഒരു ഉന്മാദം പോലെ ആയിത്തീർന്നിരിക്കുന്നു കുട്ടികളിൽ. ഇതിന് പ്രധാനകാരണം മാതാപിതാക്കൾ തന്നെയാണ്. എപ്പോഴും മാതാപിതാക്കൾ ആവർത്തിക്കുന്നതാണ് 'നീ വിജയിക്കണം, വിജയിക്കണം. തോൽക്കരുത്. എന്തുവിലകൊടുത്തും വിജയിക്കണം' ഈ മുദ്രാവാക്യം അവരെ എത്തിക്കുന്നത് ഈ ചിന്തയിലാണ്, ഞാൻ വിജയിക്കണം, അതാണ് വീടും എന്റെ മാതാപിതാക്കളും ആഗ്രഹിക്കുന്നത്. അതിൽ ഏത് വിധവും എന്തുകള്ളം കാണിച്ചും വിജയം നേടുക. അത്തരം വിജയങ്ങളിൽ മൂല്യത്തകർച്ചയും അവിശ്വസ്ഥതയും ഇടിച്ചുതാഴ്ത്തലും ചതിയും കടന്നുവരുന്നു. എന്നാൽ മാതാപിതാക്കൾ പഠിപ്പിക്കേണ്ടതും ഊന്നൽ നൽകേണ്ടതും വിജയത്തേക്കാൾ വിശ്വസ്ഥതയ്ക്കും സ്വാർത്ഥതയേക്കാൾ മാനുഷിക പരിഗണനയ്ക്കും ആയിരിക്കണം.

9. സ്വന്തം കാലിൽ നിൽക്കാൻ പഠിപ്പിക്കുക

കുട്ടികളുടെ പ്രായത്തിനൊത്ത് പക്വതയിലും വളരുന്നുവെന്ന് ഉറപ്പുവരുത്തുക. രണ്ടും ഒന്നിച്ച് പോകുമെന്നാണ് പലരുടെയും തെറ്റിദ്ധാരണ. അവരുടെ അഭിപ്രായത്തിനും ബുദ്ധിവികാസത്തിനുമനുസരിച്ച് തീരുമാനങ്ങളെടുക്കാനും പരാശ്രയം കൂടാതെ സ്വന്തം കാര്യങ്ങൾ ചെയ്യാനും പഠിപ്പിക്കുക. അതിൽ സ്വന്തം വസ്ത്രം അലക്കുക, മുറി അടിച്ചുവാരുക, പാത്രങ്ങൾ കഴുകുക എന്നിവ ഉൾപ്പെടെ. പഠനകാര്യത്തിലും സാമൂഹിക മാധ്യമങ്ങളുടെ കാര്യത്തിലും പ്രാർത്ഥിക്കുന്ന കാര്യത്തിലുമെല്ലാം. അർഹമായ പ്രോത്സാഹനം നൽകി സ്വന്തം നിലയിൽ തീരുമാനങ്ങളെടുക്കാൻ ശീലിപ്പിച്ചാൽ അവർ സ്വതന്ത്രമാകുമ്പോൾ വഴിതെറ്റില്ല.

10. വ്യത്യസ്ഥരാകാൻ സഹായിക്കുക

ഇന്ന് മോശം കാര്യങ്ങളിലൂടെയാണ് കുട്ടികൾ വ്യത്യസ്ഥരായി ശ്രദ്ധിക്കപ്പെടുന്നുതും, അറിയപ്പെടുന്നതും. അതിൽ നിന്ന് മാറി സദ്സ്വഭാവം വഴിയും എന്ത് വിലകൊടുത്തും മൂല്യങ്ങളെ മുറുകെ പിടിച്ചും ധർമ്മധർമ്മൾക്കനുസരിച്ച് ജീവിച്ചും മക്കളെ വ്യത്യസ്ഥരായി വളരാൻ ശീലിപ്പിക്കുക, സഹായിക്കുക. ജീവിതത്തിലെ വസന്തമാണ് കുമാരവും യൗവനവും എന്ന് ഓർക്കുക. അവർ പുഷ്പിക്കട്ടെ ഫലസമൃദ്ധിയുള്ളവരാകട്ടെ. ■

അല്മായ വേദി

ആർക്കാഞ്ചലോ.എം
അല്മായ ശുശ്രൂഷാ ഡയറക്ടർ

അല്മായരും സഭയുടെ സാമൂഹിക പ്രബോധനങ്ങളും

സാമൂഹിക മേഖലയിലെ പ്രവർത്തനങ്ങളിൽ ഉൾച്ചേർന്നു പ്രവർത്തിക്കാൻ സഭയ്ക്ക് ഉത്തരവാദിത്വമുണ്ട്. നാം ജീവിക്കുന്ന ഈ ലോകത്തിൽ സാമൂഹിക മേഖലയിൽ ശുശ്രൂഷയ്ക്കായി അല്മായരെ ഒരുക്കാൻ സഭയ്ക്ക് കടമയുണ്ട്. സാമൂഹിക മേഖല പ്രത്യേകമായും അല്മായർക്കുള്ളതാണ്. അവരുടെ ജീവിതം മുഴുവൻ ഫലദായകമായ സുവിശേഷവല്ക്കരണമായിരിക്കണം. ഓരോ അല്മായനും വിശ്വാസത്തിന്റെ ശക്തിയിൽ യേശുവിനെ അനുസരിക്കാൻ പഠിക്കണം. സാമൂഹിക മേഖല സഭയുടെ അധികാരത്തിൽപ്പെട്ടതല്ലെങ്കിലും അതിൽ ഇടപെടാൻ സഭയെ പ്രേരിപ്പിക്കുന്നത് യേശുവിന്റെ പഠനങ്ങളാണെന്ന് നാം മനസ്സിലാക്കണം.

19-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽത്തന്നെ സഭ, സാമൂഹിക പ്രോബോധനങ്ങൾക്ക് തുടക്കം കുറിച്ചു. 1891 ൽ ലിയോ പതിമൂന്നാമൻ പാപ്പാ തൊഴിലാളികളുടെ മാഗ്നാക്കാർട്ട എന്ന് അറിയപ്പെടുന്ന 'റേരും നൊവാരും' എന്ന ചാക്രിക ലേഖനം പുറപ്പെടുവിച്ചു. ഈ ചാക്രിക ലേഖനം വഴി പാപ്പാ, നീതിയിൽ അധിഷ്ഠിതമായ സാമൂഹിക ഘടനയ്ക്കും ആധുനിക സമൂഹം ഉയർത്തിയ പുതിയ സാമൂഹ്യ പ്രശ്നങ്ങൾക്കും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിച്ചു. മുതലാളിത്ത വ്യവസ്ഥയിൽ നരകയാതന അനുഭവിച്ച തൊഴിലാളി വർഗ്ഗത്തിനു വേണ്ടി ആദ്യം ഉയർന്ന ശബ്ദം പാപ്പായുടെതായിരുന്നു. സാർവ്വത്രിക തൊഴിലാളി ദിനാചരണം ആചരിക്കാൻ തുടങ്ങിയത് 19-ാം നൂറ്റാണ്ടിന്റെ അവസാനത്തോടുകൂടെ ആയിരുന്നുവെന്നു ഓർക്കുക.

'റേരും നൊവാരും' പ്രസിദ്ധപ്പെടുത്തിയതിന്റെ 40-ാം വർഷം 11-ാം പീയൂസ് പാപ്പാ 'ക്വദ്രജേസിമോ അന്നോ' എന്ന ചാക്രികലേഖനം വഴി സഭ മുതലാളിത്തത്തിനും കമ്മ്യൂണിസത്തിനും അടിമയാകാൻ ആഗ്രഹിക്കുന്നില്ലെന്ന് അസന്നിഗ്ധമായി പ്രഖ്യാപിച്ചു. സഭയുടെ സാമൂഹിക പ്രവർത്തനം പ്രാവർത്തികമാക്കാൻ അല്മായർ കർമ്മരംഗത്തിറങ്ങാനുള്ള നിർദ്ദേശങ്ങൾ പാപ്പാ മുന്നോട്ടുവച്ചു.

കൈവിട്ടുപോയ ആധുനിക സമൂഹത്തെ തിരിച്ചുപിടിക്കാൻ സംഘടിതവും തീവ്രവുമായ അല്മായ പ്രേഷിതത്വം വഴി മാത്രമേ സാധിക്കൂ എന്നും ബോധ്യമായപ്പോൾ 11-ാം പീയൂസ് പാപ്പാ കാത്തലിക് ആക്ഷന് രൂപം നൽകി. മുസ്സോളിനിക്കെതിരായി, ഇറ്റലിയിലെ പള്ളികൾ ആസ്ഥാനമാക്കി ചർച്ചാക്ലാസുകളും കർമ്മപരിപാടികളും ആസൂത്രണം ചെയ്യപ്പെട്ടു. 12-ാം പീയൂസ് പാപ്പായും കത്തോലിക്കാ പ്രവർത്തനത്തെ പ്രോത്സാഹിപ്പിച്ചു. പക്ഷേ അല്മായന്റെ പ്രവർത്തനം ഹയരാർക്കിയുടെ നിയന്ത്രണത്തിലായിരിക്കണമെന്ന് ഊന്നിപ്പറഞ്ഞു. എന്നാൽ ജോൺ 23-ാ മൻ പാപ്പാ കുറേക്കൂടി വിശാലമായ കാഴ്ചപ്പാടുകളോടുകൂടിയാണ് ഇക്കാര്യത്തെ സമീപിച്ചത്. കത്തോലിക്കാ പ്രവർത്തനം എന്ന പേരിലോ മറ്റേതെങ്കിലും പേരിലോ ചെയ്യപ്പെടുന്ന പ്രേഷിത പ്രവർത്തനങ്ങളെ പാപ്പാ വിളിച്ചുകൂട്ടിയ രണ്ടാം വത്തിക്കാൻ കൗൺസിൽ അഭിനന്ദിച്ചു. അങ്ങനെ അല്മായ പ്രബുദ്ധതക്ക് കൗൺസിലിന്റെ അംഗീകാരം പ്രോത്സാഹനവും ലഭിച്ചു.

ലേഖനം

റോബർട്ട് പനിപ്പിള്ള
ഫ്രണ്ട്സ് ഓഫ് മറൈൻ ലൈഫ്

പരിസ്ഥിതിയ്ക്കുവേണ്ടിയുള്ള ചില ഓർമ്മപ്പെടുത്തലുകൾ

മനുഷ്യന്റെ അനിയന്ത്രിതമായ കടന്നുകയറ്റം പരിസ്ഥിതിയെപ്പോലും പ്രകോപിപ്പിച്ചിരിക്കുന്നു. ചൂടും, വറുതിയും വർധിത രൂപം പൂണ്ടു. കടൽ കലുപൂണ്ടു. സുനാമിയും ഓഖിയും സാഗറുമായി രൂപംപ്രാപിച്ച പരിസ്ഥിതി വ്യതിയാനം കരയും മനുഷ്യജീവനുകളും അപഹരിച്ച് കലിയടക്കുന്നു. ഇവിടെയാണ് പരിസ്ഥിതി–സമുദ്ര ദിനാചരണങ്ങളുടെ പ്രസക്തിയേറുന്നത്

പരിസ്ഥിതി സംരക്ഷണത്തിന് ലോകജനതയെ ഒരേപോലെ ചിന്തിപ്പിക്കുവാനും ഒന്നിച്ച് അണിനിരത്തുവാനും ഉള്ള ഓർമ്മപ്പെടുത്തലുകളുമായി രണ്ടു ദിനങ്ങൾ കടന്നുവരികയാണ്. ജൂൺ 5 ലോക പരിസ്ഥിതി ദിനവും, ജൂൺ 8 ലോക സമുദ്രങ്ങളുടെ ദിനവും.

1972 – ൽ യു. എൻ അംഗരാജ്യങ്ങൾ സ്വിറ്റ്സർലാന്റിൽ ഒത്തു കൂടിയപ്പോഴാണ് ലോക പരിസ്ഥിതിദിനം എന്ന ആശയം ഉയർന്നുവന്നത്. തുടർന്ന് 1972 ജൂണിൽ സ്വീഡനിലെ സ്റ്റോക്ക് ഹോമിൽ വികസ്വര രാജ്യങ്ങളുടെ പരിസ്ഥിതി സമ്മേളനം നടന്നു. ഈ സമ്മേളനത്തിന്റെ ശുപാർശപ്രകാരമാണ് എല്ലാ വർഷവും ജൂൺ 5 ലോകപരിസ്ഥിതി ദിനമായി ആചരിക്കുവാൻ ഐക്യരാഷ്ട്രസംഘടനയുടെ പൊതുസഭ' തീരുമാനിച്ചത്. 1972 – ൽ തന്നെ നിലവിൽ വന്ന യുണൈറ്റഡ് നേഷൻസ് എൺവയോൺമെന്റ് പ്രോഗ്രാം (UNEP) ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിവരുന്നു.

ഇതേ തുടർന്ന് ലോകമെമ്പാടും 'ഭൂമിയുടെ പച്ചപ്പ് സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമായി. കേരളത്തിലും ഇക്കാലയളവിലാണ് ഹരിതചിന്തയുടെ വിത്തുകൾ മുളപൊട്ടിയതെന്നു കാണാം. ഡോ.സതീഷ് ചന്ദ്രൻ, ഡോ.ആർ.വി.ജി. മേനോൻ, കവിയത്രി. സുഗതകുമാരി, പി.രാധാമണി, ആർ. രാധാകൃഷ്ണൻ മുതലായവർ നമ്മുടെ കാടും കാട്ടാറുകളും കയറിയിറങ്ങി മഴക്കാടുകളെയും പുൽമേടുകളെയും കണ്ടലുകളെയും തണ്ണീർതടങ്ങളെയും വയലേലകളെയും കാവുകളെയും കുളങ്ങളെയും പച്ചപ്പുൽത്തകിടിയെയുമെല്ലാം തൊട്ടറിഞ്ഞ് മലയാളിയുടെ മനസ്സിൽ പ്രകൃതിയുടെ ഹരിത അറിവുകൾ കോരിയിട്ടു. നമ്മുടെ സൈലന്റ് വാലിയുടെ അകകാഴ്ച്ചകൾ കാട്ടി ഇതു നമ്മുടെ 'ഭൂമിയമ്മയുടെ ചങ്കാണെന്ന് പറഞ്ഞു പഠിപ്പിച്ചതവരാണ്. അതിനാലാണ് ആ പച്ചപ്പുകൾ ഇന്നും സംരക്ഷിക്കപ്പെട്ടു പോരുന്നത്.

അതിൽ നിന്നും ഊർജ്ജം ഉൾകൊണ്ട് ഇക്കഴിഞ്ഞ നാല് പതിറ്റാണ്ടിനുള്ളിൽ പരിസ്ഥിതി സാഹിത്യവും പരിസ്ഥിതി പ്രസ്ഥാനങ്ങളും പ്രവർത്തനങ്ങളും പച്ച പിടിച്ചു. കുന്നിടിക്കലിനെതിരെയും കുളം നികത്തലിനെതിരെയും പാറപൊട്ടിക്കലിനെതിരെയും കായലുകളും നെൽപ്പാടങ്ങളും നികത്തുന്നതിനെതിരെയും നദികളിലെ മണൽ വാരലിനെതിരെയും കാടു മുടിക്കുന്നതിനെതിരെയും ഉണ്ടായ ചെറിയചെറിയ മുന്നേ

കോളയോ മറ്റേതെങ്കിലും ശീതള പാനീയമോ വാങ്ങി തൊണ്ടയിലേയ്ക്കൊഴിക്കുമ്പോൾ ഓർക്കേണ്ടത് ശുദ്ധജലദൗർലഭ്യംമൂലം ജലജന്യരോഗങ്ങളാൽ ഓരോ 8 മിനിറ്റിലും ഓരോ കുഞ്ഞുവീതം ലോകത്ത് മരിച്ചുകൊണ്ടിരിക്കുന്നുവെന്നതാണ്.

റ്റങ്ങൾ ഇതിന്റെ കൂടി ഭാഗമാണ്. അതിലൂടെ പരിസ്ഥിതിയുടെ താളം തെറ്റിക്കുന്ന ഇടപെടലുകളെ ചെറുക്കാൻ കുറച്ചെങ്കിലും കഴിഞ്ഞു. പക്ഷെ നമ്മുടെ പരിസ്ഥിതി സംരക്ഷണപ്രവർത്തനങ്ങൾ കര കേന്ദ്രീകൃതമായിരുന്നുവെന്നുമാത്രം. ഇതു കേരളത്തിന്റെ മാത്രം സ്ഥിതിയല്ല, രണ്ടര പതിറ്റാണ്ടു മുമ്പുവരെ ലോകത്തിന്റെ സ്ഥിതിയും മറിച്ചായിരുന്നില്ല.'ഭൂമിയുടെ 70 ശതമാനവും സമുദ്രങ്ങളാണെന്നിരിക്കെ അവ നേരിടുന്ന പാരിസ്ഥിതികപ്രശ്നം ലോകം ഗൗരവമായി ചർച്ചചെയ്യപ്പെടുന്നത് 1992- ൽ ബ്രസീലിലെ റിയോ ഡി ജനിറോയിൽ വച്ചു നടന്ന 'ഭൗമ ഉച്ചകോടിയിൽ കാനഡയുടെ ഇടപെടലിലൂടെയാണ്.

വടക്കേ അമേരിക്കയിലെ ദി ഓഷ്യൻ പ്രോജക്ട് എന്ന സംഘടന സമുദ്ര പരിസ്ഥിതി സംരക്ഷണത്തിനായി മുന്നിട്ടിറങ്ങാൻ ലോകത്തെ രണ്ടായിരത്തോളം സംഘടനകളെ അണിനിരത്തി 2002 മുതൽ പ്രവർത്തിക്കാൻ തുടങ്ങി.

ഒടുവിൽ 2008 ഡിസംബറിലാണ് യൂഎൻ പൊതുസഭ പ്രമേയം പാസ്സാക്കുകയും എല്ലാ വർഷവും ജൂൺ 8 ലോക സമുദ്രങ്ങളുടെ ദിനമായി ആചരിക്കുവാൻ തീരുമാനിക്കുകയും ചെയ്തത്. എങ്കിലും ഇക്കഴിഞ്ഞ ഒരു പതിറ്റാണ്ടിനുള്ളിൽ സമുദ്രങ്ങൾ നേരിടുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ കൂടുതൽ കൂടുതൽ വഷളായി വന്നു. ഈ സാഹചര്യത്തിലാണ് 2017 ജൂൺ 5 മുതൽ 9 വരെ ഐക്യരാഷ്ട്രസഭയുടെ നേതൃത്വത്തിൽ യൂ.എൻ ആസ്ഥാനത്തു വച്ച് ലോക സമുദ്രസമ്മേളനം നടന്നത്. സമുദ്രങ്ങളെയും കടലുകളെയും അതിലെ വിഭവങ്ങളെയും സംരക്ഷിക്കപ്പെടുകയും ഒപ്പം സുസ്ഥിരമായ ഉപയോഗം സാദ്ധ്യമാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ ലോകരാജ്യങ്ങളിൽ നിന്നുള്ള പങ്കാളിത്തസംഘങ്ങളുടെ നെറ്റ്‌വർക്കിലൂടെയുള്ള പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്താനും ഊർജ്ജിതപ്പെടുത്താനും ലോകസമുദ്രസമ്മേളനത്തിനു കഴിഞ്ഞു. 2018 -ലെ ലോകപരിസ്ഥിതി ദിനവും ലോകസമുദ്രങ്ങളുടെ ദിനവും മുന്നോട്ടുവയ്ക്കുന്ന ചിന്താവിഷയം യഥാക്രമം 'പ്ലാസ്റ്റിക് മലിനീകരണം തുടച്ചുമാറ്റൂ', 'പ്ലാസ്റ്റിക് മലിനീകരണം തടയുകയും പരിഹാരമാർഗങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യൂ' എന്നാണ് (Beat Plastic polution, Preventing plastic polution and encouraging solutions).രണ്ട് ലോകദിനാചരണങ്ങളുടെയും ചിന്താവിഷയം ഒന്നാണെന്നത് പ്ലാസ്റ്റിക് മലിനീകരണംമൂലം ഭൂമിയിലെ സമുദ്രങ്ങളും കരയും ഒരേ വിപത്തിനാൽ വെല്ലുവിളി നേരിടുന്നുവെന്നതിന്റെ ഓർമ്മപ്പെടുത്തൽ കൂടിയാണ്. ഇന്ത്യയാണ് 2018 -ലെ ലോകപരിസ്ഥിതിദിനാചരണത്തിന്റെ ആതിഥേയർ.

കടലിലെ ചവറുകൾ

സമുദ്രം നേരിടുന്ന മാലിന്യപ്രശ്നങ്ങളെ നിസ്സാരമായി തള്ളിയാൽ അത് സമുദ്ര ആവാസയിടങ്ങളെ പൂർണ്ണമായി നശിപ്പിക്കുകയും ഭൂമിയുടെ തന്നെ ജീവതാളം തെറ്റിക്കുകയും ഒപ്പം സമുദ്രത്തെ ആശ്രയിച്ചു ജീവിക്കുന്നവരുടെ ജീവിതം മുട്ടിക്കുകയും ചെയ്യും എന്നു തെളിയിക്കുന്ന വാർത്തയാണ് അനുദിനം പുറത്തു വരുന്നത്. സമുദ്രത്തിലെ ഏറ്റവും ആഴം കൂടിയ ഭാഗമായ മരിയാന ട്രൻജിന്റെ അടിത്തട്ടിൽ (36000 അടി ആഴം) നിന്നും പ്ലാസ്റ്റിക് കണ്ടെടുത്തതായി 2018 മേയ് 10 ലെ ദി ടെലിഗ്രാഫ് എന്ന പത്രം വാർത്ത പുറത്തു വിടുകയുണ്ടായി. 2018 മേയ് 19 ന് 'ദ ഗാർഡിയൻ ടുഡേ' പുറത്തു വിടുന്നത് മറ്റൊരു ഞെട്ടിപ്പിക്കുന്ന വാർത്തയാണ്. കരയിൽ നിന്നും 2,700 കിലോമീറ്റർ അകലെയുള്ള

സമുദ്രത്തിലെത്തുന്ന ഖരമാലിന്യങ്ങളിൽ 60 മുതൽ 80 ശതമാനം വരെ പ്ലാസ്റ്റിക് മാലിന്യങ്ങളാണെന്നാണ് കണക്ക്. പ്ലാസ്റ്റിക്കിന്റെ ലോകവാർഷിക ഉൽപ്പാദനം 1950 കളിൽ 1.5 ദശലക്ഷം ടൺ ആയിരുന്നത് 2016 –ൽ 335 ദശലക്ഷം ടൺ ആയി ഉയർന്നു. ഇതിൽ ഏറ്റവും പ്രധാനം കഴിഞ്ഞ ഒരു പതിറ്റാണ്ടിൽ ലോകം ഉൽപാദിപ്പിച്ച പ്ലാസ്റ്റിക് അതിനു മുമ്പുള്ള കാലഘട്ടങ്ങളിൽ ആകെ ഉൽപാദിപ്പിച്ചതിനെക്കാളും കൂടുതലാണ്.

ള കടലിലെ ഒരു കോണിൽ നിന്നും മൈക്രോപ്ലാസ്റ്റിക്കിന്റെ സാന്നിദ്ധ്യം കണ്ടെത്തിയെന്നാണത്. സൈക്ലോൺ ഓഖിയ്ക്കുശേഷം ഇക്കഴിഞ്ഞ ഡിസംബറിൽ തിരുവനന്തപുരത്തെ മരിയനാടിനു നേരെ പത്തുനില കെട്ടിടത്തോളം ആഴമുള്ള കടലിൽ ഈ ലേഖകൻ മുങ്ങിയപ്പോൾ കണ്ടതും മീനുകളെയല്ല, അവിടെ കടലടിത്തട്ടിൽ ഒഴുകി നടക്കുന്ന പ്ലാസ്റ്റിക്കുകളെയാണ്. സമുദ്രത്തിലെത്തുന്ന ഖരമാലിന്യങ്ങളിൽ 60 മുതൽ 80 ശതമാനംവരെ പ്ലാസ്റ്റിക് മാലിന്യങ്ങളാണെന്നാണ് കണക്ക്. പ്ലാസ്റ്റിക്കിന്റെ ലോകവാർഷിക ഉൽപ്പാദനം 1950 കളിൽ 1.5 ദശലക്ഷം ടൺ ആയിരുന്നത് 2016 –ൽ 335 ദശലക്ഷം ടൺ ആയി ഉയർന്നു. ഇതിൽ ഏറ്റവും പ്രധാനം കഴിഞ്ഞ ഒരു പതിറ്റാണ്ടിൽ ലോകം ഉൽപാദിപ്പിച്ച പ്ലാസ്റ്റിക് അതിനു മുമ്പുള്ള കാലഘട്ടങ്ങളിൽ ആകെ ഉൽപാദിപ്പിച്ചതിനെക്കാളും കൂടുതലാണ്. ലോകത്ത് ഉൽപാദിപ്പിക്കുന്ന പ്ലാസ്റ്റിക്കിന്റെ 500 ശതമാനവും ഒറ്റത്തവണ ഉപയോഗിച്ച് ഉപേക്ഷിക്കുന്ന തരത്തിലാണെന്നുള്ളതും ഏറെ ഗൗരവത്തോടെ കാണേണ്ട ഒന്നാണ്. 10 രൂപയുടെ കപ്പലണ്ടിയും 200 ഗ്രാം പരിപ്പും 1 കിലോ പഴവും വാങ്ങുമ്പോൾ അനാവശ്യമായി നാം വാങ്ങിക്കൂട്ടുന്ന പ്ലാസ്റ്റിക് കവറുകളുടെ കണക്കാണിത്. ഒരു വർഷം ലോകത്ത് 50 ബില്യൺ പ്ലാസ്റ്റിക് കവറുകളാണുപയോഗിക്കുന്നത്. അതായത് 250 ബില്യൺ പ്ലാസ്റ്റിക് കവറുകൾ നാം ഓരോ തവണയും ഉപയോഗശേഷം വലിച്ചെറിയുന്നു. ലോകത്തെ മനുഷ്യർ ഒരു മിനിട്ടിൽ ഉപയോഗിച്ചു വലിച്ചെറിയുന്ന പ്ലാസ്റ്റിക് ബോട്ടിലുകളുടെ എണ്ണം എത്രയാണെന്നോ? ഒരു ദശലക്ഷം. മിനറൽവാട്ടർ മാത്രമല്ല കോളയുൾപ്പെടെയുള്ള ശീതളപാനീയങ്ങൾ വാങ്ങി ഉപയോഗിക്കുന്നതിന്റെ ഞെട്ടിപ്പിക്കുന്ന കണക്കാണിത്. പരിസ്ഥിതിയെ ബാധിക്കുന്ന യഥാർത്ഥ കണക്ക് വേറെയാണ്. ഒരു ലിറ്റർ കോള ഉൽപ്പാദിപ്പിക്കാൻ നമ്മുടെ ബഹുരാഷ്ട്ര കുത്തകകൾക്ക് 10 ലിറ്റർ ഭൂഗർഭജലം വേണം. അതായത് ഒരു ലിറ്റർ കോളയുടെ ഉൽപ്പാദന പ്രക്രിയയിലൂടെ മലിനമാക്കപ്പെടുന്നത് 9 ലിറ്റർ വെള്ളം. കോളയോ മറ്റേതെങ്കിലും ശീതള പാനീയമോ വാങ്ങി തൊണ്ട

യിലേയ്ക്കൊഴിക്കുമ്പോൾ ഓർക്കേണ്ടത് ശുദ്ധജലദൗർലഭ്യംമൂലം ജലജന്യരോഗങ്ങളാൽ ഓരോ 8 മിനിറ്റിലും ഓരോ കുഞ്ഞുവീതം ലോകത്ത് മരിച്ചു കൊണ്ടിരിക്കുന്നുവെന്നതു കൂടിയാണ്.

സയൻസ് ജേർണലിൽ 2015 -ൽ പ്രസിദ്ധപ്പെടുത്തിയ പഠനറിപ്പോർട്ട് പ്രകാരം ലോകത്ത് പ്ലാസ്റ്റിക് മാലിന്യങ്ങൾ കടലിലേയ്ക്കൊഴുക്കുന്ന 192 രാജ്യങ്ങളിൽ ഇന്ത്യയുടെ സ്ഥാനം 12-ാം മതാണ്.(Picture 1) ഓരോ വർഷവും 8 മുതൽ 13 ബില്യൺ കിലോ പ്ലാസ്റ്റിക് മാലിന്യമാണ് കടലിലേയ്ക്കൊഴുകിയെത്തുന്നത്. അതായത് ഓരോ മിനിട്ടിലും ഏറ്റവും കുറഞ്ഞത് ഒരു ട്രക്ക് പ്ലാസ്റ്റിക് മാലിന്യം വിവിധ വഴികളിലൂടെ കടലിലേയ്ക്കെത്തിക്കൊണ്ടിരിക്കുന്നു. വേൾഡ് ഇക്കണോമിക് ഫോറം 'ദി ന്യൂ പ്ലാസ്റ്റിക്'എന്ന പേരിൽ 2016 - ൽ ജനുവരിയിൽ പ്രസിദ്ധീകരിച്ച റിപ്പോർട്ടിൽ എലൻ മക് ആർദർ പറയുന്നത് 2050 ആകുമ്പോൾ ലോകസമുദ്രങ്ങളിലെ പ്ലാസ്റ്റിക്കുകൾ മത്സ്യങ്ങളുടെ അളവിനേക്കാൾ കൂടുതലാകാമെന്നാണ്.

ഇക്കഴിഞ്ഞ ഓഖി ചുഴലിക്കാറ്റിൽ നവംബർ മാസം മുപ്പതാം തിയതി സംഹാരത്തിന്റെ ശിവതാണ്ഡവമാടി അലറിയെത്തിയ തിരമാലകൾ തീരത്തെ നക്കിതുടച്ചു പോയപ്പോൾ ഒറ്റദിവസം കൊണ്ട് തിരുവനന്തപുരത്ത് ഏതാണ്ട് 50 മീറ്റർ മണൽ തീരമാണ് നഷ്ടമായത്. ഇതേ തുടർന്ന് തീരത്തോടു ചേർന്ന് പനത്തുറ, വേളി മുതലായ പൊഴികൾ മുറിഞ്ഞൊഴുകിയതോടെ കരയിലെ ജലാശയങ്ങളിൽ കെട്ടിക്കിടന്ന മാലിന്യങ്ങൾ മുഴുവൻ കടലിലേയ്ക്കെത്തി. തിരുവനന്തപുരം കോർപ്പറേഷന്റെ കണക്കുപ്രകാരം ഒറ്റദിവസം കൊണ്ട് കടലിലേയ്ക്കെത്തിയത് ഏതാണ്ട് 25 ടണ്ണോളം പ്ലാസ്റ്റിക് മാലിന്യങ്ങളാണെന്നാണ്. അപ്രതീക്ഷിതമായ ഇത്തരം കടലേറ്റങ്ങളോ മൺസൂൺ മഴക്കാലത്തെ സ്വാഭാവിക കടൽക്ഷോഭത്താലോ ആണ് പ്രധാനമായും പൊഴികൾ മുറിഞ്ഞ് പ്ലാസ്റ്റിക് മാലിന്യങ്ങൾ കടലിലേയ്ക്കെത്തുന്നത്. കൂടാതെ ദിവസങ്ങൾ നീളുന്ന മത്സ്യബന്ധനത്തിനിടെ യന്ത്രവൽകൃത ഉരുക്കളിൽ നിന്നും, കപ്പലുകളിൽ നിന്നും, തീരദേശവാസികൾ തീരത്തു

ലോകത്ത് ആദ്യമായുണ്ടാക്കിയ പ്ലാസ്റ്റിക്കുപോലും ഇന്നും നശിക്കാതെ കടലിനടിയിൽ ഉണ്ടാവുമെന്നാണ് ശാസ്ത്ര നിരീക്ഷണം. മരിയാന ട്രഞ്ചിൽ നിന്നും കണ്ടെടുത്ത പ്ലാസ്റ്റിക്കുകൾക്ക് മുപ്പതുവർഷത്തെ പഴക്കമുണ്ടെന്നു കണ്ടെത്തിയിട്ടുണ്ട്. ലോകമെമ്പാടുമുള്ള സമുദ്ര പരിസ്ഥിതി പ്രവർത്തകരുടെ നെഞ്ചിടിപ്പ് കൂട്ടുന്ന മറ്റൊരു പ്രശ്നത്തിലേയ്ക്കാണ് ഇന്ന് ശാസ്ത്രലോകം ശ്രദ്ധ പതിപ്പിച്ചിരിക്കുന്നത്. സമുദ്ര ജലത്തിൽ മൈക്രോ പ്ലാസ്റ്റിക്കുകളുടെ സാന്നിദ്ധ്യം കൂടി വരുന്നുവെന്നതാണത്.

പേക്ഷിക്കുന്നതിലൂടെയും പ്ലാസ്റ്റിക് മാലിന്യങ്ങൾ കടലിലെത്താറുണ്ട്. എന്നാൽ സി.എം.എഫ്.ആർ.ഐ - യുടെ നിരീക്ഷണങ്ങളിൽ പറയുന്നത് (COMAD - 2018) മഴക്കാലത്തെ തുടർന്നുള്ള വേലിയേറ്റസീസണുകളിൽ (Spring tide) തീരത്തോടടുത്ത കടലിൽ വിടുന്ന ഒഴുക്കൻ വലകളിലും മറ്റും ലഭിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ വേലിയിറക്കസീസണുകളിൽ ലഭിക്കുന്നതിന്റെ രണ്ടിരട്ടിയാണെന്നാണ്. ഈ സീസണുകളിലാണ് കരയിലെ ജലാശയങ്ങളിൽ കെട്ടിക്കിടക്കുന്ന മാലിന്യങ്ങൾ പൊഴികൾ വഴി കടലിലേയ്ക്ക് ഒഴുകിയെത്തുന്നത്. കടലിൽ പ്ലാസ്റ്റിക് മാലിന്യങ്ങളെത്തുന്നതിന്റെ പ്രധാന സ്രോതസ്സ് എന്താണെന്ന് വ്യക്തമാക്കുന്നതാണ് സി.എം.എഫ്.ആർ.ഐ യുടെ നിരീക്ഷണം.

ഇക്കഴിഞ്ഞ ഓഖിയെ തുടർന്ന് കടലിലേയ്ക്കെത്തിയ പ്ലാസ്റ്റിക് മാലിന്യങ്ങളുടെ സഞ്ചാരം Friends of Marine Life (FML) തുടർച്ചയായി നിരീക്ഷിക്കുകയുണ്ടായി. ആദ്യ ദിനങ്ങളിൽ ശക്തമായ അടിയൊഴുക്കിനെതുടർന്ന്

മാലിന്യങ്ങൾ കരയിലേയ്ക്ക് ഒഴുകിയെത്തിയെങ്കിലും തുടർന്നുള്ള ദിവസങ്ങളിൽ അവ തീരക്കടലിലെ പാറപ്പാരുകൾക്കുള്ളിൽ അടിഞ്ഞു കൂടുന്നതായാണ് കണ്ടത്. (Picture 2&3)കടലിനടിയിലെ ഭൂമികയെപ്പറ്റി (സീസ്കേപ്പ്) അറിവുള്ളവർക്കിടയിൽ ഇത്തരം പാറപ്പാരുകൾ മത്സ്യമുൾപ്പെടെ അസംഖ്യം ജീവജാലങ്ങൾക്ക് മടിത്തട്ടൊരുക്കുന്ന ആവാസയിടങ്ങളാണെന്നതിൽ രണ്ടഭിപ്രായമുണ്ടാവില്ല. സമുദ്രാടിത്തട്ടിൽ അടിഞ്ഞുകൂടുന്ന പ്ലാസ്റ്റിക്കുകളിൽ സയനോ ബാക്ടീരിയകൾ പോലുള്ളവ പറ്റി വളർന്ന് അവ പ്ലാസ്റ്റിക്കിനു പുറത്ത് വഴുവഴുപ്പുള്ളതും ഒട്ടിപ്പിടിക്കുന്നതുമായ ഒരു പടലമായി രൂപപ്പെടുന്നത് കാണാം. 'ബയോഫിലിം' എന്നറിയപ്പെടുന്ന ഇതിൽ നിന്നും പുറത്തുവരുന്ന കെമിക്കൽ മറ്റുജീവജാലങ്ങളെ ആകർഷിക്കുകയും അവയുടെ മണം പിടിച്ച് പ്ലാസ്റ്റിക്കിനെ ആഹാരമാക്കാനിടയാവുകയും ചെയ്യും. ഈ ബയോഫിലിമിന്റെ കെണിയിൽ വീണ് പ്ലാസ്റ്റിക്കിനെ ആഹാരമാക്കി മരണപ്പെടുന്ന ആമ, തിമിംഗലം,ഡോൾഫിൻ,പഫർഫിഷ്, കടൽപക്ഷികൾ മുതലായവയുടെ വാർത്തകൾ ഇപ്പോൾ അടിക്കടി പുറത്തുവരുന്നു.

മൈക്രോപ്ലാസ്റ്റിക്കുകൾ

ലോകത്ത് ആദ്യമായുണ്ടാക്കിയ പ്ലാസ്റ്റിക്കുപോലും ഇന്നും നശിക്കാതെ കടലിനടിയിൽ ഉണ്ടാവുമെന്നാണ് ശാസ്ത്രനിരീക്ഷണം. മരിയാന ട്രഞ്ചിൽ നിന്നും കണ്ടെടുത്ത പ്ലാസ്റ്റിക്കുകൾക്ക് മുപ്പതുവർഷത്തെ പഴക്കമുണ്ടെന്നു കണ്ടെത്തിയിട്ടുണ്ട്. ലോകമെമ്പാടുമുള്ള സമുദ്ര പരിസ്ഥിതി പ്രവർത്തകരുടെ നെഞ്ചിടിപ്പ് കൂട്ടുന്ന മറ്റൊരു പ്രശ്നത്തിലേയ്ക്കാണ് ഇന്ന് ശാസ്ത്രലോകം ശ്രദ്ധ പതിപ്പിച്ചിരിക്കുന്നത്. സമുദ്ര ജലത്തിൽ മൈക്രോ പ്ലാസ്റ്റിക്കുകളുടെ സാന്നിദ്ധ്യം കൂടി വരുന്നുവെന്നതാണത്. ഇക്കഴിഞ്ഞ ഫെബ്രുവരിയിൽ തിരുവനന്തപുരം കോവളത്തെ കടലിൽ നിന്നും കന്യാകുമാരിയിൽ ഇനയത്തെ കടലിൽ നിന്നും ജലസാമ്പിളുകളും സെഡിമെന്റ് സാമ്പിളുകളും ശേഖരിച്ച് കേരള യൂണിവേഴ്സിറ്റി അക്വാട്ടിക് ബയോളജി ആന്റ് ഫിഷറീസുമായി ചേർന്ന് FML പഠനം നടത്തുകയുണ്ടായി. രണ്ടിലും മൈക്രോ പ്ലാസ്റ്റിക്കിന്റെ സാന്നിദ്ധ്യമുണ്ടെന്നു മാത്രമല്ല, കോവളത്ത് ഇത് കൂടുതൽ ഉള്ളതായി തെളിഞ്ഞു. പ്ലാസ്റ്റിക്കുകൾ പൊടിഞ്ഞ് തരികളായി മാറുന്നതിലൂടെയാണ് മൈക്രോ പ്ലാസ്റ്റിക്കുകൾ ഉണ്ടാവുന്നത്. ആ അവസ്ഥയിൽ അവയെ സമുദ്രത്തിലെ ഫിൽറ്റർ ഫീഡറുകൾ അറിയാതെ ആഹാരമാക്കാനും അതിലൂടെ അവയുടെ ശരീരത്തിലേയ്ക്ക് കടക്കാനും ഇടയുണ്ട്. മലയാളികളുടെ പ്രിയപ്പെട്ട മീനിനമായ ചാളയും, നെത്തോലിയുമെല്ലാം ഫിൽറ്റർ ഫീഡറുകളാണ്. കഴിഞ്ഞ കുറെ വർഷങ്ങളായി ഇത്തരത്തിൽ മൈക്രോ പ്ലാസ്റ്റിക് ആഹാരമാക്കുന്ന മത്സ്യങ്ങളുടെ അളവ് കൂടിവരുന്നുവെന്ന് സി.എം.എഫ്.ആർ.ഐ യിലെ ഡോ. കൃപ പറയുന്നു. ചാള, അയല, നെത്തോലി, വാള, ചൂര മുതലായ മീനുകളിൽ സി.എം.എഫ്.ആർ.ഐ ശാസ്ത്രഞ്ജർ മൈക്രോപ്ലാസ്റ്റിക്കുകൾ ഇതിനോടകം കണ്ടെത്തുകയുണ്ടായി.

വംശനാശഭീഷണി നേരിടുന്ന സമുദ്രത്തിലെ ഏറ്റവും വലിയ ജീവിയായ നീലതിമിംഗലവും ഫിൽറ്റർ ഫീഡറുകളുടെ ഗണത്തിൽപ്പെടുന്നു. കടലിനടിയിലെ ഉറച്ചപ്രതലങ്ങളിൽപ്പറ്റി ചലിക്കാതെ ജീവിക്കുന്ന (Sedentary Organism) പലജീവികളും ഫിൽറ്റർ ഫീഡറുകളാണ്. മനുഷ്യൻ ആഹാരമാക്കുന്ന ചിപ്പികളും (Mussels) ആധുനിക വൈദ്യശാസ്ത്രഗവേഷണരംഗത്ത് മറൈൻ ബയോടെക്നോളജിയിലൂടെ മാറാരോഗങ്ങൾക്ക് എതിരെ മരുന്നുകൾ വികസിപ്പിച്ചെടുക്കാനുപയോഗിക്കുന്ന കടലിലെ സ്പോഞ്ചുകൾ മുതലായവയും ഈ ഗണത്തിൽപ്പെട്ടവയാണ്. നാം ഒറ്റത്തവണ ഉപയോഗിച്ചു വലിച്ചെറിയുന്നതരം പ്ലാസ്റ്റിക്കുകളാണ് വേഗത്തിൽ മൈക്രോ പ്ലാസ്റ്റിക്കുകളായി രൂപപരിണാമം പ്രാപിക്കുന്നതെന്നാണ് ഏറെ ആശങ്കയുണർത്തുന്ന കാര്യം.

(തുടരും)

അജപാലനം

ഫാ. ലോറൻസ് കുലാസ്
അജപാലന ശുശ്രൂഷാ ഡയറക്ടർ

ദിവ്യബലിയിലെ വിവിധ ഭാഗങ്ങൾ

പുതിയ ദിവ്യബലി ക്രമത്തിന്റെ വരവോടുകൂടി കൗദാശിക ജീവിതം അർത്ഥവത്താകുവാൻ നിരവധി അവസരങ്ങളാണ് സഭയ്ക്ക് കൈവന്നിരിക്കുന്നത്. അങ്ങനെ വിശ്വാസസമൂഹങ്ങൾക്ക് ഒരു പ്രഘോഷണ സമൂഹമായി മാറുവാൻ വേണ്ട ആധ്യത്മിക ശക്തി ലഭിക്കുന്നു. ദിവ്യബലി അർപ്പണം ഫലപ്രദവും അർത്ഥവത്തുമാകണമെങ്കിൽ ദിവ്യബലിയുടെ വിവിധ ഭാഗങ്ങളും ഓരോ ഭാഗത്തിന്റെ അർത്ഥവും നാം മനസ്സിലാക്കിയിരിക്കണം. ദിവ്യബലിയിൽ പ്രധാനമായും നാല് ഭാഗങ്ങളുണ്ട്.

1. പ്രാരംഭകർമ്മങ്ങൾ

പ്രവേശന ഗാനം, അഭിവാദനം, അനുതാപ കർമ്മം, കർത്താവേ കനിയണമേ, അത്യുന്നതങ്ങളിൽ, സമാഹരണ പ്രാർത്ഥന എന്നിവയാണ് ദിവ്യബലിയിലെ പ്രാരംഭ കർമ്മത്തിൽ ഉൾപ്പെട്ടിട്ടുള്ളത്. "ഈ കർമ്മങ്ങളുടെ ഉദ്ദേശ്യം, സമ്മേളിച്ചിരിക്കുന്ന വിശ്വാസികളെ ഐക്യപ്പെടുത്തി ഒരു സമൂഹമാക്കുക എന്നതും ദൈവവചനം ശരിയാംവണ്ണം ശ്രവിക്കുന്നതിനും ദിവ്യബലി യോഗ്യതയോടെ അർപ്പിക്കുന്നതിനും അവരെ തയ്യാറാക്കുക എന്നതുമാണ്" (GIRM 46). പ്രവേശനഗാനം അനുഷ്ഠാനത്തിന് ആരംഭം കുറിക്കുന്നു. പാപാവസ്ഥയിൽ ജനിച്ച തങ്ങളെ ദൈവം തിരഞ്ഞെടുത്തെന്നും മാമോദീസയിലൂടെ വീണ്ടെടുത്തെന്നും കാർമ്മികനേയും ജനത്തെയും ഓർമ്മിപ്പിക്കുന്നതാണ് അനുതാപകർമ്മം. കുറച്ച്നേരത്തെ മൗനത്തിനുശേഷം ജനം തങ്ങൾ ചെയ്ത പാപങ്ങളെ ഓർത്ത്കൊണ്ട് മനസ്താപം പ്രകടിപ്പിക്കുകയും വൈദീകൻ പാപമോചന പ്രാർത്ഥനചൊല്ലുകയും ചെയ്യുന്നു. എന്നാൽ ഈ പാപമോചന പ്രാർത്ഥനക്ക് അനുരഞ്ജന കൂദാശയുടെ ഫലമുണ്ടാവില്ല. വൈദീകൻ സ്വന്തമായും ബലി അർപ്പിക്കുന്ന ജനത്തിനുവേണ്ടിയും ദൈവത്തിന്റെ കരുണക്കായി ശക്തമായി യാചിക്കുക മാത്രമാണ് ചെയ്യുന്നത്. നാം സ്വീകരിച്ച മാമോദീസായെ കുറിച്ച് ഓർമ്മിപ്പിച്ചുകൊണ്ട് പെസഹാകാലത്തും മറ്റു ഞായറാഴ്ചകളിലും ജലാശീർവാദ പ്രാർത്ഥനയും തീർത്ഥം തളിക്കൽ കർമ്മവും നടത്താവുന്നതാണ്. പ്രാരംഭ കർമ്മങ്ങൾ സമാഹരണ പ്രാർത്ഥനയോടുകൂടി അവസാനിക്കുന്നു.

2. ദൈവവചന പ്രഘോഷണകർമ്മം

ഒന്നാം വായന, പ്രതിവചനസങ്കീർത്തനം, രണ്ടാം വായന, അല്ലേലൂയ, സുവിശേഷപ്രഘോഷണം, പ്രസംഗം, വിശ്വാസപ്രമാണം, വിശ്വാസികളുടെ പ്രാർഥന എന്നിവ ഉൾക്കൊള്ളുന്നതാണ് ദിവ്യബലിയിലെ രണ്ടാം ഭാഗം. രണ്ടാം വത്തിക്കാൻ കൗൺസിൽ ആരാധനക്രമ ആഘോഷത്തിൽ ദൈവവചനത്തിനുള്ള പ്രാധാന്യം എടുത്തുക്കാട്ടുന്നു (SC24). എമ്മാവൂസിലേക്ക് യാത്ര ചെയ്ത ശിഷ്യന്മാരെപോലെ ദൈവവചനം കേട്ട് ഹൃദയങ്ങളും മനസ്സുകളും തുറക്കപ്പെടുന്ന അനുഭവം ദിവ്യബലിയിൽ ക്രൈസ്തവർക്കുണ്ടാവണം (ലൂക്കാ 24:31). ദൈവവചനത്തിലൂടെ അവിടുന്നു സ്വയം നമ്മുടെ മുൻപിൽ വെളിപ്പെടുത്തുന്നു. നമുക്ക് മുൻപിലുള്ള വെല്ലുവിളികളെ ദൈവത്തിന്റെ സഹായത്താൽ നേരിടുവാൻ ദൈവവചന പ്രഘോഷണ സമയത്ത് നാം ഗാനങ്ങളിലൂടെയും പ്രാർത്ഥനയിലൂടെയും നിശ്ശബ്ദതയിലൂടെയും ദൈവത്തിന് പ്രത്യുത്തരം നൽകുന്നു. ദൈവവചനം വായനഗ്രന്ഥത്തിൽ നിന്നുമാകണം പ്രഘോഷിക്കപ്പെടെണ്ടത്. ദൈവവചനം ബൈബിൾ ഡയറിയിൽ നിന്നും, ലഘുലേഖകളിൽ നിന്നും ചെറുപുസ്തകങ്ങളിൽ നിന്നും മറ്റും പ്രഘോഷിക്കപ്പെടുന്നില്ല എന്ന് നമുക്ക് ഉറപ്പിക്കാൻ കഴിയണം.

"വചനപ്രഘോഷണ കർമ്മം ധ്യാനം പ്രോത്സാഹിപ്പിക്കുന്ന തരത്തിലാണു നടത്തപ്പെടേണ്ടത്. അതുകൊണ്ട്, ധ്യാനത്തിനു തടസ്സമായി നില്ക്കുന്ന ഒരുവിധ തിടുക്കവും പാടില്ല" (GIRM) സമ്മേളിച്ചിരിക്കുന്ന സമൂഹവുമായി അനുരൂപപ്പെടുത്തികൊണ്ട് ഈ കർമ്മത്തിൽ നിശ്ശബ്ദ നിമിഷങ്ങൾ ഉൾച്ചേർക്കുന്നത് സമുചിതമാണ്. നിശ്ശബ്ദതയുടെ നിമിഷങ്ങൾ പരിശുദ്ധാത്മാവിന്റെ പ്രചോദനമനുസരിച്ച് ദൈവവചനം ഗ്രഹിക്കുവാനും അതിനോടു പ്രത്യുത്തരിക്കാനും വിശ്വാസികളുടെ ഹൃദയങ്ങളെ ഒരുക്കുന്നു" **(GIRM 56).**

(ശേഷം അടുത്ത ലക്കത്തിൽ)

ലേഖനം

ഫാ. ലോറൻസ് കുലാസ്

ഉത്തരവാദിത്തപൂർണ്ണമായ യുവജന അജപാലനം

ഈ വർഷം ഒക്ടോബർ മാസം റോമിൽ വച്ച് മെത്രാന്മാരുടെ 15-ാം സാധാരണ പൊതു സമ്മേളനം (സിനഡ്) നടക്കുകയാണ്. ഈ സിനഡ് ചർച്ച ചെയ്യാൻ പോകുന്ന വിഷയം ഏറെ പ്രസക്തമാണ്: "യുവജനം, വിശ്വാസം, വിളി സംബന്ധമായ വിവേചിച്ചറിയൽ" (Youth, Faith, Discernment of Vocation"). സിനഡ് പ്രധാനമായും യുവജനങ്ങളെ കുറിച്ചാണ് ചർച്ച ചെയ്യാൻ പോകുന്നത്. ഈ സിനഡിന് ഒരുക്കമായി പ്രാദേശിക സഭകൾ ചർച്ച ചെയ്യേണ്ട പ്രാരംഭ പഠന രേഖയിലെ അവസാനത്തെ അധ്യായം യുവജനങ്ങളുടെ ഇടയിലെ അജപാലന പ്രവർത്തനത്തെ സംബന്ധിച്ച് ഉന്നൽ നൽകുന്നു.

യുവജനപശ്ചാത്തലം

യുവജനങ്ങളുടെ അജപാലനശുശ്രൂഷയിൽ ഏർപ്പെടുമ്പോൾ ഏറെ പ്രത്യേകിച്ച് അവർ ജീവിക്കുന്ന പശ്ചാത്തലം ആദ്യം ഉൾക്കൊള്ളാൻ അജപാലനകർക്കാകണം. കൃത്യമായി പ്രതിപാദിക്കുകയാണെങ്കിൽ ഇന്ന് യുവജനത്തിന്റെ പശ്ചാത്തലം ഏറെ പ്രശംസനീയമാണ്. ഒന്നാമതായി, യുവജനങ്ങൾ ഭൂരിഭാഗവും വിദ്യാസമ്പന്നരാണ്. ഉയർന്ന വിദ്യാഭ്യാസ നിലവാരം ലഭിക്കാൻ അവർ പരിശ്രമിക്കുന്നു. ഇതിന്റെ ഫലമായി Information Technology (IT) മേഖലയിൽ ധാരാളം പേർ തൊഴിൽ ചെയ്യുന്നു. രണ്ടാമതായി, ആത്മീയമായ കാര്യങ്ങളിൽ തല്പരരാകുന്ന യുവജനങ്ങളെ കാണാൻ കഴിയുന്നു. ജീസസ് യൂത്ത്, സ്വമനസാലെ ഒരുമിച്ച് കൂടുന്ന യുവജന സംഘങ്ങൾ, പ്രാർത്ഥനയിലും വചന വിചിന്തനത്തിലും ദിവ്യബലിയിലും ധ്യാനങ്ങളിലും സജ്ജീവരാകുന്നു. കൂടാതെ സഭ സംഘടിപ്പിക്കുന്ന രൂപീകരണ പരിപാടികളിൽ യുവജനങ്ങൾ താല്പര്യപൂർവ്വം പങ്കുചേരുന്നു. മൂന്നാമതായി, സാമൂഹിക പ്രതിബന്ധതയുള്ള യുവജനങ്ങൾ നാടിന്റെ നന്മയ്ക്കായി ഇന്ന് രംഗത്തുണ്ട്. പ്രത്യേകിച്ച് ഓഖി ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ യുവജനങ്ങൾ നല്കിയ സാമൂഹിക പ്രവർത്തനം വിസ്മരിക്കാൻ കഴിയുന്നതല്ല. രാഷ്ട്രീയ രംഗത്ത് പോലും നീതി നിഷ്ടമായ, സമാധാനപരമായ, പിന്നാക്ക വിഭാഗങ്ങളുടെ പുരോഗമനത്തിനായി നിലപാടുകൾ സ്വീകരിക്കുന്ന ധാരാളം യുവജനങ്ങളെ കാണാൻ കഴിയുന്നു. നാലാമാതായി, കഠിനാദ്ധ്വാനം ചെയ്യുന്ന യുവജനങ്ങൾ ധാരാളമുണ്ട്. കുടുംബത്തിന്റെ ഭദ്രതയ്ക്കായി രാത്രിയും പകലും ജോലി ചെയ്യുന്ന; കുടുംബങ്ങളിൽ നിന്ന് അകന്ന് നിന്ന് പോലും സ്വദേശത്തും വിദേശത്തും ജോലി ചെയ്യുന്ന ധാരാളം യുവജനങ്ങൾ കഠിനാധ്വാനത്തിന്റെ മാതൃകകളാണ്.

സംശയാതീതമായ ഈ വസ്തുക്കളോടൊപ്പം യുവജനങ്ങളുടെ ഇടയിൽ അവരെ ദുർബലപ്പെടുത്തുന്ന ഘടകങ്ങളും നാം വിലയിരുത്തേണ്ടിയിരിക്കുന്നു. സാർവ്വത്രീകമായി ചിന്തിക്കുമ്പോൾ, യുവജനങ്ങളെ സംബന്ധിച്ച സിനഡ് പഠനരേഖയിലും പറയുന്നതുപോലെ, ഇന്ന് യുവജനം ജീവിക്കുന്നത് ഡിജിറ്റൽ ലോകത്തിലാണ്; നൂതന സാങ്കേതിക വിദ്യയുടെ, പ്രത്യേകിച്ച് നവമാധ്യമങ്ങളുടെ ലോകത്തിലാണ്. എവിടെ എന്ത് സംഭവിച്ചാലും, അത് യുവജനങ്ങളുടെ വിരൽ തുമ്പിൽ നിമിഷനേരം കൊണ്ട് എത്തുന്നു. നവമാധ്യമ ലോകം യുവതലമുറയെ സംബന്ധിച്ചടത്തോളം അത് അവരുടെ ജീവിതത്തിൽ ഒരു വലിയ ഭാഗം കൈവശപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഫലമായി Facebook, Twitter, WhatsApp

എന്നിവയുടെ ഉപയോഗം യുവജനങ്ങളിൽ വർദ്ധിക്കുന്നു. ഇവയിലെ അപകട സാധ്യതയിൽ യുവജനങ്ങൾ വീഴുന്നതാണ് അവരെ ദുർബലപ്പെടുത്തുന്ന പ്രധാന ഘടകം. ഉദാഹരണം: സൈബർ-ഭീകരത, ചൂതാട്ടം, അശ്ലീല സാഹിത്യം, ചാറ്റിംഗിൽ ഒളിഞ്ഞിരിക്കുന്ന അപകടങ്ങൾ, ആദർശങ്ങളെ ദുരുപയോഗിക്കൽ എന്നിവ.

യുവജനങ്ങളെ ദുർബലപ്പെടുത്തുന്ന മറ്റൊരു ഘടകം അസഹിഷ്ണുതയാണ്. അക്രമ രാഷ്ട്രീയം, വിദ്യാഭ്യാസം അലങ്കോലപ്പെടുത്തൽ, വിഘടനപരമായ പ്രവർത്തനങ്ങൾ എന്നിവയിൽ യുവജനങ്ങൾ പങ്കുകാരാകുന്നില്ലേ എന്ന ചോദ്യം പലവേദികളിലും ഉയരുന്നു. പക്ഷേ അനീതിക്കെതിരെയും മത തീവ്രവാതത്തിനെതിരെയും അക്രമങ്ങൾക്കെതിരെയും ഭൂരിഭാഗം യുവജനങ്ങളും അസഹിഷ്ണുതരാകുന്നില്ല. ഇന്ധന വിലവർദ്ധന, തൊഴിലില്ലായ്മ, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ആക്രമണം എന്നിവയ്ക്കെതിരെയും യുവജനം നിശബ്ദരാകുന്നു. യുവജനങ്ങൾ അഭിമുഖീകരിക്കുന്ന മറ്റൊരു ദുർബല മേഖല തൊഴിലില്ലായ്മയാണ്. ധാരാളം പേർ വിദ്യാഭ്യാസം പൂർത്തിയാക്കുന്നുവെങ്കിലും അവർക്ക് തൊഴിൽ അവസരങ്ങൾ ലഭിക്കുന്നില്ല. സ്വകാര്യവത്കരണം കാരണം അവർക്ക് ലഭ്യമാകുന്ന തൊഴിൽ താല്കാലികം മാത്രമാകുന്നു. മറ്റൊരു ദുർബല ഘടകം യുവജനങ്ങൾ പലരും ദേവാലയ ശുശ്രൂഷകളിൽ, പ്രത്യേകിച്ച് ആരാധനക്രമത്തിന്റെ ഭാഗമാകാതെ, മാറിനില്ക്കുകയോ; പഠനത്തിന്റെയും ജോലിയുടെയും തിരക്കിനിടയിൽ ദേവാലയശുശ്രൂഷകളിലും ക്രിസ്തീയവിശ്വാസജീവിതപരിശീലന പ്രക്രിയയിലും സജ്ജീവരാകാതെയും നില്ക്കുന്നു. ഈ പ്രവണത ഒരു പരിധി വരെ അവരുടെ ആത്മീയ വളർച്ചയെ ദുർബലപ്പെടുത്തുന്നു.

യുവജന അജപാലനം

യുവജനങ്ങളുടെ പശ്ചാത്തലം ഉൾക്കൊണ്ട് എപ്രകാരമാണ് യുവജനങ്ങളോടുള്ള അജപാലന സമീപനം സാധ്യമാക്കേണ്ടത്? സിനഡ് പഠനരേഖ യുവജനഅജപാലനത്തിനായി മൂന്ന് രീതികൾ അവതരിപ്പിക്കുന്നു:

ഒന്ന്, പോകുക (going out):

യുവജനങ്ങളുടെ ഇടയിലെ അജപാലന രീതി ആദ്യമായി "പോകലാണ്." അജപാലകൻ പുറത്തേയ്ക്ക് പോകണം. ഫ്രാൻസീസ് പാപ്പാ പലപ്പോഴായി ആവർത്തിച്ചു പറയുന്നു: "Go to the peripheries" - "ഓരങ്ങളിലേയ്ക്ക് പോവുക." യേശുവിന്റെ അജപാലന സമീപനവും "പോകൽ" ആയിരുന്നു. യേശു ഒരു ഗ്രാമത്തിൽ നിന്നും മറ്റൊരു ഗ്രാമത്തിലേയ്ക്ക് യാത്ര ചെയ്താണ് ജനങ്ങളെ ശുശ്രൂഷിച്ചത്. "യേശു അവരുടെ സിനഗോഗുകളിൽ പഠിപ്പിച്ചും, സ്വർഗ്ഗരാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചും എല്ലാ രോഗങ്ങളും വ്യാധികളും സുഖപ്പെടുത്തിയും എല്ലാ നഗരങ്ങളിലും ഗ്രാമങ്ങളിലും ചുറ്റി സഞ്ചരിച്ചു" (മത്തായി 9:35). ഗ്രാമങ്ങളിലും നഗരങ്ങളിലും ചുറ്റി സഞ്ചരിച്ചുള്ള അജപാലന സമീപനമായിരുന്നു യേശുവിന്റേത്. ഇടവകയോട് ചേർന്ന് നില്ക്കാത്ത, പഠനത്തിന്റെയും ജോലിയുടെയും തിരക്കിനിടയിൽ ദേവാലയത്തിൽ വരാത്ത, യുവജനങ്ങളുടെ അടുക്കലേയ്ക്ക് അജപാലകൻ പോകണം. യുവജനം എവിടെയാണോ അവിടെ അജപാലകൻ പോകേണ്ടിയിരിക്കുന്നു: ജോലിസ്ഥലം, പഠനസ്ഥലം, കളിസ്ഥലം, വായനശാല, Sports club എന്നിവിടങ്ങളിൽ. ഈ ദൗത്യം ഇടവകയിലെ അജപാലകൻ മാത്രം നിർവ്വഹിക്കേണ്ട ഒന്നല്ല. മറിച്ച്, ഒരു ടീം ആയി നിർവ്വഹിക്കപ്പെടണം. "യേശു പട്ടണങ്ങളിലും ഗ്രാമങ്ങളിലും ചുറ്റി സഞ്ചരിച്ച് പ്രസംഗിക്കുകയും ദൈവരാജ്യത്തിന്റെ സുവിശേഷം അറിയിക്കുകയും ചെയ്തു. പന്ത്രണ്ടുപേരും അവനോടുകൂടെ ഉണ്ടായിരുന്നു" (ലൂക്കാ 8:21). പുറത്തേയ്ക്കുപോയുള്ള അജപാലനം യേശു ഒറ്റയ്ക്കല്ല നിർവ്വഹിച്ചത്; ഒരു ടീം ആയിട്ടാണ്: "പന്ത്രണ്ടുപേരും അവനോടുകൂടെ ഉണ്ടായിരുന്നു." അങ്ങനെയെങ്കിൽ യുവജനങ്ങളുടെ അടുത്തേയ്ക്കുള്ള "പോകൽ" ഒരു ടീം ആയി നിർവ്വഹിക്കപ്പെടണം. ചുരുക്കത്തിൽ, യുവജനങ്ങളുടെ ഇടയിലെ അജപാലനം "അടഞ്ഞ മുറിക്കകത്തുള്ള" ശുശ്രൂഷയല്ല; അത് "പുറത്തിറങ്ങിയുള്ള" ശുശ്രൂഷയാണ്. ഈ ശുശ്രൂഷ അജപാലകൻ ഒറ്റയ്ക്കല്ല നിർവ്വഹിക്കേണ്ടത്; മറിച്ച്, ഒരു ടീം ആയിട്ടാണ്.

രണ്ട്, കാണൽ (seeing)

യുവജനങ്ങളുടെ അടുത്തേയ്ക്കു പോകുമ്പോൾ അവരുടെ ജീവിതസാഹചര്യം - അവരുടെ സുഖ ദുഃഖങ്ങൾ - കാണാൻ കഴിയും. അവരുമായുള്ള സൗഹൃദസംഭാഷണത്തിലൂടെ ദേവാലയ ശുശ്രൂഷയിൽ പങ്കുകാരാകാത്തതിന്റെ, Facebook, WhatsApp എന്നി നവ മാധ്യമങ്ങൾ അമിതമായി ഉപയോഗിക്കുന്നതിന്റെ, ലഹരി പദാർത്ഥങ്ങൾക്ക് അടിമയായി

ജീവിക്കുന്നതിന്റെ കാരണങ്ങൾ കാണാൻ കഴിയും. ജനങ്ങൾക്കിടയിൽ ശുശ്രൂഷ ചെയ്തപ്പോൾ യേശുവിന് ജനത്തിന്റെ ജീവിത സാഹചര്യം കാണാൻ കഴിഞ്ഞു. രോഗികൾ, ഭക്ഷണമില്ലാത്തവർ, മുഖ്യാധാരയിൽ നിന്നും പുറന്തള്ളപ്പെട്ടവർ, അവഗണന അനുഭവിക്കുന്നവർ, എന്നീങ്ങനെ. അവരുമായുള്ള യേശുവിന്റെ ഇടപെടൽ അവരെ പൂർണ്ണ മനുഷ്യരാക്കി മാറ്റി. ഇന്ന് യുവജനങ്ങൾക്ക് ഭൗതീക സഹായമല്ല വേണ്ടത്. അവർക്ക് വേണ്ടത് അംഗീകാരമാണ്, സ്നേഹമാണ്. മദർ തെരേസ പറയുന്നതുപോലെ "ഇന്നത്തെ ദാരിദ്ര്യത്തിന്റെ പുതിയമുഖം എന്നത് ഭക്ഷണവും പാർപ്പിടവും ഇല്ലാത്ത അവസ്ഥയല്ല. അതിനെക്കാളുപരി അംഗീകരാവും സ്നേഹവും ഇല്ലാത്ത അവസ്ഥയാണ്." യുവജനം സ്നേഹത്തിനായി ദാഹിക്കുന്നു; അംഗീകാരത്തിനായി ദാഹിക്കുന്നു. ഇതൊക്കെ കാണുക എന്നതാണ് യുവജന അജപാലന സമീപനത്തിലെ രണ്ടാമത്തെ ഘടകം.

മൂന്ന്, വിളി (call):

യേശുവിന്റെ ദൗത്യത്തിലെ ആദ്യ പ്രവർത്തനം "വിളി" ആയിരുന്നു. തന്റെ ദൗത്യത്തിൽ പങ്കുകാരാകാൻ ശിമയോനെയും അന്ത്രയോസിനെയും യാക്കോബിനെയും യോഹന്നാനെയും യേശു വിളിക്കുന്നു (മത്തായി 4:18-22). യുവജന അജപാലനം അവരിലെ വിളി തിരിച്ചറിയാൻ സഹായിക്കണം. നാലുതരം വിളികളാണല്ലോ ഉള്ളത്: ഒറ്റയ്ക്കുള്ള ജീവിതം, ദാമ്പത്യജീവിതം, സന്യസ്തജീവിതം, പൗരോഹിത്യജീവിതം. യുവജനങ്ങളെ തങ്ങളുടെ വിളി തിരിച്ചറിയാൻ സാഹായിക്കുന്നതോടൊപ്പം അവരുടെ വിളിയിലെ ഉൾവിളിയും വിവേചിച്ചറിയാൻ അജപാലകൻ പ്രേരണയാകണം. വിളിക്കുള്ളിൽ ഒരു വിളിയുണ്ട്. മദർ തെരേസ ലേറ്റെറ്റാ സന്യാസ സമൂഹത്തിലെ അംഗമായിരുന്നു. പക്ഷേ കുറച്ചു നാളുകൾക്കുള്ളിൽ മദർ തന്നിലെ ഉൽവിളി തിരിച്ചറിഞ്ഞു: സമൂഹത്തിലെ രോഗികളെയും അനാഥരെയും, പാവപ്പെട്ടവരെയും, പരിചരിക്കുക എന്ന ഉൾവിളി. ഒരു സന്യാസിനിയായി ജീവിക്കുക എന്ന വിളിക്കുള്ളിൽ മറ്റൊരു വിളി മദർ തിരിച്ചറിഞ്ഞു. ഇപ്രകാരം യുവജനങ്ങളിലും സംഭവിക്കണം. എങ്കിലെ രാജ്യം, സമൂഹവും, ഇടവകയും നവമാക്കപ്പെടുകയുള്ളു. വിളിക്കുളിലെ വിളി തിരിച്ചറിയുമ്പോൾ ദരിദ്രരോടും, പാർശ്വവത്ക്കരിക്കപ്പെട്ടവരോടുംമുള്ള കടമ നിറവേറ്റുവാനും, ദേവാലയ ശുശ്രൂഷകളിൽ സജീവരാകുവാനും, അനീതിക്കും അക്രമത്തിനും കൂട്ടു നില്ക്കാതെ, ദൈവരാജ്യമൂല്യങ്ങളായ സമാധാനവും, നീതിയും സ്നേഹവും പുനസ്ഥാപിക്കാൻ യുവജനം തയ്യാറാകും. ഇതാണ് യുവജന അജപാലനം ലക്ഷ്യം വയ്ക്കേണ്ടത്.

യുവജനത്തിനുവേണ്ടിയുള്ള അജാപലനം അവരുടെ ജീവിത സാഹചര്യങ്ങളിലേയ്ക്കുള്ള 'പോകൽ' ആണ്; അവരിലെ അന്തകാരവും വേദനയും "കാണൽ" ആണ്; നിലവിലുള്ള ജീവിത വിളിയിലെ ഉൾവിളി തിരിച്ചറിയാൻ പ്രേരിപ്പിക്കലാണ്. അങ്ങനെ യുവജനങ്ങളെ അന്തകാരത്തിൽ കഴിയുന്നവർക്ക് പ്രകാശമായി, വേദനയനുഭവിക്കുന്നവർക്ക് സാന്ത്വനമായി മാറ്റുവാൻ യുവജനഅജപാലനത്തിലൂടെ സാധ്യമാകുന്നു. യുവജനങ്ങൾക്കുവേണ്ടിയുള്ള ഈ അജപാലന ദൗത്യത്തിൽ അജപാലകരോടൊപ്പം ഏവർക്കും പങ്കുകാരാകാം. ■

കവിത

ആസ്പിഷയ്ക്കൊരു കാവ്യാഞ്ജലി

ഫാ. പോൾ സണ്ണി

നാടുകാണിപ്പെണ്ണിനെ
കാവിയും കാക്കിയും
ഭോഗിച്ചുകൊന്ന കാമഭാരതം

ഇരുൾ പടർന്ന കാട്ടുപൊന്തയിൽ
ഭയം തേച്ച കണ്ണുമായൊരു
കുതിരയെക്കണ്ടുവോ

ഭൂപടങ്ങളിൽ നിന്നും
മാഞ്ഞുപോകുന്ന
നാടോടിക്കുതിരകൾ
ഇരുളിനെയല്ല, പാമ്പിനെയല്ല
നരിയെയല്ല, നരനെയത്രെ പേടി!

കാശ്മീരിൻ താഴ്‌വരയിൽ
നീലക്കണ്ണുകളുടഞ്ഞു
രക്തത്തിലൊട്ടിക്കിടക്കുന്ന
ജമന്തിപ്പൂവാണവ, ളാസിഫാ

വെറിക്കൈകളിൽ മാനം
പിടഞ്ഞറ്റയീ മാലാഖ-
മണിയെന്റെ കുഞ്ഞുപെങ്ങൾ

കൊട്ടും കുരവയുമായി
മണവറ പുകുന്ന
കമ്പോളച്ചന്തമെന്റെ പെങ്ങൾ!
പ്രേമത്തിൻ പുതുമണംവറ്റിയ
പൂവാടിയെന്റെ പെങ്ങൾ

മീൻചന്തയിൽ
കാമച്ചൂണ്ടയിൽ പിടയുന്ന
മീൻകാരിയെന്റെ പെങ്ങൾ

അധികാരപ്പുറമ്പോക്കി-
ലൊലിച്ചുപോയ പുറജാതി-
യാണെന്റെ പെങ്ങൾ

എന്റെ പെങ്ങൾ തിരണ്ടതു
പറയല്ലെയമ്മേ, വിരുന്നുകാർ
വേട്ടക്കാരാകുമമ്മേ!

കേഴുകനാടേ കേഴുക
ധർമ്മം കാപ്പുകെട്ടുപോയി!
ഉയിരും ഉയിർപ്പുമില്ലാത്തവർ
ശബ്ദങ്ങൾ താണുപോയവർ

മാററുത്ത് മാറ്റം രചിച്ച
നങ്ങേലി, നീ വരുമോ
യിനിയും വാളേന്തി
വാഴ്ത്താരിപാടി
പെൺമയക്കങ്ങൾക്ക്
പുനർജ്ജനിയുടെ
കലാപം തീർക്കുവാൻ ...

കാനോൻ നിയമത്തിൽ

ഫാ. ജോസ് ജി.

ഇതര റീത്തുകളിൽപ്പെട്ടവർക്കും ബി.സി.സി. ഭാരവാഹികളാകാം

തിരുവനന്തപുരം ലത്തീൻ അതിരൂപതയിൽപ്പെട്ട ഒരു ഇടവകാംഗമാണ് ഞാൻ. ഞങ്ങളുടെ ഇടവകയിൽ, കുർബാനകളിലും കുടുംബയൂണിറ്റിലെ പ്രതിമാസ യോഗങ്ങളിലും മറ്റുപല കാര്യങ്ങളിലും സഹകരിക്കുന്ന പൗരസ്ത്യ കത്തോലിക്കാ സഭാംഗങ്ങളായ ചില കുടുംബങ്ങളുണ്ട്. അവരിൽ ചിലർ നല്ല നേതൃഗുണമുള്ളവരും ഞങ്ങളോട് വലിയ ആത്മാർത്ഥതയുള്ളവരുമാണ്. അങ്ങനെയുള്ളവരെ ഞങ്ങളുടെ യൂണിറ്റ് ലീഡേഴ്സായി തിരഞ്ഞെടുക്കാൻ കഴിയുമോ?

ഇന്ത്യൻ കത്തോലിക്കാ സഭയിൽ മൂന്ന് റീത്തുകളാണുള്ളത്. ലത്തീൻസഭ, സീറോ മലബാർസഭ, സീറോ മലങ്കരസഭ. സീറോ മലബാർസഭയും സീറോ മലങ്കരസഭയും സ്വയം ഭരണാധികാര പൗരസ്ത്യ കത്തോലിക്കാ സഭകളാണ്. ഓരോ റീത്തിൽപ്പെട്ട സഭയ്ക്കും വിശ്വാസികളെ അവരുടേതായ സഭാപാരമ്പര്യവും ആരാധനക്രമവുമനുസരിച്ച് നയിക്കാനും, ഓരോ വിശ്വാസിക്കും തന്റെ സഭാപാരമ്പര്യവും ആരാധനക്രമവും അനുസരിച്ച് ജീവിക്കാനും അവകാശവും കടമയുമുണ്ട്. പൗരസ്ത്യസഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CCEO) 280 ї1 പ്രകാരം, പൗരസ്ത്യസഭാ വിശ്വാസികൾ, അവർ താമസിക്കുന്ന സ്ഥലത്തെ അവരുടെ സഭാ ഇടവകയിലെ അംഗങ്ങളായിരിക്കും.

കേരളത്തിന് പുറത്ത്, വടക്കേ ഇന്ത്യയോടുചേർന്ന് സീറോ മലബാർ സഭയുടെ മിഷനറി രൂപതകൾ സ്ഥാപിതമായതിന്റെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് സീറോമലബാർ സഭയുടെ അധികാര പരിധി ഇന്ത്യ മുഴുവനും വ്യാപിപ്പിച്ചുകൊണ്ട്, ഭാരതത്തിലെ മെത്രാന്മാരെ അഭിസംബോധന ചെയ്തുകൊണ്ട് 2017 ഒക്ടോബർ മാസം 9-ന് ഫ്രാൻസിസ് പാപ്പ പുറപ്പെടുവിച്ച കത്ത് (ഡിക്രി) നമ്പർ 8 പ്രകാരം, സീറോ മലബാർ സഭാംഗങ്ങൾക്ക്, പ്രസ്തുത സഭാംഗങ്ങളായി തുടർന്നുകൊണ്ടുതന്നെ ലത്തീൻ സഭയിലെ ഇടവകയുടെ പ്രയാണത്തിലും പ്രവർത്തനങ്ങളിലും പൂർണ്ണതോതിലുള്ള പങ്കാളിത്തം അനുവദിക്കുന്നു.

ഇനി, താങ്കളുടെ ഇടവകയിലും കുടുംബയൂണിറ്റിലും സഹകരിക്കുന്ന നേതൃഗുണവും ആത്മാർത്ഥതയുമുള്ള പൗരസ്ത്യ കത്തോലിക്കാ സഭാംഗങ്ങളെ ബി.സി.സി. ഭാരവാഹികളാക്കാൻ കഴിയുമോ എന്നതാണല്ലോ താങ്കളുടെ സംശയം. 09.10.2017-ൽ ഫ്രാൻസിസ് പാപ്പ പുറപ്പെടുവിച്ച കത്ത് (ഡിക്രി) പ്രകാരം, സീറോ മലബാർ സഭാംഗങ്ങളെ ബി.സി.സി.യിലും ഉയർന്ന സമിതികളിലും ഉൾപ്പെടുത്തുന്നതിന് തടസ്സമില്ല. എല്ലാ ഞായറാഴ്ചകളിലും താങ്കളുടെ ഇടവകയിലെ ആരാധനാക്രമത്തിൽ പങ്കെടുത്താലും സീറോമലബാർ സഭയിലെ അവരുടെ അംഗത്വം നിലനില്ക്കുന്നതാണ്.

അഭിനന്ദനങ്ങൾ

കെഎൽസിഎ സംസ്ഥാന സമിതിയുടെ മികച്ച ബിസിനസ് സംരംഭകനുള്ള 'ബിസിനസ് അവാർഡ് 2018' ന് മംഗളം ട്രാവൽസ് & ടൂർസ് മാനേജിംഗ് ഡയറക്ടർ ജെസു അമൃതം തെരഞ്ഞെടുക്കപ്പെട്ടു. പേട്ട സെന്റ് ആൻസ് ഇടവകാംഗവും അതിരൂപതാ പാസ്റ്ററൽ കൗൺസിൽ അംഗവുമാണ് ഇദ്ദേഹം.

ജന്മദിനാശംസകൾ...

ജൂൺ മാസത്തിൽ ജന്മദിനം ആഘോഷിക്കുന്ന **സോണിമോൾക്കും ആന്റണി മോനും**
പപ്പയുടെയും അമ്മയുടെയും പ്രാർത്ഥനാനിർഭരമായ ജന്മദിനാശംസകൾ

- **സെബാസ്റ്റ്യൻ ആന്റണി & ലൂസി സെബാസ്റ്റ്യൻ**
സോണി ഭവൻ, എസ്.എച്ച്.നഗർ, വണ്ടിത്തടം

അഗസ്റ്റിൻ കണിപ്പിള്ളി

ദുരഭിമാനം വരുത്തുന്ന ഭരണ പരാജയങ്ങൾ

കേന്ദ്രഭരണം നാലും കേരള ഭരണം രണ്ടു വർഷങ്ങൾ പൂർത്തിയാക്കിയതിന്റെ വാർഷിക ആഘോഷത്തിരക്കിലാണ് ഭരിക്കുന്നവരും ഭരിക്കപ്പെടുന്നവരും. അന്തരംഗം അഭിമാനപൂരിതമാകുന്നതോ ഞരമ്പുകളിൽ ചോര തിളയ്ക്കുന്നതോ ആയ യാതൊരു ഭരണനേട്ടവും പിന്നിട്ട കാലഘട്ടങ്ങളുടെ പേരിൽ ഇരുസർക്കാരുകൾക്കും അവകാശപ്പെടാനില്ലെങ്കിലും വാഗ്ദാനപ്പെരുമഴയ്ക്ക് ഈ വാർഷികത്തിലും കുറവൊന്നുമില്ല. ഭരിക്കപ്പെടുന്ന സാധാരണ ജനതയുടെ നിസംഗതയാണ് ഭരിക്കുന്നവരുടെ വിജയരഹസ്യം എന്ന കാഴ്ച്പാടിലാണ് ഇപ്പോഴും കാര്യങ്ങൾ നടക്കുന്നത്. നൽകപ്പെടുന്ന വാഗ്ദാനങ്ങളുടെ പാലിക്കപ്പെടിലനെക്കുറിച്ച് അവന് വേവലാധിയില്ല, നിരാശയില്ല, പ്രതിഷേധമില്ല. എന്തുകൊണ്ടെന്നാൽ കാലം അവനെ പഠിപ്പിച്ചത് അനുഭവങ്ങളിലൂടെ നേടിയ ഈ നിസംഗത ശ്രേഷ്ഠമെന്നാണ്. ഈ നിസംഗത വെടിയപ്പെടേണ്ട കാലം കഴിഞ്ഞിരിക്കുന്നുവെന്ന് സമാനതകളാൽ പരസ്പര പൂരകങ്ങളായ കേന്ദ്ര സംസ്ഥാന ഭരണങ്ങൾ പ്രേരിപ്പിക്കുന്നുണ്ട്. പക്ഷേ, കൂട്ടായി പ്രതിഷേധിക്കാൻ ഭാരതത്തിലെയോ കേരളത്തിലെയോ കക്ഷിരാഷ്ട്രീയ ബാഹുല്യം സമ്മതിക്കുന്നില്ലല്ലോ. ഇന്ധന വിലവർധനവിൽ പ്രതിഷേധിച്ച് ജർമ്മനിയിൽ ജനങ്ങൾ നടുറോഡിൽ തങ്ങളുടെ വാഹനങ്ങൾ മുഴുവൻ ഉപേക്ഷിച്ചുപോയതുനാം കണ്ടു. ഭരണകൂടം മുട്ടുമടക്കി. വിലവർധനവ് പിൻവലിച്ചു. അത്തരം ഒരു പ്രതിഷേധം ഭാരതത്തിൽ എന്നല്ല ഈ കൊച്ചുകേരളത്തിൽ പോലും നടപ്പാക്കാനാവില്ല. അങ്ങനെ നടപ്പാകുമായിരുന്നെങ്കിൽ മോദി സർക്കാർ കൊണ്ടുവന്ന നോട്ടുനിരോധനവും ജിഎസ്ടിയും പ്രാബല്യത്തിൽ വരുമായിരുന്നില്ല. ഗോവധത്തിന്റെ പേരിൽ പാവം ഗ്രാമീണർ കൊല്ലപ്പെടുകയും കത്‌വായിലെ പോലുള്ള ബാലികമാർ

ബലാത്സംഗത്തിനിരയായി കൊലചെയ്യപ്പെടുകയും ചെയ്യുമായിരുന്നില്ല. ദുരഭിമാന കൊലപാതകങ്ങളും വർഗീയ കലാപങ്ങളും അവസാനിക്കുമായിരുന്നു. ഇന്ധനവില വർധനവ് നാൾക്കുനാൾ ഉണ്ടാകുമായിരുന്നില്ല. എന്തിന് ഈ കൊച്ചുകേരളം പോലീസ് വാഴ്ചയുടെയും സ്ത്രീപീഡനങ്ങളുടെയും രാഷ്ട്രീയ കൊലപാതകങ്ങളുടെയും നാടായി അധഃപതിക്കില്ലായിരുന്നു.

അതുകൊണ്ടല്ലേ മനസ്സു മരവിച്ചുപോകുന്ന സംഭവവികാസങ്ങൾ ഓരോ ദിവസവും കേരളത്തിൽ അരങ്ങേറിക്കൊണ്ടിരിക്കുന്നത്. കൊലപാതകങ്ങളുടെ ഒരു നീണ്ട നിരതന്നെയുണ്ട് ഈ ഇടതുപക്ഷ സർക്കാരിന്റെ കഴിഞ്ഞ രണ്ടുവർഷത്തെ ഭരണത്തിനിടയിൽ പറഞ്ഞുവയ്ക്കാൻ. 25 രാഷ്ട്രീയ കൊലപാതകങ്ങൾ, 9 കസ്റ്റഡി മരണങ്ങൾ. വിദേശ വനിതപോലും പീഡനത്തിനിരയായി വധിക്കപ്പെട്ടു. അച്ഛൻ മകളെ കൊന്നതും, കോട്ടയം മാന്നാനത്ത് നവവരൻ കൊലചെയ്യപ്പെട്ടതും ദുരഭിമാനത്തിന്റെ മേൽ വിലാസത്തിലാണ്. വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ വ്യാപകമായ ദുരഭിമാന കൊല കേരളത്തിലും അരങ്ങേറിയിരിക്കുന്നു. നവവരൻ കെവിന്റെ മരണത്തിനും, വരാപ്പുഴയിൽ നിരപരാധിയായ ശ്രീജിത്ത് എന്ന യുവാവിന്റെ കസ്റ്റഡി മരണത്തിനും ഉത്തരവാദികളായവർ മനുഷ്യന്റെ ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ നിയോഗിക്കപ്പെട്ട നീതിപാലകർ തന്നെയാണ്. ക്രിമിനലുകളായ പോലീസുകാരെ ന്യായീകരിക്കാനും പ്രോത്സാഹിപ്പിക്കാനും ഭരണകൂടങ്ങളും രാഷ്ട്രീയ നേതൃത്വവും മുന്നിട്ടിറങ്ങുമ്പോൾ പിന്നെ എങ്ങനെ നാട്ടിൽ നീതി നടപ്പാക്കാനാകും. ഇത്തരം നടപടികളുടെ ആദ്യന്ത്യഫലമായിട്ടാണ്. നാട്ടിൽ അരക്ഷിതാവസ്ഥ ഉടലെടുക്കുന്നത്. ഇത്തരം അരക്ഷിതാവസ്ഥകൾ തങ്ങളെ ബാധിക്കില്ലെന്ന ഭരണാധികാരികളുടെ ധാർഷ്ഠ്യം കൂടിയാകുമ്പോൾ. അത് വർഗീയതയ്ക്കും, ഭീകരവാദത്തിനും വഴിമാറും. അത്തരം ഒരു അവസ്ഥയിലേക്ക് ദൈവത്തിന്റെ സ്വന്തം നാടിനെ തള്ളിവിടരുത് എന്നാണ് ഈ വാർഷികാഘോഷവേളയിൽ പറയാനുള്ളത്. അത്തരം സാഹചര്യങ്ങളെ ഇല്ലായ്മ ചെയ്യുന്ന നടപടികളാണ് വരും നാളുകളിൽ ഭരണ നേതൃത്വം സ്വീകരിക്കേണ്ടത്. കസ്റ്റഡി മരണങ്ങളിൽ കർശനമായ നടപടികൾ ഉണ്ടാകണം. സസ്പെൻഷൻ എന്ന ബാലിശമായ ശിക്ഷയല്ല, ശാശ്വതമായ ശിക്ഷാവിധികളാണ് ഉണ്ടാകേണ്ടത്. കേരള പോലീസിനെതിരെ ഇങ്ങനെ പറയേണ്ടിവന്നത് സമീപകാല കേരള ചരിത്രം പോലീസിനെതിരായതുകൊണ്ടു തന്നെയാണ്. പോലീസിന്റെ നിഷ്ക്രിയത്വവും, പക്ഷപാതവും ദാർഷ്ഠ്യവും പ്രതികൂട്ടിൽ നിർത്തിയത് സംസ്ഥാനത്തെ ക്രമസമാധാന നിലയേയും ആഭ്യന്തരവകുപ്പ് കൈകാര്യം ചെയ്യുന്ന മുഖ്യമന്ത്രിയേയുമാണ്. മാനവ വികസന സൂചികയിൽ ഉയർന്ന സ്ഥാനത്ത് നിൽക്കുന്ന ഇന്ത്യയിലെ ഏക സംസ്ഥാനമെന്ന ഐക്യരാഷ്ട്ര സഭയുടെ അംഗീകാരം ഉൾപ്പെടെ ഒട്ടേറെ ബഹുമതികൾ ലഭിച്ചിട്ടുള്ള കേരളം പോലീസ് നടപടികളുടെ പേരിൽ അപമാനിതമാകാൻ പാടില്ലെന്ന പൗരബോധമാണ് ഇങ്ങനെ പറയിക്കുന്നത്.

കേരള ജനതയ്ക്ക് പ്രതിഷേധിക്കാനും പ്രതികരിക്കാനും അറിയില്ലെന്ന് കരുതുന്നത് ശരിയല്ല. അളമുട്ടിയാൽ ചേരയും കടിക്കുമെന്നതുപോലെ കാര്യസാധ്യത്തിനുവേണ്ടി ഓഫീസുകൾ കയറിയിറങ്ങി ജീവിതം മരവിച്ചുതുടങ്ങിയപ്പോൾ വില്ലേജ് ഓഫീസുകൾക്ക് തീയിട്ട രണ്ട് കർഷകർ ഉള്ള നാടാണിത്. ഇത്തരം പ്രതിഷേധങ്ങളെ ന്യായീകരിക്കുന്നില്ലെങ്കിലും മന്ത്രിമാർ മുതൽ ശിപായിവരെയുള്ള സർക്കാർ ഉദ്യോഗസ്ഥരെ തീറ്റിപോറ്റുന്ന നികുതിദായകരെ വെറും സമ്മതിദായകർ മാത്രമായി കാണരുത്. അവരാണ് യഥാർത്ഥത്തിൽ യജമാനന്മാർ. ഈ ബോധ്യവും തിരിച്ചറിവും സാധാരണക്കാരന്റെ ആവശ്യങ്ങളും പ്രശ്നങ്ങളും പരിഹരിക്കാനുള്ള ചാലകശക്തിയാകണം. ദുരിതാശ്വാസ പ്രവർത്തനം. പൊതുവിതരണരംഗം, ആരോഗ്യ-വിദ്യാഭ്യാസ മേഖലകൾ, ഇന്ധന-നിത്യോപയോഗ സാധന വിലവർധനവ്, പീഡനങ്ങൾ, മദ്യം, മയക്കുമരുന്ന് തുടങ്ങിയ സാമൂഹ്യതിന്മകൾ എന്നിവയ്ക്ക് പരിഹാരവും പ്രതിവിധിയും മനുഷ്യന്റെ ജീവനും സ്വത്തിനും സംരക്ഷണവും മുഖ്യമന്ത്രിയുടെയും സാധാരണക്കാരന്റെയും ജീവന് ഒരേ വിലയാണെന്നും ഉറപ്പാകുമ്പോഴാണ് ഏതൊരു ഭരണവും മികച്ചതെന്ന് വിധിയെഴുതപ്പെടുന്നത്.

മൂന്നാറിലും, കീഴാറ്റൂരിലും സമരങ്ങളോട് കാണിച്ച അസഹിഷ്ണുതയും പാവപ്പെട്ടവനെ വിട്ട് കോർപ്പറേറ്റുകളോടും, മദ്യലോബികളോടും കൂട്ടുകൂടുന്ന പ്രവണതയും, ക്രമസമാധാനപാലനസേനയുടെ ദാർഷ്ട്യവും പക്ഷപാതിത്തവും തുടർന്നാൽ കേരളവും ചില വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളുടെ പട്ടികയിൽ സ്ഥാനം നേടും. സാക്ഷരതയിലും ആരോഗ്യ പരിരക്ഷയിലും മുൻപന്തിയിൽ നിൽക്കുന്ന കേരളത്തെ ഭീകര സംസ്ഥാനമായി അധഃപതിപ്പിക്കാൻ ഇടനൽകാത്ത ഭരണമായിരിക്കും തുടർ വർഷങ്ങളിൽ സംഭവിക്കുന്നതെന്ന് പ്രതീക്ഷിക്കാം. ■

ഓഖി: കൈത്താങ്ങുമായി 'സാന്ത്വനം മംഗല്യം'

തിരുവനന്തപുരം: ഓഖി ദുരന്തത്തിന്റെ ദുരിതം പേറുന്ന യുവതികൾക്ക് ലത്തീൻ അതിരൂപതാ കുടുംബ പ്രേഷിത ശുശ്രൂഷയുടെ കൈത്താങ്ങ് അതിരൂപത പ്രഖ്യാപിച്ച പുനഃരധിവാസ പാക്കേജിന്റെ ഭാഗമായി ചുഴലിക്കാറ്റ് ദുരന്തത്തിൽപ്പെട്ട കുടുംബങ്ങളിലെയും സമാനസാഹചര്യത്തിൽ ജീവിക്കുന്ന കുടുംബങ്ങളിലെയും സാന്ത്വനം മംഗല്യം പദ്ധതിയിലുൾപ്പെടുത്തി 28 യുവതികൾക്ക് സഹായം വിതരണം ചെയ്തു.

സാമൂഹ്യതിന്മകളും ധൂർത്തുമാണ് ഇന്നു സമൂഹം നേരിടുന്ന പ്രധാന വെല്ലുവിളികളെന്നും ഇവയെ ജീവിതത്തിൽ നിന്നും അകറ്റിനിർത്താൻ കഴിഞ്ഞാൽ സമൂഹത്തിന്റെ ദൈനംദിന പ്രശ്നങ്ങൾ ഒരു പരിധിവരെ പരിഹരിക്കാൻ കഴിയുമെന്നും കെ സി ബി സി പ്രസിഡന്റും തിരുവനന്തപുരം ലത്തീൻ അതിരൂപതാധ്യക്ഷനുമായ ആർച്ച്ബിഷപ്പ് ഡോ സൂസപാക്യം പറഞ്ഞു. നമ്മുടെ സമൂഹങ്ങൾക്കിടയിൽ ഇന്നു നിലനിൽക്കുന്ന ആർഭാടവും ധൂർത്തും ഉപേക്ഷിക്കാൻ തയ്യാറായാൽ ഒട്ടറെ സാധുകുടുംബങ്ങളെ ജീവിതത്തിന്റെ മുഖ്യധാരയിലേക്കു കൈപിടിച്ചു നടത്താൻ നമുക്കു കഴിയും. തിരുവനന്തപുരം ലത്തീൻ അതിരൂപത കുടുംബപ്രേഷിത ശുശ്രൂഷയുടെ ആഭിമുഖ്യത്തിൽ സാന്ത്വനം മംഗല്യം പദ്ധതിയിൽപ്പെടുത്തി 28 നിർധന യുവതികൾക്കു നൽകുന്ന വിവാഹ ധനസഹായത്തിന്റെ ഉത്ഘാടന സമ്മേളനത്തിൽ അദ്ധ്യക്ഷം വഹിച്ച് പ്രസംഗിക്കുകയായിരുന്നു ആർച്ച്ബിഷപ്പ്.

തീരദേശം ഉൾപ്പടെയുള്ള ഗ്രാമപ്രദേശങ്ങളിൽ സാമ്പത്തിക പിന്നോക്കാവസ്ഥ കാരണം ഒട്ടേറെ കുടുംബങ്ങളിലെ യുവതികൾക്ക് വിവാഹിതരാകാൻ കഴിഞ്ഞിട്ടില്ല. ഇതിനു പരിഹാരം കാണാൻ ജനങ്ങൾ മുന്നോട്ടു വരണമെന്നും ആർച്ച് ബിഷപ്പ് ആഹ്വാനം ചെയ്തു.

തീരദേശമേഖലയുടെ സമഗ്ര വികസനത്തിനായി ഒരു ബൃഹത് കർമ്മ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ സംസ്ഥാന സർക്കാർ മുന്നോട്ടു വരണമെന്നും ഇക്കാര്യത്തിൽ സഭയും സർക്കാരും കൈകോർത്ത് പ്രവർത്തിക്കാൻ തയ്യാറാകണമെന്നും സമ്മേളനം ഉത്ഘാടനം ചെയ്ത തിരുവനന്തപുരം മേയർ അഡ്വ. വി. കെ പ്രശാന്ത് പറഞ്ഞു. ഓഖി പോലെയുള്ള ദുരന്ത കാലഘട്ടങ്ങളിൽ ദുരിതബാധിത മേഖലയിൽ സഭ നടത്തിയ പ്രവർത്തനം ശ്ലാഘനീയവും മാതൃകാപരവുമാണെന്നും അദ്ദേഹം പറഞ്ഞു.

സമ്മേളനത്തിൽ വച്ച് കുടുംബപ്രേഷിത ശുശ്രൂഷയുടെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന ലാറ്റിൻ മാട്രിമോണി വെബ്സൈറ്റിന്റെ ഉത്ഘാടനം അതിരൂപതാ സഹായമെത്രാൻ ഡോ. ക്രിസ്തുദാസ് നിർവ്വഹിച്ചു. ഡോ. ജോർജ് ഓണക്കൂർ മുഖ്യപ്രഭാഷണം നടത്തി. മോൺ. യൂജിൻ എച്ച് പെരേര, മോൺ. ജയിംസ് കുലാസ്, കുടുംബപ്രേഷിത ശുശ്രൂഷാ ഡയറക്ടർ ഫാ. എ ആർ ജോൺ തുടങ്ങിയവർ പ്രസംഗിച്ചു.

തിരുവനന്തപുരം അതിരൂപതയുടെ സാന്ത്വനം മംഗല്യം പദ്ധതിയനുസരിച്ച് നിർധന കുടുംബങ്ങളിളെ യുവതികൾക്കുള്ള വിവാഹ ധനസഹായം വിതരണം ചെയ്തപ്പോൾ സഹായം ലഭിച്ച കുടുംബാംഗങ്ങൾ ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം, സഹായമെത്രാൻ ഡോ. ആർ.ക്രിസ്തുദാസ്, മേയർ വി.കെ.പ്രശാന്ത്, മോൺ. യൂജിൻ എച്ച് പെരേര, മോൺ. ജെയിംസ് കുലാസ്, ഡോ. ജോർജ്ജ് ഓണക്കൂർ ഫാ. എ.ആർ.ജോൺ എന്നിവരോടൊപ്പം

ഓഖി ദുരിതാശ്വാസം 11 ലക്ഷം രൂപ കൂടി വിതരണം ചെയ്തു

തിരുവനന്തപുരം: ഓഖി ദുരിതാശ്വാസമായി 1187443 രൂപാ കൂടി വിതരണം ചെയ്തു. വിവാഹം, വിദ്യാഭ്യാസം, ചികിത്സ എന്നിവയ്ക്കായിട്ടാണ് തിരുവനന്തപുരം ലത്തീൻ അതിരൂപതാ ഓഖി ദുരന്തപുനഃരധിവാസ നിധിയിൽ നിന്നും ഈ തുക വിതരണം ചെയ്തത്. ഇതോടെ ഓഖി ദുരിതാശ്വാസമായി ഇതുവരെ 2145961 8 രൂപ വിതരണം ചെയ്തുകഴിഞ്ഞു.

ട്രിവാൻഡ്രം സോഷ്യൽ സർവ്വീസ് സൊസൈറ്റി ഗോൾഡൻ ജൂബിലി സ്മാരകമായി പണികഴിപ്പിച്ച കെട്ടിട സമുച്ചയം ഇതിന്റെ ആശീർവാദവും ഉദ്ഘാടനവും അതിരൂപതാ അധ്യക്ഷൻ ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം നിർവഹിച്ചു. സഹായമെത്രാൻ ഡോ. ക്രിസ്തുദാസ്.ആർ, ടിഎസ്എസ്എസ് പ്രസിഡന്റ് മോൺ. യൂജിൻ പെരേര, സെക്രട്ടറി ഫാ. ലെനിൻരാജ്, സിഎഫ്എസ് എക്സിക്യൂട്ടീവ് സെക്രട്ടറി ഷാജിൻ ജോസ്, ടിഎസ്എസ്എസ് അസി. സെക്രട്ടറി ഫാ. ഡോണി ഡി പോൾ എന്നിവർ സന്നിഹിതരായിരുന്നു

ദൈവസ്നേഹത്താൽ യഥാർത്ഥ ദേവാലയങ്ങൾ സൃഷ്ടിക്കപ്പെടണം

മലമുകൾ: സ്നേഹത്താൽ ഒന്നിക്കുന്ന ദൈവജനസമൂഹമാണ് ദൈവം ആഗ്രഹിക്കുന്ന യഥാർത്ഥ ദേവാലയമെന്ന് ഓരോ വ്യക്തിയും കുടുംബവും ദൈവസ്നേഹത്തിന് സാക്ഷ്യം വഹിക്കുന്നതിലൂടെ യഥാർത്ഥ ദേവാലയങ്ങളുടെ സജീവ ശിലകളായി മാറണമെന്നും തിരുവനന്തപുരം അതിരൂപതാ അധ്യക്ഷൻ ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം പറഞ്ഞു.

സ്വാർത്ഥത കൈവെടിഞ്ഞ് സ്വന്തം ഇഷ്ടാനിഷ്ടങ്ങൾ ബലി കഴിച്ച് ദൈവത്തിന് സ്വീകാര്യമായത് സാധ്യമാക്കി കൊടുക്കുന്നതിന്റെ അടയാളമായി ദേവാലയങ്ങൾ മാറണമെന്നും ആർച്ച്ബിഷപ്പ് പറഞ്ഞു. പുതുതായി നിർമ്മിച്ച മലമുകൾ സെന്റ് സ്റ്റെബസ്റ്റ്യാനോസ് ഇടവക ദേവാലയ അശീർവ്വദിച്ച് വിശ്വാസികൾക്ക് സമർപ്പിച്ചുകൊണ്ട് സന്ദേശം നൽകുകയായിരുന്നു രൂപതാധ്യക്ഷൻ. ദൈവം ആഗ്രഹിക്കുന്ന ദേവാലയം ഏതെന്ന് മനസ്സിലാക്കാനും അത് പണിയാനും കഴിഞ്ഞിട്ടുണ്ടോ എന്ന് ഇത്തരുണത്തിൽ ആത്മപരിശോധന നടത്തണമെന്നും ആർച്ച് ബിഷപ്പ് പറഞ്ഞു. ദേവാലയ അശീർവ്വാദത്തോടനുബന്ധിച്ച് ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യത്തിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്ന ദിവ്യബലിയിൽ മോൺ. യൂജിൻ പെരേര, മോൺ നിക്കോളാസ് ടി, ഫാ. ജോസ് ജി, തുടങ്ങിയവർ സഹകാർമ്മികരായിരുന്നു.

പുതുതായി നിർമ്മിച്ച മലമുകൾ സെന്റ് സെബാസ്റ്റ്യൻസ് ഇടവക ദേവാലയത്തിന്റെ ആശീർവാദകർമ്മം ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം നിർവഹിച്ചു

തൊഴിലാളി ദിനവും മാതൃദിനവും ആഘോഷിച്ചു

തിരുവനന്തപുരം: വലിയതുറ ഫെറോനയിൽ മത്സ്യത്തൊഴിലാളി ഫോറവും മത്സ്യവിപണന സ്ത്രീ ഫോറവും സംയുക്തമായി തൊഴിലാളി ദിനവും മാതൃദിനവും ആഘോഷിച്ചു. തോപ്പ് കമ്മ്യൂണിറ്റിഹാളിൽ ആരംഭിച്ച ആഘോഷപരിപാടി ഫെറോന വികാരി റവ.ഫാ.സൈറസ് കളത്തിൽ ഉത്ഘാടനം ചെയ്തു. റ്റി.എസ്.എസ്.എസ്. ഫെറോന കോഡിനേറ്റർ ഫാ.പോൾ ജി അദ്ധ്യക്ഷത വഹിച്ചു. രൂപത സ്ത്രീ ശിശുവിഭാഗം കോഡിനേറ്റർ സിസ്റ്റർ ഷിജി, റ്റി.എം.എഫ്. ഫെറോന വൈസ് പ്രസിഡന്റ് ഗോഡ്ഫ്രെ എന്നിവർ ആശംസകൾ അർപ്പിച്ചു. സാമൂഹ്യശാസ്ത്രജ്ഞൻ എ.ജെ.വിജയൻ തീരപരിപാലന നിയമത്തിന്റെ കരട് രേഖ അവതരിപ്പിച്ചു. ഫെറോന റ്റി.എം.എഫ്. പ്രസിഡന്റ് ജോർജ്ജ് കുട്ടി, ഫെറോന മത്സ്യവിപണന ഫോറം പ്രസിഡന്റ് മാഗിലൂയീസ് എന്നിവർ പ്രസംഗിച്ചു.

തൊഴിലാളിദിനം ആചരിച്ചു

പേട്ട: കെഎൽഎമ്മിന്റെ ആഭിമുഖ്യത്തിൽ പേട്ട ഫെറോനയിൽപ്പെട്ട വിവിധ ഇടവകകളിൽ തൊഴിലാളി ദിനം ആചരിച്ചു. ദിവ്യബലി കെഎൽഎം പതാക ഉയർത്തൽ പൊതു സമ്മേളനങ്ങൾ തുടങ്ങിയ പരിപാടികളോടെയണ് തൊഴിലാളി ദിനാചരണം നടന്നത്.

മുട്ടട: ഇടവകയിൽ തൊഴിലാളി ദിനാചരണത്തിന്റെ ഭാഗമായി അസംഘടിത തൊഴിലാളികളുടെ അവകാശങ്ങളെക്കുറിച്ച് ബോധവൽക്കരണ ക്ലാസും സംഘടിപ്പിച്ചു. അഡ്വ. വീരകുമാർ ക്ലാസിന് നേതൃത്വം നൽകി.

ചെറുവയ്ക്കൽ: ഇടവകയിൽ പായസ വിതരണത്തോടെയാണ് തൊഴിലാളി ദിനാചരണം സമാപിച്ചത്.

ത്രിദിന സഹവാസ ക്യാമ്പ്

തിരുവനന്തപുരം: ഓഖി ദുരിതബാധിതരുടെ മക്കൾക്കുവേണ്ടി ജീവിത വിജയ നൈപുണി പരിശീലന ക്യാമ്പ് നടത്തി. രാജഗിരി ഔട്ട് റീച്ചിന്റെ നേതൃത്വത്തിൽ വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ നടന്ന ത്രിദിന ക്യാമ്പ് മോൺ. യൂജിൻ പെരേര ഉദ്ഘാടനം ചെയ്തു. മോൺ. ജെയിംസ് കുലാസിന്റെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ അതിരൂപതാ വിദ്യാഭ്യാസ ഡയറക്ടർ ഫാ. ഡൈസൻ, മുൻ വിദ്യാഭ്യാസ ഡയറക്ടർ ഫാ. ശാന്തപ്പൻ, ശോഭ.എസ്, രാജീവ് ആർ, ലളിത.എ.ആർ എന്നിവർ പ്രസംഗിച്ചു.

യുപി, ഹൈസ്കൂൾ, ഹയർ സെക്കന്ററി വിഭാഗങ്ങളിൽ നിന്നായി 48 വിദ്യാർത്ഥികളും സെന്റ് ജേക്കബ് ബി.എഡ് ട്രയിനിംഗ് കോളേജിലെ 30 വിദ്യാർത്ഥികളും അദ്ധ്യാപകരും ക്യാമ്പിൽ പങ്കെടുത്തു.

കെ.ആർ.എൽ.സി.സി. ക്രിസ്തീയവിശ്വാസജീവിതപരിശീലനകമ്മിഷൻ സ്ക്കോളർഷിപ് പരീക്ഷയ്ക്ക് അതിരൂപതയിൽ നിന്ന് യോഗ്യരായ വിദ്യാർത്ഥികൾ അജപാലനശുശ്രൂഷ ഡയറക്ടർ, അസ്സിസ്റ്റന്റ് ഡയറകടർ, സെക്രട്ടറി എന്നിവരോടൊപ്പം

റ്റിഎസ്എസ്എസ് വലിയതുറ ഫൊറോനയിൽ

വലിയതുറ: റ്റിഎസ്എസ്എസ് ഇടവക യൂണിറ്റുകളുടെ പ്രവർത്തനം വലിയതുറ ഫൊറോനയിൽ സജീവമായി. തോപ്പ് ഇടവകയിൽ കുട്ടികൾക്കായി ജീവിതശൈലി രോഗങ്ങളെക്കുറിച്ച് ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു. 30 കുട്ടികൾ പങ്കെടുത്ത ക്ലാസിന് ഹെൽത്ത് ആനിമേറ്റർ ലീലാമ്മ നേതൃത്വം നൽകി. സിസ്റ്റർ സലോമി ക്ലാസ് നയിച്ചു.

ചെറിയതുറ: ഇടവകയിൽ ഫിഷ് വെൻഡിംഗ് സ്ത്രീകൾക്കായി ക്യാൻസർ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു. കോഡിനേറ്റർ ലിസി ക്ലാസ് നയിച്ചു. ആനിമേറ്റർ ലീലാമ്മ നേതൃത്വം നൽകി.

കൊച്ചുതോപ്പ്: ഇടവകയുടെ നേതൃത്വത്തിൽ റ്റിഎസ്എസ്എസ് പ്രവർത്തകർ കടലാക്രമണ ദുരിതബാധിത പ്രദേശങ്ങൾ സന്ദർശിച്ചു. ഇടവക വികാരി ഫാ. ജോയ് സി.മാത്യു സന്ദർശന പരിപാടികൾക്ക് നേതൃത്വം നൽകി.

ഗ്രാമദീപം പരിപാടിക്ക് സമാപനം കുറിച്ചുനടന്ന റാലി ഇടവക വികാരി ഫാ. നിക്കോളാസ് ഫ്ളാഗ് ഓഫ് ചെയ്യുന്നു. സഹവികാരി ഫാ. ദീപക് ആന്റോ സമീപം

ഗ്രാമദീപം – 2018

പാളയം : പാളയം സെന്റ് ജോസഫ്സ് മെട്രോപൊളിറ്റൻ ഇടവക ടിഎസ്എസ്എസിന്റെയും സർക്കാർ എക്സൈസ് വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ ഒരാഴ്ച നീണ്ടുനിന്ന ലഹരിവിരുദ്ധ ക്യാമ്പയിൻ "ഗ്രാമദീപം 2018' സംഘടിപ്പിച്ചു. ഡോ. ജോർജ്ജ് ജെ.ഗോമസ് പരിപാടി ഉദ്ഘാടനം ചെയ്തു. സെമിനാറുകൾ, മെഡിക്കൽ ക്യാമ്പ്, ഷോർട്ട് ഫിലിം, തെരുവുനാടകം, സമാപന റാലി എന്നിവയോടെ ഗ്രാമദീപം പരിപാടി സമാപിച്ചു. ഇടവകവികാരി ഫാ. നിക്കോളാസ് ഉദ്ഘാടനം ചെയ്തു.

ദളിതർക്കുള്ള ഭവന നിർമ്മാണ സഹായധനം വിതരണം ചെയ്തു

തിരുവനന്തപുരം: കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ കീഴിൽ പ്രവർത്തിക്കുന്ന എസ്.സി, എസ്.ടി, ബി.സി. കമ്മീഷന്റെ ഭവന നിർമ്മാണ സഹായധനം ഒൻപത് പേർക്ക് വിതരണം ചെയ്തു. തിരുവനന്തപുരം ലത്തീൻ അതിരൂപത അല്മായ ശുശ്രൂഷാ ഡയറക്ടർ എം.ആർക്കാഞ്ചലോ ധനസഹായ വിതരണം ഉദ്ഘാടനം ചെയ്തു. മലങ്കര അതിരൂപതാ ഡി.സി.എം.എസ് ഡയറക്ടർ ഫാ. ജോൺ അരീക്കൽ, ഡി.സി.എം.എസ് തിരുവനന്തപുരം അതിരൂപതാ പ്രസിഡന്റ് ജോർജ്ജ് പള്ളിത്തുറ എന്നിവർ പ്രസംഗിച്ചു.

ലഹരിവിരുദ്ധ ബോധവത്ക്കരണ ക്ലാസ്സ്

കുടപ്പനക്കുന്ന്: പാളയം ഫെറോനയിലെ കുടപ്പനക്കുന്ന് ഇടവകയിൽ ടിഎസ്എസ്എസിന്റെ നേതൃത്വത്തിൽ ലഹരിവിരുദ്ധ ബോധവത്ക്കരണക്ലാസ്സ് സംഘടിപ്പിച്ചു. ആന്റി നാർക്കോട്ടിക്സ് സ്കാഡ് എക്സൈസ് ഇൻസ്പെക്ടർ അഭിലാഷ് ക്ലാസെടുത്തു.104 അംഗങ്ങൾ ക്ലാസ്സിൽ പങ്കെടുത്തു. ക്ലാസ്സിന് ടിഎസ്എസ്എസ് എക്സിക്യൂട്ടീവ്, റീജണൽ ആനിമേറ്റർ എന്നിവർ നേതൃത്വം നൽകി.

ബിഎസ്സി നഴ്സിംഗ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു

തിരുവനന്തപുരം: ജൂബിലി മെമ്മോറിയൽ ഹോസ്പിറ്റലിനോടനുബന്ധിച്ച് പ്രവർത്തിക്കുന്ന കേരളാ നേഴ്സിംഗ് കൗൺസിലിന്റെയും ഇന്ത്യൻ നഴ്സിംഗ് കൗൺസിലിന്റെയും കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസിന്റെയും അംഗീകാരമുള്ള ലിറ്റിൽ ഫ്ളവർ കോളേജ് ഓഫ് നഴ്സിംഗിൽ ബിഎസ്സി നഴ്സിംഗ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു.

2018 ആഗസ്റ്റിൽ ആരംഭിക്കുന്ന 40 സീറ്റുകളുള്ള 4 വർഷത്തെ ഈ കോഴ്സിലേക്ക് പ്ളസ്ടു കോഴ്സിൽ ഫിസിക്സ്, കെമിസ്ട്രി, ബയോളജി & ഇംഗ്ലീഷ് എന്നീ വിഷയങ്ങൾക്ക് മിനിമം 50 ശതമാനം മാർക്കുള്ളവർക്ക് അപേക്ഷിക്കാവുന്നതാണ്.

ഓൺലൈൻ അപേക്ഷാ സംവിധാനം ലിറ്റിൽ ഫ്ളവർ കോളേജ് ഓഫ് നേഴ്സിംഗിന്റെ ഓഫീസിൽ നിന്നും 2018 ജൂൺ 16 വരെ ലഭ്യമാണ്. അപേക്ഷാ ഫീസ് 750 രൂപ.

കെഎൽസിഎ തൈക്കാട് യൂണിറ്റിന്റെ പത്താമത് വാർഷികാഘോഷം കെഎൽസിഎ അതിരൂപതാ മാനേജിംഗ് കമ്മിറ്റി അംഗം അഡ്വ. എം.എ. ഫ്രാൻസിസ് ഉദ്ഘാടനം ചെയ്യുന്നു. അൽമായ ശുശ്രൂഷാ കൺവീനർ അഗസ്റ്റിൻ എൻ, കെഎൽസിഎ പാളയം ഫെറോനാ പ്രസിഡന്റ് മോസസ് ഫെർണാണ്ടസ്, കെഎൽസിഡബ്ല്യൂഎ അതിരൂപതാ പ്രസിഡന്റ് ഷേർളി ജോണി, യൂണിറ്റ് പ്രസിഡന്റ് ലൂസി പീറ്റർ, യൂണിറ്റ് പ്രസിഡന്റ് സ്റ്റീഫൻ കാഗു, കെഎൽസിഡബ്ല്യൂഎ പാളയം ഫെറോനാ വൈസ് പ്രസിഡന്റ് ജസീന്ത എന്നിവർ സമീപം

വാർത്തകൾ

തിരുവനന്തപുരം: യുണൈറ്റഡ് ക്രിസ്ത്യൻ മൂവ്മെന്റ് തിരുവനന്തപുരം മേഖല ജനറൽ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട ഓസ്കർ എ.ലോപ്പസ്. പാളയം സെന്റ് ജോസഫ് കത്തീഡ്രൽ ഇടവക കൗൺസിൽ സെക്രട്ടറി കൂടിയാണദ്ദേഹം.

അവധിക്കാല സംഗമം

വലിയതുറ: വലിയതുറ ഫെറോനാ വിദ്യാഭ്യാസ ശുശ്രൂഷാ സമിതിയുടെ ആഭിമുഖ്യത്തിൽ കുട്ടികൾക്കായി വെട്ടുകാട് എൽ.പി. സ്കൂളിൽ വച്ച് അവധിക്കാല സംഗമം സംഘടിപ്പിച്ചു. സംഗമം ഫെറോനാ വികാരി ഫാ. സൈറസ് കളത്തിൽ ഉദ്ഘാടനം ചെയ്തു. ഫാ. ജോസ് ദിലീപ് അധ്യക്ഷനായിരുന്നു. ചൈൽഡ് ലൈൻ കോ-ഓർഡിനേറ്റർ ജോബി, സി.ലീനാ, ജോളി മാസ്, ഫാ. ഷിന്റോ മാത്യു എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസുകൾ നയിച്ചു.

കേരള യൂണിവേഴ്സിറ്റി നടത്തിയ എംകോം പരീക്ഷയിൽ 1-ാം റാങ്ക് നേടിയ ലിനി മോൾക്ക് കെഎൽസിഎ വലിയതുറ ഇടവകയുടെ ഉപഹാരം അതിരൂപതാ മെത്രാപ്പൊലീത്ത സൂസപാക്യം.എം സമ്മാനിക്കുന്നു. ഇടവക കെഎൽസിഎ പ്രസിഡന്റ് നിക്കോളാസ്, ഇടവക സെക്രട്ടറി സുരേഷ് വിൻസെന്റ് എന്നിവർ സമീപം.

പൊതു വിജ്ഞാനം: വെട്ടുകാട് ഒന്നാം സ്ഥാനത്ത്

ചെറുവെട്ടുകാട്: വലിയതുറ വിദ്യാഭ്യാസ ശുശ്രൂഷാ സമിതിയുടെ ആഭിമുഖ്യത്തിൽ കുട്ടികൾക്കായി ചെറുവെട്ടുകാടു വച്ചുനടത്തിയ പൊതു വിജ്ഞാന മത്സരത്തിൽ വെട്ടുകാട് ഇടവക ഒന്നാംസ്ഥാനം കരസ്ഥമാക്കി, കൊച്ചുവേളി, ചെറിയതുറ ഇടവകകൾ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങളും നേടി. ഫെറോനാ വികാരി ഫാ. സൈറസ് കളത്തിൽ സമ്മാനദാനം നിർവ്വഹിച്ചു.

വലിയതുറ ഫെറോനാ വിദ്യാഭ്യാസ ശുശ്രൂഷാ സമിതിയുടെ ആഭിമുഖ്യത്തിൽ വെട്ടുകാട് എൽ.പി. സ്കൂളിൽ നടന്ന അവധിക്കാല സംഗമം ഫാ. സൈറസ് കളത്തിൽ ഉദ്ഘാടനം ചെയ്യുന്നു

വലിയതുറ വിദ്യാഭ്യാസ ശുശ്രൂഷാ സമിതിയുടെ ആഭിമുഖ്യത്തിൽ ചെറുവെട്ടുകാടു വച്ചുനടത്തിയ പൊതു വിജ്ഞാന മത്സരം ഫാ. സൈറസ് കളത്തിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുന്നു

സ്നേഹത്തിലധിഷ്ഠിതമായ സത്കർമ്മങ്ങളിലൂടെ ജീവനെ സംരക്ഷിക്കുക: ഡോ. സൂസപാക്യം

തിരുവനന്തപുരം: മനുഷ്യജീവനെന്ന അമൂല്യനിധിയെ ആദരിക്കാനും സംരക്ഷിക്കാനും പരിപോഷിപ്പിക്കാനുമുള്ള കടമ ആതുരശുശ്രൂഷാ പ്രവർത്തകരായ ഡോക്ടർമാർക്കും ജീവസംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന പ്രോലൈഫ് പ്രവർത്തകർക്കും ഉണ്ടെന്ന് കെ.സി.ബി.സി. പ്രസിഡന്റ് ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം പറഞ്ഞു. ജീവനെയും ജീവിതത്തെയും പരിപോഷിപ്പിക്കുന്നതിലൂടെ ആനന്ദം കണ്ടെത്താൻ നമുക്ക് കഴിയണമെന്നും സ്നേഹമാണ് ഇതിന്റെ ആധാരശിലയെന്നും മരിക്കുമെന്ന് ഉറപ്പായവരെപ്പോലും സ്നേഹ സാന്ത്വനത്തിലൂടെ പുഞ്ചിരിച്ചു കൊണ്ടു മരിക്കാൻ പ്രാപ്തരാക്കിയ വി. മദർ തെരേസായുടെ പ്രവർത്തന ശൈലി നമുക്കു മാതൃകയാകണമെന്നും ആർച്ച്ബിഷപ്പ് പറഞ്ഞു.

കേരള കാതലിക് ബിഷപ്പ്സ് കോൺഫറൻസും തിരുവനന്തപുരം ലത്തീൻ അതിരൂപത കുടുംബപ്രേഷിത ശുശ്രൂഷയും സംയുക്തമായി കേരളത്തിലെ ഡോക്ടേഴ്സിനും പ്രോലൈഫ് പ്രവർത്തകർക്കുമായി സംഘടിപ്പിച്ച ഏകദിന സെമിനാറിന്റെ സമാപന സമ്മേളനം ഉത്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

സത്കർമ്മങ്ങളിൽ താൽപര്യപൂർവ്വം ഏർപ്പെട്ടുകൊണ്ട് ആനന്ദിച്ച് ആഹ്ലാദിക്കുവാനാണ് ഫ്രാൻസിസ്പാപ്പ ആഹ്വാനം ചെയ്തിരിക്കുന്നത്. സ്വാർത്ഥതയിൽ അധിഷ്ഠിതമായ സന്തോഷമാണ് ജീവനെ തടയുന്നതും തളർത്തുന്നതും ഇല്ലായ്മ ചെയ്യുന്നതും. ജീവന്റെ നാഥനും ഉടയവനും ദാതാവും ദൈവമാണെന്നും അത് സംരക്ഷിക്കേണ്ട വിശ്വസ്തരായ കാര്യസ്ഥരാണ് മനുഷ്യരെന്നും സൗകര്യപൂർവ്വം മറക്കുന്നതാണ് ഇന്ന് കാണുന്ന വിപത്തുകൾക്കെല്ലാം കാരണം. മനുഷ്യജീവനെതിരായ എല്ലാ തിന്മകളും വിമർശിക്കപ്പെടേണ്ടതും തടയപ്പെടേണ്ടതും നിരുത്സാഹപ്പെടുത്തേണ്ടതുമാണ്. മനുഷ്യൻ ദൈവിക നിയമങ്ങൾക്കും പ്രകൃതി നിയമങ്ങൾക്കും സന്മാർഗ്ഗിക നിയമങ്ങൾക്കും വിധേയനായിട്ടു വേണം ജീവിക്കേണ്ടത്. മനുഷ്യകുലത്തിനും മനുഷ്യജീവനും വെല്ലുവിളിയായ ഭ്രൂണഹത്യ, കൊലപാതകം, ദയാവധം, ഭീകരാക്രമണം, വർഗ്ഗീയലഹള, രാഷ്ട്രീയ കൊലപാതകം, മദ്യം മയക്കുമരുന്നു തുടങ്ങിയ സാമൂഹ്യ തിന്മകൾ, പ്രകൃതിയുടെ അനിയന്ത്രിതമായ ചൂഷണം തുടങ്ങിയവ ജീവൻ സംരക്ഷണത്തിന്റെ വ്യാപ്തിയും ആഴവും മനുഷ്യസ്നേഹികളായ നമുക്ക് മനസ്സിലാക്കിത്തരുന്നുവെന്നും ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം പറഞ്ഞു. ചടങ്ങിൽ ഡോ. ബൈജു ജൂലിയൻ, ഡോ. മാമ്മൻ പി ചെറിയാൻ, ഫാ. എ ആർ ജോൺ, ഡോ. ഫിന്റോ ഫ്രാൻസിസ്, ഡോ. ടോണി ജോസഫ് തുടങ്ങിയവരും സംസാരിച്ചു.

രാവിലെ നടന്ന സെമിനാറിൽ ഡോ. അഗസ്റ്റ്യൻ ജോൺ, ഡോ. അബ്രഹാം ജോസഫ്, ഡോ. ബൈജു ജൂലിയൻ, ഡോ. ഫിന്റോ ഫ്രാൻസിസ് തുടങ്ങിയവർ വിവിധ വിഷയങ്ങളിൽ ക്ലാസ്സുകൾ നയിച്ചു.

കേരളത്തിലെ ഡോക്ടേഴ്സിനും പ്രോലൈഫ് പ്രവർത്തകർക്കുമായി സംഘടിപ്പിച്ച ഏകദിന സെമിനാറിന്റെ സമാപന സമ്മേളനം ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യം ഉത്ഘാടനം ചെയ്യുന്നു. ഡോ. ബൈജു ജൂലിയൻ, ഡോ. മാമ്മൻ പി ചെറിയാൻ, ഫാ. എ ആർ ജോൺ, ഡോ. ഫിന്റോ ഫ്രാൻസിസ്, ഡോ. ടോണി ജോസഫ് തുടങ്ങിയവർ സമീപം.

കഴക്കൂട്ടം ഫാത്തിമ മാതാ ഇടവകയിലെ ഹോം മിഷൻ പ്രവർത്തനം ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം ഉദ്ഘാടനം ചെയ്യുന്നു.

പൂങ്കുളം ഫാത്തിമ മാതാ ഇടവകയിലെ ഹോം മിഷൻ പ്രവർത്തനങ്ങളുടെ സമാപനം ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം ഉദ്ഘാടനം ചെയ്യുന്നു.

രൂപതയിലെ അല്മായ കമ്മീഷന് കീഴിൽ രൂപീകൃതമായ ആർട്ടിസ്റ്റ് ഫോറത്തിന്റെ നേതൃത്വത്തിൽ അഞ്ചുതെങ്ങിൽ നടന്ന ചിത്രകലാ ക്യാമ്പ് ഫാ. ജെറാൾഡ് ഉദ്ഘാടനം ചെയ്യുന്നു

രൂപതയിലെ അല്മായ കമ്മീഷന് കീഴിൽ രൂപീകൃതമായ ആർട്ടിസ്റ്റ് ഫോറത്തിന്റെ നേതൃത്വത്തിൽ നടന്ന ഫറോനാ തലത്തിലെ ചിത്രകലാ ക്യാമ്പിനു പുല്ലുവിളയിൽ തുടക്കം കുറിച്ചപ്പോൾ..

ദൈവാനുഭവം പകർന്നുനൽകുകയാണ് മതബോധനത്തിന്റെ മുഖ്യലക്ഷ്യം

തിരുവനന്തപുരം: ബൗദ്ധിക തലത്തിലുള്ള അറിവ് പകരുകയല്ല, ദൈവാനുഭവത്തിലേക്ക്കുട്ടികളെ വളർത്തുകയാണ് മതബോധനത്തിന്റെ മുഖ്യലക്ഷ്യമെന്നു ആർച്ച്ബിഷപ് സൂസപാക്യം എം. വെള്ളയമ്പലം ലിറ്റിൽ ഫ്ളവർ പാരിഷ് ഹാളിൽ അതിരൂപതാക്രിസ്തീയവിശ്വാസജീവിതപരിശീലന വാർഷികം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

അരൂപിയായ ദൈവം സ്നേഹത്തിന്റെ രൂപത്തിൽ പ്രപഞ്ചമാകെ നിറഞ്ഞു നിൽക്കുന്നു. സ്നേഹം തന്നെയായ ദൈവത്തെക്കുറിച്ചുള്ള അറിവും വിശ്വാസവും മക്കൾക്ക് പകർന്നു നല്കേണ്ട കർത്തവ്യം മാതാപിതാക്കൾക്കാണ്. വിശ്വാസത്തിൽ അവർ മക്കൾക്ക് ഉത്തമ മാതൃകയായിരിക്കുകയും വേണം. പ്രകാശപൂർണ്ണമായ വിശ്വാസത്തിന്റെ ആഴങ്ങളിലേക്ക് വിദ്യാർഥികളെ നയിക്കാൻ മതബോധന അധ്യാപകർക്ക് കഴിയണമെന്നും ആർച്ച്ബിഷപ് ഓർമ്മിപ്പിച്ചു. മതബോധന പരീക്ഷയിൽ അതിരൂപതാതലത്തിൽ മികച്ച വിജയം കരസ്ഥമാക്കിയവർക്കുള്ള അവാർഡ് വിതരണം ആർച്ച് ബിഷപ് സൂസപാക്യവും അതിരൂപതാ ട്രോഫി വിതരണം ഫാ. ലോറൻസ് കുലാസും നിർവ്വഹിച്ചു. അജപാലനശുശ്രൂഷാ ഡയറക്ടർ ഫാ. ലോറൻസ് കുലാസ് അധ്യക്ഷനായിരുന്നു. റോബർട്ട് പന്നിപ്പിള്ള മുഖ്യപ്രഭാഷണം നടത്തി. മതബോധന സെക്രട്ടറി എഫ്. സിൽവദാസ് റിപ്പോർട്ട് അവതരിപ്പിച്ചു. അജപാലനശുശ്രൂഷാ അസിസ്റ്റന്റ് ഡയറക്ടർ ഫാ. മുത്തപ്പൻ അപ്പോലി സ്വാഗതവും സിസ്റ്റർ ബ്രിജിത് നന്ദിയും പറഞ്ഞു. ഡാലിയ ക്രൂസ്, മേരി ജോസഫ് എന്നിവർ പ്രസംഗിച്ചു.

തിരുവനന്തപുരം ലത്തീൻ അതിരൂപത ക്രിസ്തീയവിശ്വാസജീവിതപരിശീലന വാർഷികം (2017-18) ആർച്ച്ബിഷപ് സൂസപാക്യം എം. ഉദ്ഘാടനം ചെയ്യുന്നു.

ഇക്കഴിഞ്ഞ പ്ലസ്-ടു പരീക്ഷയിൽ ഫുൾ മാർക്കും കരസ്ഥമാക്കി വിജയിച്ച ദിയാ മരിയാ സോളമന് കുറവൻകോണം സെന്റ് തോമസ് ഇടവകയുടെ ഉപഹാരം ഫാ. ഡോണി ഡിപോൾ സമ്മാനിക്കുന്നു. കുറവൻകോണം ഇടവകാംഗം സുരേഷ് സോളമന്റെയും ബിന്ദു സുരേഷിന്റെയും മകളാണ് ദിയാ.

അതിരൂപതാ ആർട്ടിസ്റ്റ് ഫോറം അംഗങ്ങളെ ക്ഷണിക്കുന്നു

തിരുവനന്തപുരം: തിരുവനന്തപുരം അതിരൂപതയിൽ അല്മായ ശുശ്രൂഷയുടെ നേതൃത്വത്തിൽ രൂപീകൃതമായ ആർട്ടിസ്റ്റ് ഫോറത്തിലേക്ക് അംഗങ്ങളെ ക്ഷണിക്കുന്നു. ചിത്രകലാ അധ്യാപകർ, 5 വർഷത്തെ പ്രവൃത്തി പരിചയമുള്ള ആർട്ടിസ്റ്റുകൾ, ചിത്രകലാ കേന്ദ്രങ്ങളിൽ നിന്നും ഡിപ്ലോമ/ഡിഗ്രി/പിജി ബിരുദം നേടിയിട്ടുള്ളവർ എന്നിവർക്ക് ആർട്ടിസ്റ്റ് ഫോറത്തിൽ ചേരാവുന്നതാണ്.

ലേഖനം

വി. എം. സുധീരൻ
മുൻ നിയമസഭാ സ്പീക്കർ

ജൂൺ 26 അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനം

ലഹരിവിപത്തിനെതിരെ ജനകീയമുന്നേറ്റം ഉയരണം

മാരകമായ ലഹരിവിപത്തിൽ നിന്നും മനുഷ്യരെ രക്ഷിക്കുകയെന്ന മഹാസന്ദേശത്തിന് ഊർജ്ജം നൽകുക എന്നതാണ് ഈ ദിനത്തിന്റെ പ്രാധാന്യം. ഭരണകൂടങ്ങളും ജനജീവിതത്തിന്റെ സർവ്വ തലത്തിലുള്ളവരും ഒന്നായി ചേർന്ന് ലഹരിക്കെതിരെ അണിചേരുക. അതുവഴി ലഹരി വിമുക്തമായ ഒരു സമൂഹം കെട്ടിപ്പടുക്കുക.ഇതിനെല്ലാം വേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടലാണ് ഈ ദിനാചരണം കൊണ്ട് ലക്ഷ്യമിടുന്നത്.

എന്നാൽ പ്രയോഗത്തിൽ നടക്കുന്നത് എന്തെല്ലാമാണ്? അതേക്കുറിച്ച് സത്യസന്ധമായി ചർച്ച നടത്തേണ്ടിയിരിക്കുന്നു.

പ്രബുദ്ധമെന്ന് അവകാശപ്പെടുന്ന കേരളത്തിലെ കാര്യങ്ങൾ തന്നെ ഇതെല്ലാം വ്യക്തമാക്കുന്നുണ്ട്.

കേരളത്തിലിപ്പോൾ അധികാരത്തിലുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ തെരഞ്ഞെടുപ്പ് പ്രകടനപത്രികയിൽ തന്നെ പറയുന്നു, 'മദ്യം കേരളത്തിൽ ഗുരുതരമായ ഒരു സാമൂഹ്യ വിപത്തായി മാറുന്നുണ്ടെന്ന്. മദ്യത്തിന്റെ ലഭ്യതയും ഉപയോഗവും പടിപടിയായി കുറയ്ക്കാൻ സഹായകരമായ നയമായിരിക്കും ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ സ്വീകരിക്കുക. മദ്യവർജ്ജനത്തെ പ്രോത്സാഹിപ്പിക്കുന്നതിന് ഇന്നുള്ളതിനേക്കാൾ കൂടുതൽ ശക്തമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകും. ഇതിനായി സാക്ഷരതാ പ്രവർത്തനത്തിന്റെ മാതൃകയിൽ അതിവിപുലമായ ഒരു ജനകീയ ബോധവൽക്കരണ പ്രസ്ഥാനത്തിന് രൂപം നൽകും. ഡി-അഡിക്ഷൻ സെൻററുകൾ സ്ഥാപിക്കും. മദ്യവർജന സമിതിയും സർക്കാരുമായിട്ടുള്ള സഹകരണം ശക്തിപ്പെടുത്തും. വീണ്ടും പറയുന്നു 'മദ്യം പോലെ സാമൂഹ്യ ഭീഷണിയായി കഞ്ചാവും മയക്കുമരുന്നും വ്യാപകമാവുകയാണ്. ഇതിനെതിരെ കർശന നടപടികൾ സ്വീകരിക്കും.' സ്കൂളുകളിൽ മദ്യത്തിനെതിരെയുള്ള ബോധവൽക്കരണം 8 മുതൽ 12 വരെയുള്ള ക്ലാസുകളിൽ ഉൾപ്പെടുത്തുമെന്നു കൂടി പറയുന്നുണ്ട്.

എന്നാൽ പ്രകടനപത്രികയിലെ ഈ വാഗ്ദാനവും സർക്കാരിന്റെ പ്രവർത്തിയും തമ്മിൽ യാതൊരു ബന്ധവുമില്ല. യഥാർത്ഥത്തിൽ ഇടതുമുന്നണി സർക്കാരിന്റെ കാപട്യം ജനങ്ങളെ ബോധ്യപ്പെടുത്തുന്നതാണ് ഈ വൈരുദ്ധ്യം.

മുൻ സർക്കാരിന്റെ മദ്യനയത്തെ വിമർശിച്ചുകൊണ്ടാണ് എൽഡിഎഫ് സർക്കാർ പുതിയ മദ്യനയം കൊണ്ടുവന്നതും തുടർനടപടികൾ സ്വീകരിച്ചു വരുന്നതും. മുൻ സർക്കാരിന്റെ കാലത്ത് ബാറുകൾ അടച്ചു പൂട്ടിയപ്പോൾ കേരളത്തിലുണ്ടായ ഗുണപരമായ മാറ്റങ്ങൾ അനിഷേധ്യമാണ്.

മദ്യ ഉപയോഗം കുറഞ്ഞു, കുടുംബസമാധാനം വീണ്ടെടുക്കാനായി, ഗാർഹിക പീഡനം കുറഞ്ഞു, മദ്യജന്യ രോഗങ്ങളും അപകടങ്ങളും കുറഞ്ഞു, ജനങ്ങളുടെ ക്രയശക്തി വർദ്ധിച്ചു.

ഈ ഗുണപരമായ മാറ്റങ്ങളെ തമസ്കരിക്കാൻ ശ്രമിച്ചുകൊണ്ട് പുതിയ മദ്യനയത്തിലൂടെയും പാതയോരത്തെ മദ്യശാല നിരോധനത്തിൽ ഇളവ് വരുത്തുന്നതിനായി സുപ്രീം കോടതിയെ സമീപിച്ച് അനുകൂല ഉത്തരവ് സമ്പാദിച്ചും ഇപ്പോൾ കേരളത്തിൽ വ്യാപകമായി മദ്യമൊഴുക്കാനാണ് സർക്കാർ ശ്രമിക്കുന്നത്.

പതിനായിരത്തിനു മേൽ ജനസംഖ്യയുള്ള ഏത് പഞ്ചായത്തിലും ടൂറിസം സാധ്യതയുള്ള എവിടെയും മദ്യശാലകൾ ആരംഭിക്കാം എന്നുള്ള തീരുമാനം വ്യാപക വിപത്ത് വിളിച്ചു വരുത്തും.

മദ്യവർജ്ജനത്തെ കുറിച്ചും മദ്യലഭ്യത കുറയ്ക്കുമെന്നുമുള്ള വാഗ്ദാനങ്ങളിൽ നിന്നുള്ള ഒളിച്ചോട്ടം മദ്യവ്യാപനത്തിനും മദ്യലോബിക്കും വേണ്ടി മാത്രമാണെന്ന് കരുതണം.

വിദ്യാർഥികൾ മദ്യം കുടിച്ച് ബോധരഹിതരായി പാടത്ത് കിടക്കുന്നതും, അച്ഛൻ മദ്യലഹരിയിൽ മകളെ കുത്തിക്കൊല്ലുന്നതും, സ്വന്തം അമ്മയുടെ കഴുത്തുഞെരിച്ച് മകൻ കൊലപ്പെടുത്തുന്നതും യുവാവ് ശിശുവിനെ വലിച്ചെറിയുന്നതും ഒക്കെ ഇന്ന് കേരളത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന ദുരന്ത സംഭവങ്ങളിൽ ചിലതു മാത്രമാണ് ഇവ. ലഹരിയുടെ ഫലമായുള്ള അക്രമസംഭവങ്ങളും സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങളും വ്യാപകമായി വർദ്ധിച്ചുവരുന്ന ആശങ്കാജനകമായ സ്ഥിതിയിലാണ് ഇന്ന് കേരളം. ജനങ്ങളുടെയും നാടിന്റെയും സർവ്വ നാശം വരുത്തി വയ്ക്കുന്ന സാമൂഹ്യ തിന്മയ്ക്കെതിരെ വലിയൊരു ലഹരിവിരുദ്ധ ജനകീയ പ്രസ്ഥാനം ഉയർന്നുവരേണ്ടിയിരിക്കുന്നു.

നമുക്കതിന് സാധിക്കുമോ.? അതാണ് പ്രസക്തമായ ചോദ്യം. എന്തെല്ലാം പ്രയാസങ്ങളുണ്ടെങ്കിലും നമുക്കതിന് കഴിയേണ്ടിയിരിക്കുന്നു. ഒന്നിച്ചു നിന്നാൽ അതിന് കഴിയും. അതിനായി നമുക്ക് ഒരുമിച്ച് മുന്നോട്ട് നീങ്ങാം. ആത്യന്തികമായ വിജയം ജനങ്ങളുടേതാണ്. ■

നീർച്ചാലുകൾ

ഞായറാഴ്ച വിചിന്തനങ്ങൾ

പരിശുദ്ധ ദിവ്യകാരുണ്യ തിരുനാൾ (ജൂൺ 3)

നീർച്ചാലുകൾ

ഫാ. വിക്ടർ എവരിസ്റ്റസ്

സ്നേഹം പ്രാകട്ടിക്കലാകണം

പുറ. 24: 3-8 | ഹെബ്ര. 9: 11-15 | മാർക്കോ 14: 12-16, 22-26

യേശുവിന്റെ അനുകമ്പയുടെ കവിഞ്ഞൊഴുകലാണ് കുർബാനയപ്പം. അവിടുത്തെ സ്നേഹത്തിന്റെ പരമകോടിയാണ് വി.കുർബാനയുടെ പ്രതീകമായ അപ്പം വർദ്ധിപ്പിക്കലിലൂടെ സുവിശേഷകൻ വെളിപ്പെടുത്തിത്തരുന്നത്.

തത്വശാസ്ത്രത്തിന്റെ ലോകത്ത് വ്യത്യസ്തമായ ഒരു ചിന്താധാര വെട്ടിത്തുറന്ന ദാർശനികനാണ് ഇമ്മാനുവേൽ ലെവിനാസ് (Immanuel Levinas) അപരൻ (The Other) എന്ന രഹസ്യത്തെ ഗൗരവമായി അവതരിപ്പിച്ച ഈ ചിന്തകൻ അപരനോടുള്ള നമ്മുടെ മനോഭാവം അനുകമ്പയുടേതാകണം (Compassion) എന്ന് ഓർമ്മിപ്പിച്ചു. അനുകമ്പ (Compassion) എന്ന പദത്തിന് കൂടെ സഹിക്കുക (Suffering with) എന്ന ആഴമായ അർത്ഥമാണുള്ളത് (Compassion = Cum+ Passion).

ഒരുദാഹരണം എല്ലാം വ്യക്തമാക്കും. വിശന്നു വലഞ്ഞ ഒരു യാചകൻ ഭക്ഷണത്തിനായി കേഴുമ്പോൾ തന്റെ ഹോട്ടലിൽ നിന്ന് മിച്ചം വന്ന ഭക്ഷണത്തിൽ കുറച്ച് കൊടുത്ത് ഹോട്ടലുടമ ആ യാചകന്റെ വിശപ്പടക്കുന്നു. പിറ്റേ ദിവസം യാചകൻ കൈ നീട്ടുന്നത് പാവപ്പെട്ട ഒരു വഴിപോക്കന്റെ മുന്നിലാണ്. തന്റെ പൊതിച്ചോറിൽ പാതി ആ മനുഷ്യൻ യാചകനു കൊടുക്കുന്നു. പാതി ഒട്ടിയ വയറോടെ വീണ്ടും യാത്ര തുടരുന്നു. ഹോട്ടലുടമ യാചകനോട് ദയ കാട്ടി. എന്നാൽ അനുകമ്പാർദ്രസ്നേഹം പ്രകടമാക്കിയത് പാവപ്പെട്ട വഴിയാത്രക്കാരനാണ്. കാരണം, അനുകമ്പയെന്നത് സഹസഹനമാണ് (Suffering with) .

യേശുവിന്റെ അനുകമ്പയുടെ കവിഞ്ഞൊഴുകലാണ് കുർബാനയപ്പം. അവിടുത്തെ സ്നേഹത്തിന്റെ പരമകോടിയാണ് വി.കുർബാനയുടെ പ്രതീകമായ അപ്പം വർദ്ധിപ്പിക്കലിലൂടെ സുവിശേഷകൻ വെളിപ്പെടുത്തിത്തരുന്നത്. അപ്പം വർദ്ധിപ്പിക്കലിന്റെ കാരണം അന്വേഷിച്ചാൽ മനസ്സിലാകും യേശുവിന്റെ അനുകമ്പയാണ് അതിന്റെ അടിസ്ഥാനമെന്ന്. ഈ ജനക്കൂട്ടത്തോട് എനിക്ക് അനുകമ്പ തോന്നുന്നു (മാർക്കോ. 8:2). അവരോട് അവന് അനുകമ്പതോന്നി (മാർക്കോ. 6:34).

ജീവിതത്തിലുടനീളം അനുകമ്പയുടെ ആൾരൂപമായി യേശു നിലകൊണ്ടു. കുഞ്ഞുങ്ങളെ തന്റെ അടുക്കലേക്ക് അവൻ ഊഷ്മളമായി സ്വാഗതം ചെയ്തു. നിത്യജീവനുവേണ്ടി ദാഹിച്ച ധനിക യുവാവിനു സ്നേഹമേകി. പാപിനിക്കു മാപ്പുകൊടുത്തു. രോഗികൾക്കു സൗഖ്യം നൽകി. ലാസറിന്റെ മരണത്തിൽ മനം നൊന്ത മറിയത്തോടും യഹൂദരോടുമൊത്ത് അവനും കണ്ണീർ പൊഴിച്ചു. അപരന്റെ നൊമ്പരത്തിൽ കരളലിയുന്നവനാണ് അനുകമ്പയുള്ളവൻ. നല്ല സമരിയാക്കാരന്റെ ഹൃദയം സ്വന്തമാക്കുകയാണ് അനുകമ്പയുള്ളവരാകുക എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. കാരണം, അനുകമ്പ ഒരിക്കലും സഹതാപമല്ല, സഹസഹനമാണ്.

ചിന്തകനായ ഇമ്മാനുവേൽ ലെവിനാ

സിന്റെ വീക്ഷണത്തിൽ മൂന്നു തരത്തിൽ അപരനോട് നമുക്ക് പ്രതികരിക്കാനാവും. ഒന്നാമതായി ഒരു വസ്തുവായി (Object) കണ്ട് അപരനോട് പെരുമാറാം. രണ്ടാമത്തേത് എനിക്കു സമനായി കരുതി അവനോട് ഇടപെടാം. മൂന്നാമത്തേതാകട്ടെ, എന്നെത്തന്നെ വെടിഞ്ഞ് അവനെ ശുശ്രൂഷിക്കുന്ന, അവനെ യജമാനനായിക്കണ്ട് പെരുമാറുന്ന ഒരു സ്ഥിതി വിശേഷം. യേശുനാഥൻ കാട്ടിത്തന്നത് ഇപ്രകാരം ഒരു മനോഭാവം പാദക്ഷാളനത്തിലൂടെയും, നല്ല സമരിയക്കാരന്റെ ഉപമ പറഞ്ഞു തന്നതിലൂടെയുമൊക്കെയാണ്. ഇതിലൂടെ അനുകമ്പയുടെ മൂന്നാമത്തെ തലത്തിലേക്ക് അവിടുന്ന് നമ്മെ ക്ഷണിക്കുകയാണ്.

ഇവിടെയെല്ലാം കുർബാനയപ്പത്തിന്റെ സംസ്കാരം വളർത്തിക്കൊണ്ടുവരുവാൻ നമുക്ക് കടമയുണ്ട്. മറ്റുള്ളവർ തളർന്നു വീഴാതിരിക്കാൻ അവർക്ക് അപ്പമായിത്തീരുന്ന കുർബാനയപ്പത്തിന്റെ സംസ്കാരം. ആരും മുറിവേൽക്കാതിരിക്കാൻ സ്വയം മുറിഞ്ഞ് ഇല്ലാതായിത്തീരുന്ന കുർബാനയപ്പത്തിന്റെ സംസ്കാരം. ഉള്ളതുമുഴുവൻ പങ്കുവച്ച് സ്വയം ഇല്ലാതാകുന്ന ഒരു മനോഭാവം. അനുകമ്പയുള്ള വ്യക്തികളായി മാറാനാണ് വചനം നമ്മെ ക്ഷണിക്കുന്നത്. സ്വാർത്ഥതയുടെ കൂടുകൾ പൊളിച്ച് അപരനിലേക്ക് പറന്നിറങ്ങുവാനുള്ള ആഹ്വാനമാണിത്. ഇത് ഒരു വിളിയാണ്, ഒപ്പം ഒരു വെല്ലുവിളിയും. ഇത് സ്വീകരിക്കുവാൻ മാർക്കോസ് സുവിശേഷകൻ നമ്മെ ക്ഷണിക്കുകയാണ്. അപ്പത്തിന്റെയുള്ളിൽ വിരിയുന്ന അനുകമ്പയുടെ ചിത്രം സ്വന്തമാക്കാൻ. ആരൊക്കെ പരാജയപ്പെട്ടാലും തോറ്റു പിൻമാറാതെ ഗുരുവിന്റെ ഹൃദയമറിഞ്ഞ് സ്നേഹിക്കുന്ന ശിഷ്യനാകാൻ. ദൈവാനുകമ്പയുടെ മനുഷ്യരൂപമാകാൻ ഒരു ക്ഷണം. Is it a deal or no deal?

വായിച്ചറിഞ്ഞ ഒരു കഥയിങ്ങനെയാണ്. അയർലണ്ടിലെ ഒരിടവകയിൽ തന്റെ പൗരോഹിത്യ സ്വീകരണത്തിനു മുമ്പ് മൂന്നുമാസക്കാലം ശുശ്രൂഷ ചെയ്യാനെത്തിയ ഒരു ഡീക്കന്റെ കഥ. ജോലിക്കിടയിൽ പ്രാർത്ഥിക്കാനായി എപ്പോഴൊക്കെ അദ്ദേഹം ആ ഇടവക ദൈവാലയത്തിൽ പോയിരുന്നുവോ അപ്പോഴൊക്കെ ഭ്രാന്തനായ ഒരു മനുഷ്യനെ അവിടെ കണ്ടിരുന്നു. വായിൽ എന്തോ ചവച്ചരച്ചും, പള്ളിയിൽ സ്രാഷ്ടാംഗ പ്രണാമം ചെയ്തുകൊണ്ടും അവിടെത്തന്നെ കഴിച്ചുകൂട്ടുന്ന ഒരു മധ്യവയസ്ക്കൻ. ഇക്കാര്യം അദ്ദേഹം വികാരിയച്ചന്റെ ശ്രദ്ധയിൽപ്പെടുത്തി. വികാരി ആളെ തിരിച്ചറിഞ്ഞു. ഇതു നമ്മുടെ ഡേവിഡല്ലേ! അച്ചൻ ഡീക്കന് കാര്യങ്ങൾ വിശദമാക്കിക്കൊടുത്തു. ഒരു കാറപകടമാണ് എല്ലാം നഷ്ടപ്പെടുത്തിയത്. കളക്ടറായിരുന്ന ആ മനുഷ്യന് ഭാര്യയും മക്കളും എല്ലാ നഷ്ടമായി. ഒപ്പം ബുദ്ധിക്കും തകരാറേറ്റു. എല്ലാം കേട്ടപ്പോൾ ഡീക്കന് ആ മനുഷ്യനോട് ആദരവും സ്നേഹവും വർദ്ധിച്ചു. തന്റെ Ministry അവസാനിച്ചപ്പോൾ അദ്ദേഹം ഡേവിഡിന്റെ പക്കലെത്തി. പൗരോഹിത്യം സ്വീകരിക്കാൻ ഒരുങ്ങുന്ന തനിക്ക് ഒരു ഉപദേശം തരണമെന്ന് അപേക്ഷിച്ചു. അതുവരെ ഒരു വാക്കു പോലും ഉരിയാടാത്ത ആ മനുഷ്യൻ സം സാരിച്ചു: God is Compassion'.

സ്നേഹം പ്രാക്ടിക്കലാക്കാനാണ് വചനം നമ്മോട് ഇന്ന് ആവശ്യപ്പെടുന്ന മറ്റൊരു കാര്യം. സ്നേഹിക്കുന്നു എന്നു പറയുവാൻ എല്ലാവർക്കും എളുപ്പമാണ്. പക്ഷേ, മെയ്യനങ്ങി എന്തെങ്കിലും ചെയ്യേണ്ടി വരുമ്പോൾ നമ്മുടെയൊക്കെ സ്നേഹം എവിടെയോ പോയ്മറയുകയാണ്. യേശു തന്നെത്തന്നെ പൂർണ്ണമായും വിട്ടുതരികയാണ് വി.കുർബ്ബാനയിലൂടെയാണ്. ചങ്കു പറിച്ചു തരുന്ന സ്നേഹമാണത്. അതുകൊണ്ടാണല്ലോ ദിവ്യകാരുണ്യം ദൈവത്തിന്റെ ചങ്കായ യേശുവിന്റെ ചങ്കാണ് എന്ന് പറയുക, (Eucharist is the heart of jesus, the h-eart of God).

സമയവും ആരോഗ്യവും കഴിവും അപരനുവേണ്ടി വ്യയം ചെയ്യുമ്പോൾ നമ്മളും മുറിയപ്പെടുന്ന അപ്പത്തിന്റെ ചൈതന്യത്തിലേക്ക് എത്തുകയാണ്. ഈ ചൈതന്യമാവണം തന്റെ വൃക്കകളിൽ ഒന്ന് ദാനം ചെയ്യാൻ തിരുവനന്തപുരം ലത്തീൻ അതിരൂപത യിലെ കൊച്ചുതുറ ഇടവകയിലെ ബഹുമാനപ്പെട്ട ബാബു കപ്പൂച്ചിൻ അച്ചന് പ്രേരണയായത്. ഇങ്ങനെ എത്രയെത്ര ഉദാഹരണങ്ങൾ, നമ്മുടെ കൺമുൻപിലുണ്ട്.

എങ്ങനെയാണ് മുറിയപ്പെടുന്ന സ്നേഹത്തിന്റെ വക്താക്കളാവാൻ സാധിക്കുക? എങ്ങനെയാണ് അപരന് വേണ്ടി ആത്മദാനം നടത്താൻ പറ്റുക? പരിധികളില്ലാതെ മറ്റുള്ളവരെ സ്നേഹിക്കുക (Uncondtional positive regard for others).

ഉപകാരം ചെയ്തവർക്കും, ഉപദ്രവിച്ചവർക്കും ഊട്ടുമേശ പങ്കിട്ടവന്റെ മാതൃകസ്വന്തമാക്കുക, വഞ്ചിച്ചവരോടും, പ്രതികാരം ചെയ്തവരോടും, പാരവച്ചവരോടും പൊറുക്കാൻ സാധിക്കുക. അവരെയും ചേർത്തണക്കുവാനായാൽ നമ്മൾ കുർബ്ബാനയുടെ കളരിയിലേക്ക് പ്രവേശിക്കുകയാണെന്ന് തിരിച്ചറിയുക. പഴയ നിയമത്തിലെ ജോസഫിന്റെ കഥ അറിയില്ലേ ഇത്ര മാത്രം സഹോദരങ്ങൾ ദ്രോഹിച്ചിട്ടും ജോസഫ് അവരെ ചേർന്നാശ്ലേഷിച്ചു. മാത്രമല്ല, ഒരു പുത്രൻ ജനിച്ചപ്പോൾ അവൻ പേരിട്ടു മനാസ്സേ. അതായത് നീ മറക്കണം എന്നർത്ഥം.

യേശുവിനേപ്പോലെ ശരീരവും രക്തവും അപരർക്കായി പങ്കു വയ്ക്കാനാണ് നമ്മൾ ക്ഷണിക്കപ്പെട്ടിരിക്കുന്നത് എന്ന സത്യം തിരിച്ചറിയാം. ആത്മദാനത്തിന്റെ മാതൃകയ്ക്കേ ഹൃദയങ്ങളെ തൊടാൻ സാധിക്കൂ. ■

നീർച്ചാലുകൾ

ഫാ. ഡൈസൺ

തിരുഹൃദയ തിരുനാൾ

ഹോസി. 11 : 1.3-4. 8c-9 | എഫെ. 3 : 8-12, 14-19 | യോഹ. 19: 31-37

സ്നേഹം കൊണ്ട് മുറിപ്പെടുന്ന ഹൃദയമാണ് യേശുവിന്റെ തിരുഹൃദയം. എല്ലാ മുറിവുകളെയും കാലം സുഖപ്പെടുത്തുമ്പോഴും സ്നേഹം നല്കിയ മുറിവുകൾ മാത്രം ഉണങ്ങുന്നില്ല. അവിടെ നിന്ന് എപ്പോഴും രക്തം കിനിയുന്നു. ക്രിസ്തുവിന് മനുഷ്യരോടുള്ള സ്നേഹമാണ് മുറിവായി മാറിയത്. ആ മുറിവിൽ നിന്നുമാണ് മനുഷ്യരക്ഷയുടെ രക്തവും ജലവും ഒഴുകിയത്. വി.ജേറോം പറയുന്നു. 'ജലം നമ്മെ ശുദ്ധികരിക്കുന്നു. രക്തം നമ്മെ രക്ഷിക്കുന്നു.' അങ്ങനെ ക്രിസ്തുവിന്റെ ഹൃദയം കൂദാശകളുടെ ഉറവിടമായി മാറി. വി.ബർണാർഡ് പറയുന്നു. 'കർത്താവിന്റെ പാർശ്വം തുളച്ചു കയറിയ കുന്തം അവിടത്തെ തിരുഹൃദയത്തിലെ രഹസ്യങ്ങളെ വെളിവാക്കി. ' സഭാ പിതാക്കന്മാർ യേശുവിന്റെ വിലാവിൽ നിന്നും ഒഴുകിയ രക്തത്തെ പരിശുദ്ധ കുർബാനയുടെ പ്രതികമായും ജലത്തെ ജ്ഞാനസ്നാത്തിന്റെ പ്രതികമായും ചിത്രികരിക്കുന്നു.

ക്രിസ്തുവിന്റെ ഹൃദയം തിരുഹൃദയമായത് സ്നേഹത്താൽ കൂദാശ ചെയ്തതുകൊണ്ടാണ്. നമ്മുടെ ഹൃദയങ്ങളെയും സ്നേഹത്താൽ വിമലികരിക്കപ്പെടുമ്പോൾ ക്രിസ്തുവിന്റെതുപോലെ ആകുന്നു. എന്റെ ഹൃദയം തിരുഹൃദയമാകണമെങ്കിൽ

ഹൃദയമുള്ള മനുഷ്യനാകണം

സ്നേഹത്തിന്റെ കാണപ്പെടുന്ന രൂപമാണ് ഹൃദയം. ദൈവം വസിക്കുന്ന സ്വർഗ്ഗത്തിനും ഹൃദയത്തിന്റെ രൂപമായിരിക്കണം! ഹൃദയമുള്ളവർക്കേ സ്വർഗ്ഗത്തിൽ പോകാൻ സാധിക്കുകയുള്ളൂ. കാരണം ജീവിത സായാഹ്നത്തിൽ കുരിശിന്റെ വിശുദ്ധ യോഹന്നാൻ പറയുന്നതുപോലെ സ്നേഹത്തെ അടിസ്ഥാനപ്പെടുത്തി വിധിക്കപ്പെടും. സ്നേഹമെന്നാൽ ഹൃദയമെന്നാണ് അർത്ഥം. ഹൃദയമില്ലാത്ത മനുഷ്യനെന്നാൽ സ്നേഹമില്ലാത്ത മനുഷ്യനാണ്. സ്നേഹത്തിന്റെ അസാന്നിദ്ധ്യമാണ് നരകം! നരകമെന്നതിന്റെ അർത്ഥം തന്നെ സ്നേഹിക്കാനുള്ള കഴിവില്ലായ്മയാണ്.

അയ്യപ്പപണിക്കരുടെ അമേരിക്കായെന്ന കവിതയിൽ അമേരിക്കയെന്ന കൈ കവി ഹസ്തരേഖാശാസ്ത്രം ഉപയോഗിച്ച് പരിശോധിക്കുന്നു. ആ കൈയ്യിൽ സമ്പന്നതയെന്ന രേഖയുണ്ട്, ആർഭാടമെന്ന രേഖയുണ്ട്. അധാർമ്മികതയുടെ രേഖ നിഴലായി കാണാം. വികലബന്ധങ്ങളുടെ രേഖയും കാണാം. എന്നാൽ കാണാൻ സാധിക്കാത്തത് സ്നേഹം കൊണ്ട് സൃഷ്ടിക്കപ്പെടുന്ന ഹൃദയ രേഖയെയാണ്. സ്നേഹം നഷ്ടപ്പെടുത്തി നരകം സ്വന്തമാക്കുന്ന മനുഷ്യന്റെ ഹൃദയം കരിങ്കല്ലിന് സമാനമാണ്. അതുകൊണ്ട് പ്രവാചകൻ പറയുന്നു: ഒരു പുതിയ ഹൃദയം നിങ്ങൾക്ക് ഞാൻ നല്കും. ഒരു പുതു ചൈതന്യം നിങ്ങളിൽ ഞാൻ നിക്ഷേപിക്കും; നിങ്ങളുടെ ശരീരത്തിൽ നിന്ന് ശിലഹൃദയം എടുത്തു മാറ്റി മാംസള ഹൃദയം നല്കും (എസെ 36:26)

കയ്യഫാസിനെപോലെ വസ്ത്രത്തെയല്ല കീറേണ്ടത് സ്നേഹം കൊണ്ട് ദാവിദിനെപോലെ, പൗലോസിനെപോലെ ഹൃദയത്തെയാണ് കീറേണ്ടത്. സ്നേഹം കൊണ്ട് ഹൃദയം കീറപ്പെട്ട ഒരു ദൈവത്തിന്റെ മക്കളാണ് നാം. എങ്കിൽ സ്നേഹം കൊണ്ട് ഹൃദയമുള്ള മനുഷ്യരാകാം. ഹൃദയം വെറുമൊരു ഇറച്ചികഷ്ണമല്ല. സ്നേഹം കൊണ്ട് ഉണ്ടാകുന്ന അവയവമാണ്. അത് നന്നായാൽ എല്ലാം നന്നായി!

ഹൃദയമുള്ള മനുഷ്യരെ തേടി പകലിൽ റാന്തൽ വെളിച്ചമേന്തിയ യവനചിന്തകനോട് ഒരാൾ ചോദിച്ചു. ഈ പട്ടാപകലിൽ, സൂര്യൻ ജ്വലിച്ചു നില്കുന്ന ഈ സമയത്ത് റാന്തൽ വെളിച്ചത്തിന്റെ ആവശ്യകതയെന്ത്? ഈ വെളിച്ചം കൊണ്ട് ഞാൻ മനുഷ്യരെ തിരയുന്നു. എനിക്ക് ആരെയും കാണാൻ സാധിക്കുന്നില്ല.

സ്വർതഥതയുടെയും അഹങ്കാരത്തിന്റെയും ഈ ലോകത്തിൽ ഹൃദയം നഷ്ടപ്പെട്ട മനുഷ്യർക്ക് അനുതാപത്തിന്റെ കണ്ണുനീരിലൂടെയും, കാരുണ്യപ്രവർത്തികളിലൂടെയും സ്നേഹമെന്ന വലിയ സുകൃതം സ്വന്തമാക്കാം. ആ സ്നേഹം കൊണ്ട് നമ്മുടെ ഹൃദയങ്ങളെ വിശുദ്ധീകരിക്കാം.

സ്നേഹത്തിന്റെ കാണപ്പെടുന്ന രൂപമാണ് ഹൃദയം. ദൈവം വസിക്കുന്ന സ്വർഗ്ഗത്തിനും ഹൃദയത്തിന്റെ രൂപമായിരിക്കണം! ഹൃദയമുള്ളവർക്കേ സ്വർഗ്ഗത്തിൽ പോകാൻ സാധിക്കുകയുള്ളൂ. കാരണം ജീവിത സായാഹ്നത്തിൽ കുരിശിന്റെ വിശുദ്ധ യോഹന്നാൻ പറയുന്നതുപോലെ സ്നേഹത്തെ അടിസ്ഥാനപ്പെടുത്തി വിധിക്കപ്പെടും. സ്നേഹമെന്നാൽ ഹൃദയമെന്നാണ് അർത്ഥം.

ഹൃദയം തിരുഹൃദയമാകണം

മനുഷ്യഹൃദയം തിരുഹൃദയംപോലെ ആകുന്നത് ദൈവത്തിന്റെ ഹൃദയവുമായി അലിഞ്ഞ് ഒന്നാകുമ്പോഴാണ്; ഒട്ടി ചേരുമ്പോഴാണ്. ഒരു മണിക്കൂർ നേരംപോലും കൂട്ടിനിരിക്കാൻ ആത്മാർത്ഥത കാണിക്കാത്ത പത്രോസും സംഘവും പിന്നിട്ട് ജീവിതം തന്നെ മുഴുവനായി ക്രിസ്തുവിന് സമർപ്പിക്കാൻ മുന്നോട്ട് വന്നത് അവരുടെ ഹൃദയം യേശുവിന്റെ ഹൃദയവുമായി ഒന്നിച്ചതുകൊണ്ടാണ്. പൗലോസിന്റെ ഹൃദയം യേശുവിന്റെ ഹൃദയവുമായി ഒന്നായപ്പോൾ പൗലോസ് പറഞ്ഞു: ഇനിമേൽ ഞാനല്ല ജീവിക്കുന്നത്, ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത് (ഗലാ 2:20). എനിക്ക് ജീവിതം ക്രിസ്തുവും മരണം നേട്ടവുമാകുന്നു (ഫിലിപ്പി 1:21).

ഇസ്രായേൽ ജനത അവരുടെ ഹൃദയം ദൈവത്തോട് ചേർത്തു വച്ച അവസരങ്ങളിൽ വിജയവും ഐശ്വര്യവും അവരോടുകൂടെ ഉണ്ടായിരുന്നു. അവരുടെ ഹൃദയങ്ങൾ അകന്നപ്പോൾ മർക്കടമുഷ്ടിക്കാരായി മാറി. ദൈവത്തോട് ഹൃദയത്തെ ചേർത്തു വച്ച ആബേൽ ദൈവത്തിനു സ്വീകാര്യനായി എണ്ണമറ്റ ശക്തരായ എതിരാളികളെ ചെറു സൈന്യം കൊണ്ട് മക്കബായർക്ക് ജയിക്കാനായത് ദൈവത്തോട് ഹൃദയം ചേർത്തു വച്ചതുകൊണ്ടാണ്. ദൈവത്തിനു പകരം ധനത്തോട് ഹൃദയം ചേർത്തുവച്ച യൂദാസും ധാന്യത്തോട് ഹൃദയം ചേർത്തു വച്ച ഭോഷനായ ധനികനും ലഭിക്കുന്നത് ദാരുണമായ അന്ത്യമാണ്!

ഹൃദയത്തിൽ നിന്നും തിരുഹൃദയത്തിലേയ്ക്കുള്ള വളർച്ച ഞാനും ക്രിസ്തുവും തമ്മിലുള്ള ദൂരമാണ്. അകലങ്ങളില്ലാതെ അടുക്കാൻ, ഞാനും ക്രിസ്തുവും തമ്മിലുള്ള ദൂരം ഇല്ലാതാക്കാൻ പ്രാർത്ഥന അനിവാര്യമാണ്. നമ്മുടെ ഹൃദയങ്ങളെ ദൈവത്തിന്റെ പക്കൽ ഉയർത്തുവാൻ കൂദാശകൾ ആവശ്യമാണ്. കല്പനകളുടെ പാലനവും, വചനത്തെ ഉള്ളിൽ സൂക്ഷിക്കുന്നതും നമ്മുടെ ഹൃദയത്തെ തിരുഹൃദയമാക്കുന്നു. ദൈവമെന്ന നിക്ഷേപം എവിടെയോ, അവിടെ നമുക്ക് നമ്മുടെ ഹൃദയങ്ങളെ നിക്ഷേപിക്കാം. അങ്ങനെ എന്റെ സ്പർശം ക്രിസ്തുവിന്റെ സ്പർശമാകും എന്റെ നോട്ടം ക്രിസ്തുവിന്റെ നോട്ടമാകും. എന്റെ വചനം ക്രിസ്തുവിന്റെ വചനമാകും.

നന്മകൾ പൂക്കുന്ന തിരുഹൃദയമാകണം

നന്മയുടെ വിത്തുകൾ മുപ്പതും, അറുപതും നൂറുംമേനി ഫലം പുറപ്പെടുവിക്കുന്ന നല്ല നിലമാണ് തിരുഹൃദയം. ഹൃദയത്തിലാണ് ശത്രുക്കളും മിത്രങ്ങളും ജനിക്കുന്നത്. യേശുവിന്റെ ഹൃദയത്തിൽ ശത്രുക്കൾ ജനിക്കുകയില്ല. കാരണം അവന്റെ ഹൃദയം തിരുഹൃദയമാണ്. യേശുവിനെപോലെ ഹൃദയത്തെ വിരൽ തുമ്പിൽ സൂക്ഷിച്ചാൽ അന്ധന് കാഴ്ചയും, ബധിരന് കേഴ്വിയും നല്കുവാൻ നമുക്ക് സാധിക്കും. യേശുവിനെ പോലെ രക്തസ്രാവക്കാരുടെ രോഗം അകറ്റാൻ നമുക്ക് കഴിയും. അവന്റെ വസ്ത്രത്തിൽ മാത്രമല്ല ഉടൽ മുഴുവൻ യേശുവിന് തിരുഹൃദയമായിരുന്നു. യേശുവിനെപോലെ തിരുഹൃദയം വിരലിൽ സൂക്ഷിച്ച മദർ തെരേസാ മരണാസന്നനായ ഒരു മനുഷ്യനെ സ്നേഹപൂർവ്വം കവിളിൽ തലോടി. ആ മനുഷ്യൻ മിഴികളുയർത്തി പറഞ്ഞു. നിങ്ങളുടെ വിരലുകൾ ഒരിക്കൽ കൂടെ എന്റെ കവിളുകളിൽ ചേർത്തു വയ്ക്കു. ഞാൻ ദൈവത്തിന്റെ വിരലുകളുടെ സ്പർശം ഒരിക്കൽ കൂടെ അനുഭവിക്കട്ടെ!

എന്റെ കണ്ണുകളിലും കരങ്ങളിലും നാവിലും തിരുഹൃദയം സൂക്ഷിക്കാനായാൽ എന്റെ ജീവിതം നന്മയുടെ പൂക്കാലമാകും. ജൂൺ മാസം നന്മകളുടെ പൂക്കാലമാകാൻ തിരുഹൃദയവണക്കം ആചരിക്കുന്ന മാസം. ഭിത്തിയിൽ തൂക്കിയിരിക്കുന്ന തിരുഹൃദയം നിശബ്ദമായി മന്ത്രിക്കുന്നു: നിന്റെ ഹൃദയത്തെ എന്റെ ഹൃദയംപോലെ തിരുഹൃദയമാക്കു! ■

ആണ്ടുവട്ടം 11-ാം ഞായർ (ജൂൺ 17)

നീർച്ചാലുകൾ

ഫാ. പോൾ സണ്ണി

കടുകുമണിയിൽ വിടരുന്നവർ

എസെ. 17: 22-24 | 2 കൊറി. 5: 6-10 | മാർക്കോ. 4 : 26-34

മരം ബൈബിളിലെ പ്രധാന ബിംബമാണ്. ഏദൻതോട്ടംമുതൽ മരങ്ങളുണ്ട്. സൃഷ്ടിയിൽ സസ്യജാലങ്ങളുണ്ട്.

മിശിഹ വരുന്നത് ഒലിവുമലയിൽ നിന്നാണെന്ന് യഹൂദവിശ്വാസമുണ്ട്. ജറുസലെമിൽനിന്ന് നിഷ്കാസിതമായ കർത്താവിന്റെ മഹത്വം (എസെ 11: 2) നഗരത്തിലേക്ക് തിരിച്ചുവരുന്നത് ഒലിവുമലയിൽനിന്നാണ് (എസെ 43:2). നോഹയുടെ കാലത്തെ പ്രളയത്തെ അനുസ്മരിപ്പിക്കുന്നുണ്ട് ഒലിവുചില്ലകൾ.

ദാർശനിക ഭരണാധികാരിയായിരുന്ന മാർക്കസ് ഔറേലിയസ് പറഞ്ഞു." ഒരേ പൂജാവേദിയിൽ അനേകം പൂക്കൾ അർപ്പിക്കപ്പെടുന്നു. ഒന്നു മറ്റൊന്നിന്റെ മുന്നിലോ പിന്നിലോ വീണെന്നുവരാം! അതുകൊണ്ട് എന്തെങ്കിലും വ്യത്യാസമുണ്ടോ? എന്റെ ജീവിതം പതിനായിരം വർഷമാണെന്ന ഭാവത്തോടെ നീ പെരുമാറരുത്. ഏതു സമയത്തും നിന്നെ ഗ്രസിക്കാൻ മരണം കാത്തുനിൽക്കുന്നു. അതിനാൽ അവസരം പാഴാക്കാതെ ഇപ്പോൾതന്നെ സൽപ്രവൃത്തികൾ ആചരിക്കണം."

ജീവിതം എന്നും ക്ലേശത്തിന്റെ അപ്പം ഭക്ഷിക്കലല്ല. ഏതോ മരമേലാപ്പുകളിൽ നമുക്കായുള്ള തേൻകൂടികളും ഒളിച്ചിരിപ്പുണ്ട്.

നെബോ മലകളിൽ തളയ്ക്കപ്പെട്ടവർ

വർഷങ്ങൾനീണ്ട ഇസ്രയേൽ ജനത്തിന്റെ കാനാൻ തേടിയുള്ള യാത്രയ്ക്ക് കണ്ണും കാതുമായി നിന്ന നേതാവ് മോശതന്നെയാണ്. പ്രശ്നങ്ങൾ എത്രയുണ്ടായി. എങ്കിലും മോശയു

ടെ ചങ്കിടിഞ്ഞില്ല. പക്ഷേ, നെബോ മലയിൽനിന്ന് കാനാൻദേശം ഉറ്റുനോക്കാനേ മോശയ്ക്ക് കഴിഞ്ഞുള്ളൂ. പക്ഷേ, മോഹഭംഗങ്ങൾ അവന് ഏതൊന്നും ഉണ്ടായില്ല. ഇനിയുള്ള ചുവടുകൾക്ക് നേതൃത്വം അഹറോന് നൽകുന്നു. വിശ്വാസത്തിന്റെ, നേതൃത്വത്തിന്റെ പ്രത്യാശയുടെ തലമുറകൈമാറ്റം. ഇറ്റാലിയൻ ശില്പിയായ ജോവാനി ഫന്റോനിയുടെ പിച്ചളസർപ്പത്തെ ഉയർത്തിയ രൂപം നെബോ മലയിൽ കാണാം. ജീവിക്കുന്നവർക്കുള്ള അടയാളം. ഈ മലയിൽനിന്ന് മോശയെപ്പോലെ നോക്കിയാൽ ചാവുകടൽ, ജറുസലേം നഗരം, ബത്‌ലഹേം, ജറീക്കോ, മെഡിറ്ററേനിയൽ സമുദ്രം ഇവയെല്ലാം കാണാം. അവിടങ്ങളിൽ എത്തുവാനുള്ള ദൂരങ്ങളുടെ ബോർഡുകളും കാണാം. മോശയെപ്പോലെ തന്റെ ജനത്തിനുവേണ്ടി 'നോക്കാൻ' ആഗ്രഹിക്കുന്നില്ലെങ്കിൽ നെബോ മലയിൽ ഉടയും സ്വപ്നങ്ങൾ.

വിത്തുകളിൽ കവിത വിരിയുമ്പോൾ

വിത്തുകൾ വിതയ്ക്കുന്നതും വെള്ളവും വളവും നൽകുന്നതും കർഷകനാണ്. അവൻ ഉണർന്നിരുന്നാലും വിത്തുകളുടെ രഹസ്യം അവനറിയാനാകില്ല. വിത്തുകളിൽ കവിത എഴുതുന്നത് ദൈവമാണ്. ഇലയായ്, പൂവായ്, ധാന്യമായി അവ മാറും. അരിവാളെടുത്ത് കൊയ്യാനുള്ള നിയോഗവും കർഷകന്റേതാണ്. മണ്ണുമായി ഒരു ബന്ധം കർഷകനുണ്ട്. പരിചരണത്തിന്റെയും കരുതലിന്റെയും ബന്ധം വിത്തു പൊട്ടിമുളച്ച് വിളവാകുന്നതുവരെയുള്ള രഹസ്യം, സമയം ഇതെല്ലാം ദൈവത്തിന്റെ നിയന്ത്രണത്തിലാണ്. ദൈവരാജ്യത്തിന്റെ വളർച്ചയും ഇതുപോലെയാണ്. ക്ഷമയോടെയുള്ള കാത്തിരിപ്പ് വേണം. വിളവെടുപ്പ് (harvest) ക്രിസ്തുവിന്റെ ഉത്ഥാനത്തിന്റെ സൂചനാണ്. വിളവെടുപ്പ് സമൃദ്ധിയുടെയും ആനന്ദത്തിന്റെയും അവസരമാണ്. ഉയിർപ്പ് ജീവനും പ്രത്യാശയുമാണ്.

കടുകുമണിയിൽ വിടരുന്നവർ

കടുകുമണി ഏറ്റവും ചെറിയ വിത്തല്ല, കടുകുമരം ഏറ്റവും വലിയതുമല്ല. നിത്യജീവിതത്തിൽ സാധാരണയായി ഉപയോഗിക്കുന്നതിനെ ക്രിസ്തു അവതരിപ്പിക്കുന്നുവെന്നേയുള്ളൂ. കടുക് എണ്ണയായും ഭക്ഷണത്തിന് മണവും രുചിയും നല്കാനും ഉപയോഗിക്കുന്നു. പലരെയും നമ്മൾ ചെറിയവരായി, കടുകുമണികളായി അവഗണിക്കുന്നു. മറിയം, പാപിനിയായ സ്ത്രീ, കിണറ്റിൻകരയിലെ സ്ത്രീ, മഗ്ദലേന മറിയം, സക്കേവൂസ് അങ്ങനെ പലരുണ്ട് കടുകുമണിയോളം പോന്നവർ. ഒരു സാധാരണ പെൺകുട്ടിയിൽനിന്ന് രക്ഷകന്റെ അമ്മയിലേക്കുള്ള പരിവർത്തനം എത്ര മാത്രം ദൈവീകപദ്ധതിയുടേതും കരുതലിന്റേതുമാണ്. വിശ്വാസത്തിലൂടെയുള്ള ഒരു വളർച്ച മറിയത്തിൽ ദർശിക്കാം.

ഇന്നത്തെ സൈബർയുഗം തലയിലേറ്റുന്നത് ഹൃദയമില്ലാത്ത കണക്കുകളുടെ മസ്തിഷ്കങ്ങളെയാണ്. യാന്ത്രികതയുടെ സഹായത്താൽ വികസിക്കുന്ന ഒരു പുതിയലോകം. വിശ്വാസത്തിന്റെ പട്ടുവസ്ത്രങ്ങൾ പഴന്തുണികളായി മാറുന്ന ലോകം.

കടുകുമണികൾ സമർപ്പണമായി മാറണം

ഒരിടത്തും നില്ക്കാതെ പറന്നുകൊണ്ടേയിരിക്കുന്ന പക്ഷി സ്വാതന്ത്ര്യത്തിന്റെ അനശ്വരപ്രതീകമാണ് സുരക്ഷിതത്വത്തിന്റെ കൂട്ടിൽനിന്നും സ്വാതന്ത്ര്യത്തിന്റെ ആകാശങ്ങൾ തേടലാണ് പക്ഷിയുടെ ജീവിതം. സ്വാതന്ത്ര്യത്തിന്റെ ആകാശങ്ങളെ തേടുന്നവർ ഭൂമിയുടെ സുരക്ഷിതത്വത്തെ കൈവെടിയേണ്ടിവരും. സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും പുരോഗതിക്കുവേണ്ടി നാം നമ്മുടെ ജീവിതത്തെ സമർപ്പിക്കണം.

എപ്പോഴും നറുക്കിട്ടെടുത്ത് കാര്യങ്ങൾ തീരുമാനിച്ചിരുന്ന രണ്ടു സുഹൃത്തുക്കൾ . ഒടുവിൽ അതിലൊരു സുഹൃത്ത് മരണപ്പെട്ടപ്പോൾ നറുക്കിടാറുണ്ടായിരുന്ന ആ സുഹൃത്ത് ഉപയോഗിച്ചിരുന്ന നാണയത്തുട്ട് കണ്ട് ആദ്യത്തെയാൾ ഞെട്ടിപ്പോയി. എപ്പോഴും തന്റെ സുഹൃത്തിന് അനുകൂലമായി നറുക്കു വീഴാൻ നാണയത്തുട്ടിന്റെ രണ്ടുഭാഗവും തലഭാഗം ഒട്ടിച്ചേർത്തതായിരുന്നു. മരിച്ച സുഹൃത്ത് മരിച്ച സുഹൃത്ത് നാണയത്തിന്റെ തലഭാഗം ഒരിക്കലും വിളിച്ചിരുന്നില്ല. അങ്ങനെ എല്ലാ വിജയങ്ങളും സുഹൃത്തിനായി നല്കി. ഇതാണ് സ്നേഹത്തിന്റെ അതുല്യത. ദൈവരാജ്യം വളർന്നു പന്തലിക്കേണ്ട ഒരു ഐഹികസൃഷ്ടിയല്ല. അത് ആത്മാവിൽ പടുത്തുയർത്തേണ്ടതാണ്. 2 നാണയത്തിന് 5 കുരുവികൾ വരെ കിട്ടുന്നുണ്ടല്ലോ. പിന്നെന്തിനാണ് ഈ ആർത്തിപെരുക്കങ്ങൾ നമുക്കു ചെറുതിൽനിന്നു തുടങ്ങാം. ചെറുതായിരിക്കാം വലുതാകുവോളം. ഉകവിത്തിന്റെ സത്തപോലെയാകാം. ■

നീർച്ചാലുകൾ

ഫാ. അജിമോൻ IVDei

സ്നാപക യോഹന്നാന്റെ പിറവിത്തിരുന്നാൾ (ജൂൺ 24)

സ്രഷ്ടാവിന് വഴിയൊരുക്കുക

ഏശ. 49: 1-6 | അപ്പോ. 13:22-26 | ലൂക്ക. 1:57-66. 80

മനോഹരമായ ശില്പങ്ങൾ നിർമ്മിക്കുന്ന ഗുരു ഓരോ ശില്പവും പൂതുമയോടും അഴകോടും തികവോടും കൂടി ജന്മം കൊള്ളുമ്പോൾ ശിഷ്യനൊരു മോഹം. ഗുരു ജന്മം നൽകുന്ന അതേ സൗന്ദര്യത്തോടുകൂടി ശില്പ

ങ്ങൾക്ക് രൂപം നൽകുക, ഗുരുവിന്റെ പണിയായുധങ്ങൾ ഉപയോഗിച്ച് ശില്പങ്ങൾ നിർമ്മിച്ചിട്ടും, ഗുരു ജന്മം നൽകുന്ന ശില്പങ്ങളുടെ മനോഹാരിതയോ, തികവോ അതിന് ലഭിക്കുന്നില്ല. അവസാനം തന്റെ ജോലി നിർത്തിവച്ച് ശിഷ്യൻ ഗുരുവിന് സമീപിച്ച് ചോദിക്കുന്നു അങ്ങയുടെ പണിയായുധങ്ങൾ ഉപയോഗിച്ച് മാസങ്ങളായി ഞാൻ അങ്ങ് നിർമ്മിക്കുന്നതുപോലുള്ള അഴകാർന്ന ശില്പങ്ങൾ നിർമ്മിക്കുവാൻ ശ്രമിക്കുന്നു. എന്നിട്ടും എനിക്കതിന് കഴിയുന്നില്ല അതെന്തുകൊണ്ടാണ് ഗുരു അല്പനിമിഷത്തെ ധ്യാനത്തിനുശേഷം ശിഷ്യനോടുപറഞ്ഞു, നീ ഞാനുപയോഗിക്കുന്ന ആയുധങ്ങൾകൊണ്ട് ശില്പങ്ങൾക്ക് ജന്മം നൽകുവാൻ ശ്രമിച്ചിട്ട് യാതൊരു കാര്യവുമില്ല. മറിച്ച് നീ നിന്റെ ഗുരുവിന്റെ അരൂപിയോടും സ്നേഹത്തോടും ത്യാഗമനോഭാവത്തോടും കൂടി ശില്പങ്ങൾക്ക് ജന്മം നൽകുക. അപ്പോൾ ഞാൻ നൽകുന്നതിനേക്കാൾ മനോഹരമായ ശില്പങ്ങൾക്ക് ജന്മം കൊടുക്കുവാൻ സാധിക്കും.

സ്ത്രീകളിൽ നിന്നു ജനിക്കുന്ന എല്ലാവരിലും നിക്ഷിപ്തമായിരിക്കുന്നത് സ്നാപകന്റെ ദൗത്യം തന്നെയാണ്. അവന്റെ സ്രഷ്ടാവിന് വഴിയൊരുക്കുക. ക്രിസ്തുവിനുവേണ്ടി സഞ്ചരിക്കുന്നവനാകുക.

അതെ, ക്രിസ്തുവിന്റെ അരൂപിയോടും സ്നേഹത്തോടും ത്യാഗമനോഭാവത്തോടും കൂടി ക്രിസ്തുവിനെ സ്വീകരിക്കുവാൻ ഒരു ജനതയെ ഒരുക്കുകയും അവന് വഴിയൊരുക്കി കാത്തിരിക്കുകയും ചെയ്ത സ്നാപകയോഹന്നാന്റെ ജനന തിരുനാളാണ് നാം ഈ ആഴ്ച ആഘോഷിക്കുന്നത്. ക്രിസ്തുവിന്റെ അരൂപിയും സ്നേഹവും ഉദരത്തിനുള്ളിൽ വച്ച് തന്നെ അനുഭവിക്കുവാൻ കഴിഞ്ഞ ഏത് ജന്മമുണ്ടായിരുന്നു ഈ ഭൂമിയിൽ. യോഹന്നാൻജനിച്ചതും അതിന്റെ നിറവിൽ തന്നെ.

ദൈവാരൂപിയും ദൈവസ്നേഹവും ജനങ്ങൾ തിരിച്ചറിഞ്ഞ മുഹൂർത്തമായിരുന്നു യോഹന്നാന്റെ ജനനം. അത് തന്നെയായിരുന്നു സ്നാപകയോഹന്നാന്റെ ധർമ്മവും ദൗത്യവും, ദൈവസാന്നിധ്യത്തിന് സാക്ഷ്യം വഹിക്കും. ആ നിയോഗത്തിനുവേണ്ടി ജനിച്ചു, ആ നിയോഗത്തിനുവേണ്ടി ജീവിച്ചു. അതിനുവേണ്ടി മരിക്കുകയും ചെയ്തു യോഹന്നാൻ. അവനെപ്പോലെ ജനിച്ചവരാണ് നമ്മളും. നാം ജനിച്ചതുകൊണ്ട് ജീവിക്കുന്നവരാകരുത്. നമ്മളെല്ലാം പ്രത്യേക നിയോഗംകൊണ്ട് ജീവിക്കാൻ ജനിച്ചവരാണ് ഇതാണ് യോഹന്നാന്റെ ജനനം നമുക്കുനൽകുന്ന സന്ദേശവും. നമ്മുടെ നിയോഗമെന്തെന്ന് തിരിച്ചറിയുക അതിനുവേണ്ടി ജീവിക്കുക, മരിക്കുക.

ഒരു മിത്തിനെക്കുറിച്ച് കേട്ടിട്ടുണ്ട്. അമ്മയുടെ ഉദരത്തിൽ രൂപപ്പെടുമ്പോൾ നമ്മുടെ നെറ്റിത്തടത്തിൽ ഒരു അടയാളമുണ്ട്. നമ്മുടെ ഭൂതം, ഭാവി എന്നിവ കാണാം. അത് ഓർമ്മിച്ചെടുക്കാൻ ശ്രമിക്കുന്നിടത്താണ് ആത്മീയതയുടെ ആരംഭം. തന്റെ നിയോഗം ഒരുവനായി കൊണ്ടുനടന്നവനാണ് യോഹന്നാൻ. അതുകൊണ്ടല്ലേ യോഹ.5:35 ൽ കത്തിജ്വലിക്കുന്ന വിളക്കായി സ്നാപകനെ യോഹന്നാൻ സുവിശേഷകൻ അവതരിപ്പിക്കുന്നത്. അതുകൊണ്ടല്ലേ മത്താ 11:11 ൽ സ്ത്രീകളിൽ നിന്നു ജനിച്ചവരിൽ വലിയവനായി സാനപകനെ മത്തായി സുവിശേഷകൻ ചിത്രീകരിക്കുന്നത്.

സ്ത്രീകളിൽ നിന്നു ജനിക്കുന്ന എല്ലാവരിലും നിക്ഷിപ്തമായിരിക്കുന്നത് സ്നാപകന്റെ ദൗത്യം തന്നെയാണ്. അവന്റെ സ്രഷ്ടാവിന് വഴിയൊരുക്കുക. ക്രിസ്തുവിനുവേണ്ടി സഞ്ചരിക്കുന്നവനാകുക. ഇന്നത്തെ ലോകത്ത് ആവശ്യം ഇതുപോലെ സഞ്ചരിക്കുന്ന സക്രാരികളുമാണ്. ■

തിരുവനന്തപുരം അതിരൂപതാ ബിസിസി കമ്മിഷന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന ഹോം മിഷൻ പ്രവർത്തനത്തിനുള്ള സന്യസ്തരുടെ രണ്ടാമത്തെ ബാച്ചിന് നൽകുന്ന പരിശീലന പരിപാടി ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യം ഉദ്ഘാടനം ചെയ്യുന്നു

ഉപകാരസ്മരണ

- ഒരു വിശ്വാസി

വചനജ്വാല

2018 ജൂലൈ മാസം ബി.സി.സികളിൽ ഉപയോഗിക്കാൻ തയ്യാറാക്കിയത്

മകനേ, നീ മടങ്ങിവരുക...

1. പരിശുദ്ധാത്മാവിന്റെ ഗാനം ബൈബിൾ വന്ദനം
2. സ്വാഗതം: കുടുംബനാഥൻ/ നാഥ
3. ആമുഖം

ഈ മാസത്തെ കുടുംബകൂട്ടായ്മ യോഗത്തിൽ സഭയുടെ നട്ടെല്ലായ യുവജനങ്ങൾ ഈ യുവജനവർഷത്തിന്റെ പ്രാധാന്യവും പ്രസക്തിയും എപ്രകാരമാണ് നമ്മുടെ ഇടവകകളിൽ പ്രാവർത്തികമാക്കേണ്ടത് എന്ന് നമുക്ക് ചിന്തിക്കാം. വിശ്വാസം, പ്രത്യാശ, സ്നേഹം എന്നിവയിൽ നിന്ന് ഉയിർക്കൊള്ളുന്ന യുവജനങ്ങളുടെ ജീവിതസാക്ഷ്യം തന്നെയാണ് സഭയുടെ പ്രേഷിത പ്രവർത്തനങ്ങൾക്ക് ഏറ്റവും ഫലപ്രദമായ മണ്ണ്. ലോക പൗരന്മാരെന്നനിലയ്ക്ക് ഭൗതികമണ്ഡലത്തിന്റെ അഭിവൃത്തിക്കും നടത്തിപ്പിനുവേണ്ടി യുവജനങ്ങൾ കൈകോർത്ത് മുന്നേറണം. സംഘടിതമായ യുവജനങ്ങളുടെ പ്രവർത്തനം വിശ്വാസികളുടെ ക്രിസ്തീയവും മാനുഷികവുമായ ആവശ്യമാണെന്ന് തിരിച്ചറിയുക. യുവജനങ്ങളുടെ കൂട്ടായ്മ സഭയുടെ പാതയാണ്. സഭയുടെ നേതൃത്വശൈലി യുവജനങ്ങളെ ഉത്തരവാദിത്തതീക്ഷ്ണതയുള്ളവരാക്കുകയും സ്വാതന്ത്ര്യം അനുഭവിക്കുന്ന മനുഷ്യമക്കളാക്കുകയും ചെയ്യുക എന്നതാണ്. യുവജനങ്ങൾ സഭയുടെ ശക്തിയാണ്. സഭ രക്ഷകനായ യേശുവിന്റെ സ്നേഹത്തിന്റെ തുടർച്ചയാണ്. ഈ മധുരമായ സ്നേഹം ആത്മീയ ചൈതന്യത്തോടെ അനുഭവിക്കുവാനും പരസ്പരം കൈമാറുവാനും ഇവർ കടപ്പെട്ടിരിക്കുന്നു. യുവജനങ്ങൾ ഉത്തരവാദിത്തപൂർവ്വം വിശ്വാസം കൈമാറേണ്ടിയിരിക്കുന്നു, സാമൂഹ്യ പ്രതിബദ്ധതയും സംഘടിതമായ വിശ്വാസത്തിലൂടെയും ഏകദൈവത്തിൽ

വിശ്വസിച്ച് സ്വപ്നങ്ങൾ സഫലമാക്കേണ്ടിയിരിക്കുന്നു. സഭയുടെയും യുവജനങ്ങളുടെയും സ്വപ്നം ക്രിസ്തു എന്ന യുവാവിൽ കേന്ദ്രീകൃതമാണ്.

4. യേശുവിനെ ക്ഷണിക്കൽ

നിങ്ങൾ മാതാപിതാക്കളെ ബഹുമാനിക്കുക വഴി ഞാൻ ദീർഘകാലം നിങ്ങളെ അനുഗ്രഹിക്കുമെന്ന് അരുൾചെയ്ത ദൈവമായ കർത്താവിനെ നമ്മുടെ മധ്യേക്ഷണിക്കാം (പുറ 20:12).

5. വചനഗീതി

6. ദൈവവചന പാരായണം
(ലൂക്കാ 15:11-32)

7. വചനവിചിന്തനം

തിരുസഭയുടെ വലിയ സമ്പത്താണ് വിശ്വാസം ജ്ഞാനസ്നാനാവസരത്തിൽ സഭയുടെ സമ്പത്തായ വിശ്വാസം സഭാമക്കൾക്ക് ഓഹരിയായി നൽകിയിട്ടുണ്ട്. സ്നേഹപിതാവായ ദൈവം ആ വിശ്വാസത്തിന്റെ സ്നേഹത്തിൽ അധിഷ്ഠിതമായ ഓഹരി വ്യത്യാസം കൂടാതെ ഏവർക്കും ദാനമായി നൽകി. വിശ്വാസം ദൈവത്തെ അറിയുവാൻ വേണ്ടിയുള്ളതാണ്. ഈ വിശ്വാസം കടുക് മണിക്ക് സദൃശ്യമാണ് നിലത്ത് പാകുമ്പോൾ അത് ഭൂമിയിലുള്ള എല്ലാ വിത്തുകളെക്കാൾ ചെറുതാണ്. എന്നാൽ പാകി കഴിയുമ്പോൾ അത് വളർന്ന് എല്ലാ ചെടികളേക്കാൾ വലുതാകുകയും വലിയ ശാഖകൾ പുറപ്പെടുവിക്കുകയും ചെയ്യുന്നു. ആകാശത്തിലെ പക്ഷികൾ അതിന്റെ തണലിൽ ചേക്കേറാൻ കഴിയുന്നു (മർക്കോ 4:31-32). ഐശ്വര്യത്തിന്റെയും സമൃദ്ധിയുടേയും പടുവൃക്ഷമാകേണ്ട യുവജനസമൂഹത്തിന് എന്തുകൊണ്ട് വിശ്വാസ കുറവ് സംഭവിച്ചു? ധൂർത്തിന്റെയും ആർഭാടത്തിന്റെയും മുൾമുനയിൽ വിശ്വാസ ജീവിതം ചോർന്നു പോകുന്നു. രാഷ്ട്രീയ അധികാരികളുടെ താല്പര്യങ്ങൾക്ക് ജീവിതം പണയപ്പെടുത്തുമ്പോൾ അവർ വിശ്വാസ ക്ഷാമവും വിശ്വാസ ഞെരുക്കവും അനുഭവിക്കുന്നു. ദൈവസ്നേഹത്തിന്റെ സമ്പത്ത് മൺപാത്രത്തിലെ നിധിപോലെ ഓരോരുത്തരും സംരക്ഷിക്കേണ്ടത് നമ്മുടെ തന്നെ കടമയാണ്. സഭ യുവജനവർഷമായി ആചരിക്കുമ്പോൾ സഭയുടെ ദൗത്യം കാണാതായ ആടുകളെ തിരക്കിയുള്ള പ്രയാണമാണ്. നഷ്ടപ്പെട്ടുപോയ നാണയത്തെ അന്വേഷിക്കുക എന്നതാണ് സഭയുടെ ദൗത്യം. സുബോധമുണ്ടായി പിതാവിന്റെ അരികിൽ വരുന്ന മക്കളോട് മനസലിഞ്ഞ് കെട്ടിപിടിച്ച് ചുംബിക്കുന്ന ആനന്ദത്തിന്റെ സുവിശേഷമാണ് സഭയുടെ പ്രഥമമായ വിളി. പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ യുവജനവർഷത്തിൽ നമ്മെ ഉദ്ബോധിപ്പിക്കുന്നത് "നാം യുവജനങ്ങളുടെ അടുക്കലേക്ക് പോയി, അവരുടെ വ്യത്യസ്ത സാഹചര്യങ്ങളിൽ അവരെ കണ്ടു മനസിലാക്കി നീതിയുക്തമായ ജീവിത വിളിയിലേക്ക് അവരെ ക്ഷണിക്കുക എന്നതാണ്. സാങ്കല്പിക ലോകത്തിൽ (Virtual World) ജീവിക്കുന്ന അവർക്ക് നല്ല പരാമർശ കേന്ദ്രങ്ങൾ (Referal Points) നഷ്ടമാകുന്നു. ആ നല്ല മാതൃകകൾ ഈ കുടുംബ യൂണിറ്റിലെ മുതിർന്നവരായ നിങ്ങൾ തന്നെ ആയിരിക്കണം". ദൈവത്തിന്റെ വിളി ഒരു പദ്ധതിയുടെ ആവിഷ്ക്കാരമാണ്. അത് നാശത്തിനുള്ളതല്ല, ക്ഷേമത്തിനുള്ളതാണ്. ദൈവസ്നേഹകൂടാരത്തിൽ അഭയം പ്രാപിച്ച് ക്രിസ്തുവാഹകരായി ശുദ്ധമായ വിശ്വാസത്തിന്റെ വെളിച്ചം ശ്വസിച്ച് നമ്മുടെ സഭയുടെ പരിതസ്ഥിതികളെ കൂടുതൽ മെച്ചപ്പെടുത്തി സഭയെസ്നേഹിക്കുന്ന യുവജനസമൂഹത്തെ വാർത്തെടുക്കാം. മുന്തിരിച്ചെടിയാകുന്ന ഈശോയോട് ചേർന്ന് നിന്നുകൊണ്ട് ഫലം നൽകുന്ന യുവജന വിശ്വാസ സാക്ഷികളായി തീരാം.

8. ചർച്ച

a. സഭാ നേതൃത്വത്തിൽ യുവജനപങ്കാളിത്തം കുറയുവാൻ കാരണമെന്ത്?

b. എന്തുകൊണ്ട് യുവജനങ്ങൾ ബി.സി.സി.കൂട്ടായ്മകളിൽ പങ്കെടുക്കുവാൻ വൈമനസ്യം കാണിക്കുന്നു?

c. എങ്ങനെ കൂടുതൽ യുവജനങ്ങളെ ബി.സി.സി. കൂട്ടായ്മകളിൽ എത്തിക്കാം?

9. റിപ്പോർട്ട്.

10. ഹാജർ

11. പൊതു അറിയിപ്പ്

യുവജനങ്ങൾ ശുശ്രൂഷാ പ്രവർത്തനം പങ്കുവയ്ക്കുക.

12. വിശ്വാസികളുടെ പ്രാർത്ഥന

നിങ്ങൾ ലോകത്തിന്റെ പ്രകാശവും ഉപ്പായി തീരുവിൻ എന്ന് അരുൾചെയ്ത യേശുനാഥ, യുവജനങ്ങൾ ക്രിസ്തുവിനെ കേന്ദ്രമാക്കി അവിടുത്തെ രാജ്യവും നീതിയും കണ്ടെത്തുവാൻ അനുഗ്രഹിക്കണമെന്ന് പ്രാർത്ഥിക്കുന്നു.

13. സമാപനഗാനം

14. സ്നേഹവിരുന്ന്.

15. നന്ദി

തിരുവനന്തപുരം അതിരൂപതാ ബിസിസി കമ്മീഷന്റെ ആഭിമുഖ്യത്തിൽ 2017-18 വർഷത്തെ ഹോം മിഷൻ പ്രവർത്തനങ്ങളിൽ പങ്കെടുത്ത സന്യസ്തർ. ഇവർക്കുള്ള യാത്രയയപ്പ് കഴക്കൂട്ടം ഫാത്തിമമാതാ ഇടവകയിൽ വച്ച് അതിരൂപതാ സഹായ മെത്രാൻ ഡോ. ക്രിസ്തുദാസിന്റെ അധ്യക്ഷതയിൽ നടന്നു.

ഹോളി ഏഞ്ചൽസ് ഐ.എസ്.സി. സ്കൂൾ
നന്തൻകോട്

അനന്തപുരിയിലെ മാലാഖമാർ

തിരുവനന്തപുരം ജില്ലയിലെ നഗര ഹൃദയത്തിൽ സ്ഥിതി ചെയ്യുന്ന ഹോളി ഏയ്ഞ്ചൽസ് ഐഎസ്സി സ്കൂൾ നഗരത്തിന്റെ തിക്കിലും തിരക്കിലും നിന്ന് അകന്നുമാറി പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനും സമൂഹത്തിൽ അവരുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനുമായി നിലകൊള്ളുന്ന സ്ഥാപനം. കർമ്മല മാതാവിന്റെ ഉത്തരീയത്തിന്റെ വിശുദ്ധവും ശക്തവുമായ സംരക്ഷണം സൂര്യതേജസ്സായി ഈ വിദ്യാലയത്തിന് മുകളിൽ പ്രശോഭിക്കുന്നു.

1971 ൽ കർമ്മലീത്ത സന്യാസിനി സമൂഹമാണ് ആരംഭിച്ചത് - ഈ വിദ്യാലയത്തിൽ പഠിക്കുന്ന ഓരോ കുട്ടിയും ഉന്നതതല വിദ്യാഭ്യാസം മാത്രമല്ല നല്ല മൂല്യങ്ങളും, പൗരബോധവും ഉള്ളവരായി വളർന്നുവരുന്നു. അവരിൽ രൂപപ്പെടുന്ന ഈ വ്യക്തിത്വം അവരെ കഴിവുള്ളവരും എല്ലാവർക്കും സഹായികളും സമൂഹത്തിന് ഉത്തമ മാതൃകകളുമാക്കി മാറ്റുന്നു.

ഹോളി ഏയ്ഞ്ചൽസ് ഐഎസ്സി സ്കൂൾ വിദ്യാഭ്യാസത്തിലും കലാ-കായിക വിദ്യാഭ്യാസത്തിനും വളരെയധികം പ്രോത്സാഹനം നൽകുന്നു. പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് ഊന്നൽ നൽകിക്കൊണ്ടാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്. അധ്യാപികമാരുടെ സ്നേഹവും സിസ്റ്റർമാരുടെ പ്രാർത്ഥനയും പരിശീലനങ്ങളും കുട്ടികളുടെ വ്യക്തിത്വത്തെയും സ്വഭാവ രൂപീകരണത്തെയും വളരെയധികം സ്വാധീനിക്കുന്നു.

കുട്ടികൾക്ക് അക്കാദമിക അക്കാദമികേതര പ്രവർത്തനങ്ങളിൽ നൽകുന്ന അവസരങ്ങളും സ്ഥാനങ്ങളും അവരെ ഉത്തരവാദിത്തബോധമുള്ളവരും നേതൃസ്ഥാനങ്ങൾ ഏറ്റെടുക്കാൻ പ്രാപ്തരുമാക്കി മാറ്റുന്നു. സമൂഹത്തിൽ നിന്ന് ഉയരുന്ന വെല്ലുവിളികൾ സധൈര്യം ഏറ്റെടുത്തുകൊണ്ട് അതിനെ അതിജീവിക്കാൻ പ്രാപ്തരാക്കി മാറ്റുകയും ചെയ്യുന്നു. എല്ലാറ്റിനുമുപരി പ്രാർത്ഥനയിലൂടെയും വചനമൂല്യങ്ങളിലൂടെയും ഈ വിദ്യാലയം കുട്ടികളുടെ മനസ്സിൽ ദൈവത്തിന് പ്രഥമ സ്ഥാനം നൽകുന്നു. പ്രകൃതിയോടുള്ള സ്നേഹവും കരുതലും വർധിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾക്ക് വിദ്യാലയത്തിൽ വളരെ പ്രാധാന്യം നൽകിവരുന്നു. ഏറ്റവും പ്രധാനമായി നല്ല മനുഷ്യരായി മാറുന്ന വിധത്തിൽ വിദ്യാർത്ഥികളുടെ മനസ്സുകളെ രൂപപ്പെടുത്തുന്നു.

വിദ്യാർത്ഥികൾക്ക് അവരുടെ കഴിവുകൾ പ്രകടിപ്പിക്കാനുള്ള സ്വാതന്ത്ര്യവും അവസരവും നൽകുന്ന ഈ വിദ്യാലയം അവരുടെ പ്രശ്നങ്ങളിലും ദുഃഖങ്ങളിലും ഒരു താങ്ങായി മാതൃഭാവം പുലർത്തുന്നു. സോഷ്യൽ സർവീസ് ക്ലബുകളുടെ പ്രവർത്തനത്തിലൂടെ സമൂഹത്തിലെ ഒറ്റപ്പെട്ടവരും വേദനിക്കുന്നവരുമായ എല്ലാപേരുടെയും ഒപ്പം നിൽക്കാനും അവരെ തങ്ങൾക്കാവുന്ന വിധത്തിൽ സഹായിക്കാനുമുള്ള ഒരു മനസ്സ് രൂപീകരിക്കുന്നതും ഈ വിദ്യാലയത്തിന്റെ പ്രത്യേകതയാണ്. ക്രിസ്തുനാഥൻ തന്റെ സ്നേഹവും ചൈതന്യവും തന്റെ ശിഷ്യന്മാർക്ക് പകർന്നുനൽകിയതുപോലെ സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും സമർപ്പണത്തിന്റെയും ഉത്തമ മാതൃകകൾ നൽകിക്കൊണ്ട് അനന്തപുരിയുടെ തിലകക്കുറിയായി മാറുന്നു ഹോളി ഏയ്ഞ്ചൽസ് ഐഎസ്സി സ്കൂൾ.

വിശ്വാസത്തിന്റെ ശക്തി

ജെറി പത്താംക്ലാസിലെ ഒരു വിദ്യാർത്ഥിയാണ്. പഠനത്തിൽ മോശമായതിനാൽ ടീച്ചർമാർ അവനെ വഴക്കുപറഞ്ഞിരുന്നു. എന്തൊക്കെ വന്നാലും ജെറി എന്നും പള്ളിയിൽ പോവുമായിരുന്നു. സ്കൂളിൽ കുട്ടികളെല്ലാം കളിക്കാൻ പോകുമ്പോഴും അവൻ തന്റെ ജപമാല എടുത്തു എന്നും പ്രാർത്ഥിക്കുമായിരുന്നു. ഇതുകണ്ട് മറ്റു കുട്ടികൾ കളിയാക്കുമ്പോഴും അവൻ തന്റെ വിശ്വാസത്തിൽ ഉറച്ചുനിന്നു.

എത്ര കഠിനമായി പ്രയത്നിച്ചിട്ടും അവന് ആദ്യ പരീക്ഷകളിൽ മോശമായ മാർക്കാണ് ലഭിച്ചത്. എന്നാൽ അവനെപോലെ തന്നെ അവന്റെ വീട്ടുകാരും പ്രാർത്ഥനയിലും വിശ്വാസത്തിലും ഉറച്ചുനിന്നു. അങ്ങനെ എല്ലാ ദിവസവും അവൻ സമയം കിട്ടുമ്പോഴൊക്കെ സ്കൂളിലിരുന്ന് പഠിക്കുകയും മറ്റു കുട്ടികൾ കളിക്കുമ്പോൾ പ്രാർത്ഥിക്കുകയും ചെയ്തു. എന്നിട്ടും അവൻ അടുത്ത പരീക്ഷയിൽ തോറ്റു.

സഹപാഠികൾ അവനെ കളിയാക്കാൻ തുടങ്ങി. ഒരു കുട്ടി പറഞ്ഞു: "എടാ പ്രാർത്ഥനക്കാരാ, വീണ്ടും തോറ്റല്ലോടാ" എന്നാൽ ജെറി ഇതൊന്നും ചെവിക്കൊണ്ടില്ല.

എസ്എസ്എൽസി പരീക്ഷയുടെ ആദ്യദിവസം അവൻ രാവിലെ എഴുന്നേറ്റു പ്രാർത്ഥിച്ചു: "എന്റെ ദൈവമേ ഞാൻ അങ്ങയിൽ വിശ്വസിക്കുന്നു. എനിക്കുറപ്പുണ്ട് അങ്ങ് പരിശുദ്ധാത്മാവിനെ വിട്ട് എന്നെ സഹായിക്കും." അതിനുശേഷം അവൻ ബൈബിൾ വായിച്ചു. അപ്പോൾ ഒരു വചനം അവനെ ഏറെ സ്പർശിച്ചു.

"എന്നെ ശക്തനാക്കുന്നവനിലൂടെ എല്ലാം ചെയ്യാൻ എനിക്കു സാധിക്കും" (ഫിലി.4:13). അവൻ ആ വചനത്തിൽ വിശ്വസിച്ചു. പരീക്ഷയെഴുതി. പരീക്ഷയുടെ റിസൾട്ട് വന്നപ്പോൾ എല്ലാവരെയും ഞെട്ടിച്ചുകൊണ്ട് എല്ലാവരേയും കാൾ മാർക്കോടെ ജെറി പാസായി.

– അന്ന ജോൺ

ഇതോ എന്റെ കൂട്ടുകാരൻ

സന്തോഷ സന്താപങ്ങൾ
പങ്കുവച്ചീടാൻ
സ്നേഹത്തിൻ തണലായി
കരുതലേകിയും
എന്നോടു കൂട്ടുകൂടുന്ന ഈശോ
ഭാരങ്ങളേതും താങ്ങീടുവാൻ
വഴിതെറ്റി പോകാതെ കാവലേകുവാൻ
പാപങ്ങളേതും പൊറുത്തീടുവാൻ
ജീവൻപോലും നൽകീടുവാൻ
കൂട്ടുകൂടുന്ന ഈശോ.

നീ എൻ ആശ്രയം

ആരാരുമില്ലാതെ വേദനിച്ചീടുമെൻ
ഹൃദയത്തിൽ മുറിവുകൾ ഉണക്കാനായി
സ്നേഹത്തിൽ സാന്ത്വനസ്പർശമായ്
വന്നുചേരുമെൻ ഈശോയെ
നീ എൻ ആശ്രയം.
അഗാധഗർത്തത്തിലെന്നപോലെ
പാപത്തിൽ നിഴലെന്നിൽ പതിയുമ്പോഴും
കാണാതെപോയ ആടിനെ
തിരഞ്ഞെടുത്ത ഇടയനെ നീ എൻ ആശ്രയം.
അന്യരെക്കാളും ഉയരാൻ ശ്രമിക്കുമ്പോഴും
അഹങ്കാരമെന്ന സൗഹൃദമെന്നെ
തുണയ്ക്കുമ്പോഴും
നേർവഴി കാട്ടുന്ന യേശുനാഥാ
നീ എൻ ആശ്രയം.

– അലീന ജോൺ

ജെ.സി

നഷ്ടപ്പെടുന്ന തീരവും തീരദേശവാസികളും

പരിസ്ഥിതി സംരക്ഷണത്തിനും മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള തീരദേശവാസി സമൂഹത്തിന്റെ ജീവസന്ധാരണത്തിന് മുഖ്യപരിഗണന നൽകിക്കൊണ്ട് തീരമേഖലയുടെ സുസ്ഥിരപരിപാലനവും സുരക്ഷയും ഉറപ്പാക്കുകയെന്ന പ്രഖ്യാപിത ലക്ഷ്യത്തോടെ കൊണ്ടുവന്ന 1991 ലെ നിയന്ത്രണ വ്യവസ്ഥകൾ സമഗ്രമായി പരിഷ്കരിച്ച് 2011 ൽ കേന്ദ്ര മന്ത്രാലയം ഇറക്കിയ സി. ആർ ഇസെഡ് വിജ്ഞാപനത്തെ സംബന്ധിച്ച് കേരളം ഉൾപ്പെടെ തീരസംസ്ഥാനങ്ങൾ നിരവധി ആക്ഷേപങ്ങൾ ഉന്നയിച്ചിരുന്നു. ഈ പശ്ചാത്തലത്തിലാണ് 2018 ഏപ്രിൽ 18 ന് പുറത്തിറക്കിയ പുതിയ തീരമേഖല കരട് വിജ്ഞാപനം വലിയ ചർച്ചകൾക്ക് വഴിവയ്ക്കുന്നത്.

വൻ നിക്ഷേപ സാധ്യതയുള്ള സാഗർമാല പദ്ധതികൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനും പ്രാമുഖ്യം നൽകുന്ന നരേന്ദ്രമോദി സർക്കാർ രാജ്യത്തെ 7500 കിലോമീറ്റർ വരുന്ന തീരഭൂമിയിൽ പാരിസ്ഥിതിക ആഘാതമോ പ്രാദേശിക ജനസമൂഹത്തിന്റെ ഭൂവിനിയോഗ പാരമ്പര്യമോ വസ്തുവിലുള്ള ജന്മാവകാശമോ പരിഗണിക്കാതെ ടൂറിസം, റിയൽ എസ്റ്റേറ്റ്, വാണിജ്യ-വ്യവസായ ഇടപാടുകൾക്കായി തീരമേഖലയെ അതിരുവിട്ട വികസന പ്രവർത്തനങ്ങളുടെയും നിർമ്മിതികളുടെയും മേലുള്ള നിയന്ത്രണങ്ങൾ നീക്കാനാണ് ശ്രമിക്കുന്നതെന്ന ആരോപണം ശരിവയ്ക്കുന്നതാണ്. പുതിയ വിജ്ഞാപനത്തിന്റെ അടിസ്ഥാന സമീപനം. ആഗോള താപനവും കാലാവസ്ഥാ വ്യതിയാനവും മൂലമുണ്ടാകുന്ന പ്രകൃതി ക്ഷോഭങ്ങളുടെയും പാരിസ്ഥിതിക പ്രശ്നങ്ങളുടെയും ഭീഷണിയോ തീരത്തെ ലക്ഷക്കണക്കിന് പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ കുടിപ്പാടവും ഉപജീവനമാർഗ്ഗവും നഷ്ടപ്പെടുമെന്ന ആശങ്കയോ കണക്കിലെടുക്കാതെയാണ് വിനോദസഞ്ചാര വികസനത്തിന്റെയും വൻകിട നിക്ഷേപങ്ങളുടെയും ഉദാരവൽക്കരണവും ഇളവുകളും, നടപടി ക്രമങ്ങളുടെ ലഘൂകരണവും. റോഡിനോട് ചേർന്ന് കരഭാഗത്ത് റിസോർട്ടുകളും ഹോട്ടലുകളും മറ്റ് ടൂറിസം സൗകര്യങ്ങളും സംസ്ഥാനത്തെ നിലവിലുള്ള ചട്ടങ്ങൾക്ക് വിധേയമായി നിർമ്മിക്കാം. കേരളത്തിൽ തീരദേശ ഹൈവേ പദ്ധതി പൂർത്തിയാക്കുമ്പോൾ കരഭാഗത്ത് റിസോർട്ടുകളും ഹോട്ടലുകളും ധാരാളമായി ഉയരുമെന്ന് സാരം.

മത്സ്യത്തൊഴിലാളികൾക്ക് വലനന്നാക്കാനും വള്ളങ്ങൾ മാറ്റിവയ്ക്കാനും മീൻ ഉണക്കാനും മറ്റും ഇടങ്ങൾ ഇല്ലാതാകും. പ്രാദേശിക സമൂഹങ്ങളുടെ പങ്കാളിത്തത്തോടെ തീരദേശ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കി വേണം തീരപരിപാലന നിയന്ത്രണ ചട്ടങ്ങൾ നടപ്പിലാക്കാൻ എന്ന നിർദ്ദേശം പാലിക്കാൻ കേരളത്തിന് ഏഴുകൊല്ലമായിട്ടും കഴിഞ്ഞിട്ടില്ല. വേലിയേറ്റരേഖയും തീരപരിപാലന നിയന്ത്രണ മേഖലയുടെ അതിരുകളും മറ്റും അടയാളപ്പെടുത്തി വിശദമായ ഭൂപടങ്ങളും അടിസ്ഥാന രേഖകളും വച്ച് തദ്ദേശവാസികളിൽ നിന്ന് തെളിവെടുപ്പ് നടത്തിവേണം മാനേജ്മെന്റ് പ്ലാൻ രൂപീകരിക്കാൻ. ദേശീയ ഹരിത ട്രൈബ്യൂണൽ അന്ത്യശാസനം നൽകിയിട്ടുപോലും ഈ പ്രക്രിയ കേരള സർക്കാർ ഇനിയും ഗൗരമായി എടുത്തിട്ടില്ല. കേന്ദ്രത്തോട് കൂടുതൽ സമയം ആവശ്യപ്പെടുന്നതിലുപരി സർക്കാർ സംവിധാനം കാര്യമായി ചലച്ചിട്ടില്ല.

വിഴിഞ്ഞം ട്രാൻസ്ഷിപ്പ്മെന്റ് പോർട്ടും മുതലപ്പൊഴി ഹാർബർ നിർമ്മാണവും തിരുവനന്തപുരം കടൽതീരത്ത് വൻതോതിൽ തീരനഷ്ടമുണ്ടാക്കുന്ന സാഹചര്യത്തിൽ തീരഭൂമി കവർന്നെടുക്കാൻ വെമ്പൽകൊള്ളുന്ന റിയൽ എസ്റ്റേറ്റ് ടൂറിസം ലോബികളുടെ കടന്നാക്രമണങ്ങൾക്കെതിരെ തീരദേശ ജനത ശക്തമായ ഇടപെടൽ നടത്തേണ്ട സമയമാണിത്. ■

തൃശ്ശൂർ തിരുഹൃദയ ലത്തീൻ പള്ളിയിൽ

(വി. അന്തോണീസിന്റെ പ്രൈഷ്ന്)

വിശുദ്ധ അന്തോണീസിന്റെ ഊട്ടുതിരുനാൾ

ജൂൺ 5 ചൊവ്വ
രാവിലെ 10.30ന്
കൊടികയറ്റം

2018 ജൂൺ 12 ചൊവ്വ

ജൂൺ 10 ഞായർ തിരുഹൃദയ തിരുനാൾ

തിരുനാൾ ദിനങ്ങളിലെ അനുഗ്രഹീത സാന്നിധ്യം

ആർച്ചുബിഷപ് ഡോ. ഫ്രാൻസിസ് കല്ലറക്കൽ
ആർച്ചുബിഷപ് എമിരിത്തുസ് ലൊപ്പാ

ആർച്ചുബിഷപ് മാർ അപ്രേം
(കർദ്ദിനാൾ ഇലക്ട്)

ബിഷപ് ഡോ. ജോസഫ് കാരിക്കശ്ശേരി
(കോട്ടയം രൂപത)

ബിഷപ് മാർ ജോസഫ് നീലങ്കാവിൽ
(തൃശ്ശൂർ സഹായ രൂപത)

ബിഷപ് ഡോ. വർഗ്ഗീസ് ചക്കാലക്കൽ
(പോർക്കലാട് രൂപത)

ബിഷപ് ഡോ. ജയിംസ് ആനാപറമ്പിൽ
(ആലുവ സഹായ രൂപത)

ബിഷപ് ഡോ. അലോഷ്യസ് ജോൺ പിച്ചിങ്ങാൻ
(തൃശ്ശൂർ അതിരൂപത)

ചൊവ്വാഴ്ചകളിൽ രാവിലെ 6.30നും 8.30നും 10.30നും വൈകിട്ട് 3.00നും 4.30നും 7നും (ഇംഗ്ലീഷ്)

ദിവ്യബലി, നൊവേന, ആരാധന

വികാരി: ഫാ. റോക്കി റോബി കളത്തിൽ

SACRED HEART LATIN CHURCH (Shrine of St. Antony) (Diocese of Kottapuram)

THRISSUR - 680 001, Ph. 0487 - 2422655, 2421582
Email: latinsacredvoice@gmail.com, Web: www.thrissurlatinchurch.org

Total Page 44 Pub. Date : 01.06.2018
RNI Registered NO. 36056/81 REG NO. KL/TV(S)266/2018-2020. WPP NO. KL/TV(S)WPP/171/2018-2020 JEEVANUM VELICHAVUM Rs. 25.00

MARIAN ENGINEERING COLLEGE

Kazhakuttom, Trivandrum
(Since 2001)
Approved by AICTE & Affiliated to KTU
ISO 9001: 2015 Certified
Nurturing a Habit of Excellence

College Code MCE

Record Campus Placements
102 Students Placed in 2017

Attractive SCHOLARSHIPS

B.TECH

Electronics & Communication Engineering	– 60 seats
Mechanical Engineering	– 120 seats
Civil Engineering	– 120 seats
Computer Science & Engineering	– 90 seats
Electrical & Electronics Engineering	– 60 seats

M.TECH

Signal Processing	– 24 seats
Computer Science & Engineering	– 24 seats
Geotechnical Engineering	– 24 seats

www.marian.ac.in
B.Tech Admission: +91 8281377111, 9188447588, 9745654336

M.CAP MARIAN COLLEGE OF ARCHITECTURE & PLANNING

Kazhakuttom, Trivandrum
Approved by COA & Recognised by CUSAT

COLLEGE CODE MCR
B.Arch 80 seats

PRINCIPAL
Ar. Prof. Baby K Paul
Former HOD, CET, Former Professor, Manipal University

PROFESSOR
Ar. Mariamma Varghese
Former Regional Director DTE
Former HOD, CET

PROFESSOR
Ar.Binu Mangal
Former Senior Joint Director DTE, Former HOD, CET

PROFESSOR
Ar.Prof
C.V. Dileepkumar
Former Chief Architect Govt. of Kerala

www.mariancap.com
For Admission : 9495707555, 8281388111, 9447241014, 9745654336

A Trivandrum Latin Archdiocesan Institution

Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at St.Joseph's Press, Tvm 0471-2327671, for Jeevajyothi Offset Press, Vellayambalam, TVM - 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam-695003. Editor : Fr. Thomas J. Netto